# THE KERALA KAUMUDI

EDITOR : C. V. KUNJURAMAN

LIBERTY EQUALITY FRATERNITY

TRUTH REASON RIGHT

കൗമുദി തൂലികാചിത്രപംക്തി

ഈ. വി. യുടെ

## "സെൻറുപെട്ടി"

തിരുവിതാംകൂറിലെ ഉദ്യോഗസ്ഥപ്രമാണികളേയും അനുദ്യോഗസ്ഥനേതാക്കന്മാരേയും പ്രത്യേകമായി അറിവുള്ള ഈ. വി. സ്വാനുഭവങ്ങൾ അടിസ്ഥാനമാക്കി ഓരോരുത്തരെ പററി എഴുതുന്ന അത്യന്തം രസകരങ്ങളായ പ്രബന്ധങ്ങൾ ഈ പംക്തിയിൽ വരുന്നതാണ്. അടുത്തയാഴ്ചയിലെ കൗമുദിയിൽ ഈ. വി. യുടെ തൂലികയ്ക്കു വിധേയമാകുന്നതു് കുറഞ്ഞൊരുകാലമായി തിരുവിതാംകൂറുകാരുടെ ശ്രദ്ധയിൽ ബലാൽക്കാരമായി പ്രവേശിച്ചുകൊണ്ടിരിക്കുന്ന "സെൻറുപെട്ടി" യാണ്. ഈ പെട്ടി തുറക്കുമ്പോൾ പുറപ്പെടുന്ന സുഗന്ധം ആസ്വദിക്കണമെന്നുള്ളവർ

**അടുത്തലക്കം കേരളകൗമുദി നോക്കുക**

0087



VOL. 28
No. 9

ONE ANNA

PUBLISHED EVERY SUNDAY

# ചിരിയും ചിന്തയും

അഞ്ചൽമാസ്റ്ററർ—ഈ എഴുത്തിനു തൂക്കം കൂടുതലാണ്. ഒരു സ്ററാമ്പുകൂടി ഒട്ടണം.

നാട്ടുംപുറത്തുകാരൻ—സാറെ, ഒരു സ്ററാമ്പുകൂടി ഒട്ടിയാൽ തൂക്കം കൂടുകയല്ലേയുള്ളൂ.

* * *

ഇന്നത്തെ യുവാക്കന്മാരെപ്പററിയായിരുന്നു അവരുടെ സംഭാഷണ വിഷയം. അവരിൽ ഒരാൾ ഇങ്ങനെ തുടന്നു: നോക്കണം, ഇന്നത്തെ യുവാക്കന്മാർ വിവാഹംകഴിക്കാൻ ഭയപ്പെടുന്നു. ഞാൻ നോക്കിയിട്ട് അതിന്ന് ഒരു കാരണവുമില്ല. എൻെറ അനുഭവം പറയുകയാണെങ്കിൽ ഞാൻ വിവാഹം കഴിക്കുന്നതിനു മുൻപു ഭയമെന്നതെന്തെന്നുപോലും എനിക്കറിഞ്ഞുകൂടായിരുന്നു.

* * *

ഒന്നാമൻ—ഈ മദ്യപാനികളുടെ കാര്യമൊന്നും പറയാനില്ല. മുമ്പൊരിക്കൽ യൂറോപ്പിലോ മററൊ ഒരാൾ ഭാര്യയെ വിററുപോലും മദ്യപിച്ചു.

രണ്ടാമൻ—നേരോ! എന്നിട്ട്!

ഒന്നാമൻ—എന്നിട്ടോ! ഇപ്പോൾ അയാൾക്കു ഭാര്യയെ തിര്യെ കിട്ടിയാൽ കൊള്ളാമെന്നായിട്ടുണ്ട്.

രണ്ടാമൻ—അന്നോ അയാൾക്കു പശ്ചാത്താപം ഉണ്ടായോ?

ഒന്നാമൻ-പശ്ചാത്താപമോ! കൊള്ളാം. അയാൾക്കു വീണ്ടും കുടിക്കണം.

* * *

ഡാക്കർ—നിങ്ങളുടെ ഈ ജലദോഷം നില്ക്കണമെങ്കിൽ രണ്ടു ദിവസത്തേയ്ക്കു കടുംകാപ്പി മാത്രമേ കഴിക്കാവൂ.

രോഗി—ആഹാരത്തിനു മുൻപോ പിമ്പോ?.

* * *

ഭാര്യ—ഈ കഴുതക്കുട്ടിയെ എവിടെ നിന്നുകിട്ടി?

ഭത്താവ്—ഇതിനെ ചന്തയിൽ നിന്നു ലേലത്തിൽ പിടിച്ചതാണ്.

ഭാര്യ—ഓഹോ അതു ഞാനറിഞ്ഞിരുന്നില്ലല്ലോ. അല്ലെങ്കിൽ ഇതിനെത്രയോ മുമ്പേ നിങ്ങളെ അയയ്ക്കുമായിരുന്നു.

* * *

യജമാനൻ—(അദ്ധരാത്രിയ്ക്കു ശേഷം ഭൃത്യനെ വിളിച്ചുണത്തിയിട്ട്) എടാ വേലൂ; നിലാവ് ഉദിച്ചോ എന്നു നോക്ക്.

ഭൃത്യൻ—(വെളിയിൽ ഇറങ്ങി നോക്കിയിട്ട്) ഇല്ല. വെളിയിൽനോക്കിയിട്ടു എല്ലാം ഇരുട്ട്. ഒന്നും കാണാൻ വയ്യ.

യജമാനൻ—എടാ കഴുതേ അാ വിളക്കെടുത്തു കൊണ്ടുപോയി നോക്ക്.

* * *

അമേരിക്കയിലെ പ്രസിഡൻറായിരുന്ന എബ്രഹാം ലിങ്കൺ ഒരിക്കൽ അദ്ദേഹത്തിൻെറ ചെരിപ്പു തന്നത്താൻ തുടയ്ക്കുന്നതുകണ്ടു ഒരു ഇംഗ്ലീഷുകാരൻ—ഇംഗ്ലീഷുകാർ തങ്ങളുടെ ചെരുപ്പു തുടയ്ക്കുകയില്ല.

ലിങ്കൺ—പിന്നെ ആരുടെ ചെരിപ്പാണ് അവർ തുടയ്ക്കുന്നത്?

* * *

ഭത്താവ്—ഞാൻ 5000 രൂപയ്ക്കു ഇൻഷുർ ചെയ്തിരിക്കയാണ്. അതുകൊണ്ടു ഇനി എന്തെങ്കിലും വന്നു പോയാലും നീ വിഷമിക്കാനില്ല.

ഭാര്യ—എന്തായാലും അതു ബുദ്ധിപൂർവം തന്നെ. അപ്പോൾ ഇനിവല്ല ജലദോഷമോ പനിയോ വന്നാൽ എപ്പോഴും ഡാക്കരെ കാണേണ്ട ആവശ്യമില്ലല്ലോ.

* * *

നഴ്സ്—(ഭ്രാന്താശുപത്രിയിലെ ഡാക്കരോട്) വെളിയിൽ വന്നു ഒരാൾ ചോദിക്കുന്നു നമ്മുടെ രോഗികളെല്ലാം ഇവിടെത്തന്നെയുണ്ടോ എന്ന്.

ഡാക്കർ—ഉം. എന്താ സംഗതി?

നഴ്സ്—അയാൾ പറയുന്നു അയാളുടെ ഭാര്യയെ രണ്ടു ദിവസമായി കാണാനില്ലെന്ന്.

—:—

## ഫലിതത്തിനു സമ്മാനം

ചിരിക്കും ചിന്തയ്ക്കും പററിയ വിനോദങ്ങൾ എഴുതി അയച്ചു തരുന്നവക്കു യഥായോഗ്യം സമ്മാനം നൽകുന്നതായിരിക്കും.

## വിശേഷവൃത്താന്തങ്ങൾ

മൊറോക്കോ സുൽത്താനായിരുന്ന് 1727-ൽ മരിച്ച മലേഇസ്മയിലിന് 888 സന്താനങ്ങളുണ്ടായിരുന്നു; 548 ആൺകുട്ടികൾ, 340 പെൺകുട്ടികൾ. ഈജിപ്റ്റിലെ റമേശ് ദ്വിതീയൻ എന്ന പ്രസിദ്ധനായ ഫറവൊരാജാവ് 162 കുട്ടികളുടെ അച്ഛനായിരുന്നു. 1910-ൽ മരിച്ച രാമപഞ്ചമൻ എന്ന സയാം രാജാവിന് 3000 ഭാര്യമാരും 370 സന്താനങ്ങളുമുണ്ടായിരുന്നു.

* * *

1916-ൽ മരിച്ച മിസിസ് ബർനാർഡ് ഷെയിൻ ബർഗ് എന്ന ജമ്മൻകാരി 27 തവണകളിലായി 69 കുട്ടികളെ പ്രസവിക്കുകയുണ്ടായി. 4 പ്രാവശ്യം 4 കുട്ടികളെയും 7 പ്രാവശ്യം 3 കുട്ടികളേയും 16 പ്രാവശ്യം 2 കുട്ടികളേയും വീതമാണ് അവൾ പ്രസവിച്ചത്. അവരുടെ മരണശേഷം ഭത്താവ് വീണ്ടും വിവാഹം കഴിക്കുകയും അതിൽ 18 സന്താനങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ 87 സന്താനങ്ങളുടെ അച്ഛനായ മി: ഷെയിൻബർഗിന് ഇപ്പോൾ 80 വയസ്സ് പ്രായമുണ്ട്. രണ്ടാം ഭാര്യയും 67 കുട്ടികളും ജീവിച്ചിരിക്കയും ചെയ്യുന്നു.

* * *

ജൂഗൊസ്ലാവിയാക്കാരനായ മാത്യു ബാവോർ എന്നയാളിൻെറ ഭാര്യ കഴിഞ്ഞ മുപ്പതുകൊല്ലമായി ആണ്ടുതോറും പ്രസവിച്ചുവരുന്നു. കുട്ടികൾ അത്രയും ജീവിച്ചിരിക്കയും ചെയ്യുന്നു. ഇവരിൽ ഇരുപതുപേരുടെ വിവാഹവും കഴിഞ്ഞിട്ടുണ്ട്.

* * *

ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന മിസിസ് മാൽ ദേമോറെ എന്ന ഫ്രഞ്ചുകാരി വിവാഹം കഴിഞ്ഞു ആദ്യത്തെ കൊല്ലം ഒരു കുട്ടിയേയും രണ്ടാമത്തെ കൊല്ലം രണ്ടുകുട്ടികളേയും മൂന്നാമത്തെകൊല്ലം മൂന്നു കുട്ടികളേയും നാലാമത്തെകൊല്ലം നാലുകുട്ടികളേയും അഞ്ചാമത്തെകൊല്ലം അഞ്ചുകുട്ടികളേയും ആറാമത്തെകൊല്ലം ആറുകുട്ടികളേയും ഇങ്ങനെആറുകൊല്ലംകൊണ്ടു 21 കുട്ടികളെ പ്രസവിക്കുകയുണ്ടായി. ആറാമത്തെ പ്രസവത്തിനു മാത്രമെ ഒരു ഡാക്കരുടെ സഹായം വേണ്ടിവന്നൊള്ളൂ.

———

# കേരളകൗമുദി

പുസ്തകം 28 | 1937 ഫെബ്രുവരി 28 തിരുവനന്തപുരം 1112 കുംഭം 17 | ലക്കം 9


## ബ്രിട്ടീഷ് ഇൻഡ്യയിലെ തെരഞ്ഞെടുപ്പ് വിശേഷങ്ങൾ

പുതിയ ഇൻഡ്യാഭരണ പരിഷ്കാരമനുസരിച്ച് അടുത്ത ഏപ്രിൽമാസാരംഭത്തോടുകൂടി നടപ്പിൽവരുന്ന നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പു ഇപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയിൽ എല്ലായിടത്തും നടന്നുകഴിഞ്ഞിരിക്കയാണല്ലൊ. ഈ തെരഞ്ഞെടുപ്പ് സംബന്ധിച്ചുണ്ടായ ചില വിശേഷവിവരങ്ങൾ അറിയുന്നത് ഒരു തെരഞ്ഞെടുപ്പിനു സന്നാഹം കൂട്ടിവരുന്ന തിരുവിതാംകൂർകാർക്കു രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

* * *

പഞ്ചാബിൽ ഒരു സ്ഥാനാർത്ഥിക്കു തന്റെ നിയോജകമണ്ഡലത്തിൽ കാറിൽ കയറി ഒരുപ്രാവശ്യം ചുററിയടിക്കുന്നതിനു 14000 മൈൽ സഞ്ചരിക്കേണ്ടിവന്നു.

* * *

കാൺഗ്രസ് പ്രസിഡണ്ട് പണ്ഡിത ജവഹരിലാൽ നെഹറു പ്രചരണവേലയ്ക്കു കൊടുങ്കാററുപോലെയാണ് ഇൻഡ്യയുടെ നാനാഭാഗങ്ങളിലും സഞ്ചരിക്കയുണ്ടായത്. മോട്ടോർകാർ, മോട്ടോർ ബോട്ട്, ഫെറിസ്ററീമർ, വള്ളം, തീവണ്ടി, സ്പെഷ്യൽട്രെയിൻ, വിമാനം മുതലായ വാഹനങ്ങളിലും കുതിരപ്പുറത്തും ആനപ്പുറത്തും ഒട്ടകപ്പുറത്തും എന്നുവേണ്ട ആംബുലൻസ്കാർ ഒഴിച്ചുള്ള സകല വാഹനങ്ങളിലും ഈ പര്യടനത്തിനിടയിൽ അദ്ദേഹം സഞ്ചരിച്ചുകഴിഞ്ഞിരിക്കുന്നു.

* * *

രണ്ടു സ്ഥാനാർത്ഥികൾ ഇടവിടാതെ പ്രസംഗംചെയ്തുകൊണ്ട് ഒരാഴ്ചക്കുള്ളിൽ 2000 മൈൽ സഞ്ചരിക്കുകയുണ്ടായി.

* * *

മിസിസ് സരോജിനിനായഡു രണ്ടാഴ്ചവട്ടം ദിവസേന 300 മൈൽ സഞ്ചരിക്കുകയും ഏഴു പ്രസംഗംവീതം ചെയ്യുകയും ചെയ്തു.

* * *

തെരഞ്ഞെടുപ്പു സംബന്ധിച്ച് ഇതേവരെ നാലുപേർ നിരാഹാരവ്രതം അനുഷ്ഠിക്കുകയുണ്ടായിട്ടുണ്ട്. അതിൽ ഒരു സ്ത്രീ അതിനു തുനിഞ്ഞതു് അവരെ കാൺഗ്രസ്കാർ സ്ഥാനാർത്ഥിയായി നിറുത്താഞ്ഞതുകൊണ്ടാണ്. രണ്ടാമത്തെയാളുടെ പട്ടിണിക്കു ഹേതു അയാളുടെ എതിർസ്ഥാനാർത്ഥി പിൻമാറായ്കയാണ്. മൂന്നാമത്തെയാളാകട്ടെ, അയാളുടെ വാളൻറീയർമാരുടെ കുസൃതിത്തരങ്ങൾ നിറുത്തുന്നതിനായിട്ട് പട്ടിണികിടന്നു. വോട്ടർമാരെ ആകർഷിക്കാൻ മറെറാരു മാർഗ്ഗവും കാണായ്കയാണ് നാലാമത്തെയാളെ നിരാഹാരവ്രതത്തിനു പ്രേരിപ്പിച്ചതു്.

* * *

സിൻഡിൽ ഒരു സ്ഥാനാർത്ഥി വോട്ടുപിടിക്കാൻ നടന്നതു് "എനിക്കു വോട്ടുചെയ്യുക; അല്ലെങ്കിൽ ഞാൻ ചത്തുകളയും" എന്നൊരു ബോർഡ് എഴുതി പുറത്തുവച്ചുകെട്ടിക്കൊണ്ടാണ്.

* * *

ഒരു ഏജൻറ് തന്റെ സ്ഥാനാർത്ഥിയെപ്പററി ഒരു യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കവെ, ആ സ്ഥാനാർത്ഥിയെ സംബന്ധിച്ചുള്ള തന്റെ പ്രസ്താവങ്ങളുടെ യാഥാർത്ഥ്യത്തിനു തെളിവായി പോക്കററിൽനിന്നു ഒരു കത്തിയെടുത്തു് കൈകുത്തിക്കീറി രക്തംകാണിച്ചുകൊടുത്തു.

* * *


ഗവമ്മെണ്ടുചട്ടങ്ങൾക്കു എതിരായി തെരഞ്ഞെടുപ്പു മത്സരങ്ങളിൽ ഇടപെട്ട കാരണത്താൽ ഇതേവരെ 50 ഉദ്യോഗസ്ഥന്മാരെ പിഴയിട്ടും തരംതാഴ്ത്തിയും ശിക്ഷിച്ചുകഴിഞ്ഞിരിക്കുന്നു.

* * *

ഒരു സ്ഥാനാർത്ഥി തന്റെ എതിർകക്ഷിയുടെ ഒരു തെരഞ്ഞെടുപ്പുയോഗം താറുമാറാക്കുവാൻവേണ്ടി ആനയെ കൊണ്ടുചെന്നു ഇളക്കിവിടുകയുണ്ടായി.

* * *

വോട്ടുചെയ്വാൻ പോളിങ്ങ് സ്റേറഷനിൽ ചെന്ന ഒരാൾ ആർക്കു വോട്ടു



ഗാസി മുസ്തഫാ കെമാൽപാഷാ
ടർക്കിയിലെ പ്രസിഡണ്ട്

ബഹുഭാര്യാത്വം, സ്ത്രീകളുടെ അടിമത്വം, ഘോഷാസമ്പ്രദായം ഇവയെ നിയമംമൂലം നിരോധിച്ച് വിപ്ലവകരങ്ങളായ പല പരിഷ്കാരങ്ങളും അസ്വാസ്ഥതയ്ക്കിടവരുത്താതെ നടപ്പാക്കി, ലോകശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന കെമാൽപാഷായ്ക്കു ഇപ്പോൾ 56 വയസ്സുണ്ട്.

ചെയ്യണമെന്നു നിശ്ചയമില്ലാതെ ശങ്കിച്ചു നില്ക്കുന്നതുകണ്ട്, രണ്ടു സ്ഥാനാർത്ഥികളുടേയും ഏജൻറന്മാർ അടുത്തുകൂടി അയാളെ പിടിക്കയും വലിക്കയും ചെയ്യതിൻെറ ഫലമായി വലിയൊരിടികലശൽ നടക്കുകയും തന്മൂലം വോട്ടിങ്ങ് നിറുത്തിവയ്ക്കുകയും ചെയ്തു.

* * *

കാൺഗ്രസ് സ്ഥാനാർത്ഥികൾ വിജയികളായ നിയോജകമണ്ഡലങ്ങളിൽ അവക്കു എതിരായിനിന്നവരിൽ 50 ശതമാനംപേരുടേയും കെട്ടിവച്ച തുകകൾ പോലും നഷ്ടപ്പെടുകയുണ്ടായി.

* * *

ബങ്കാളിൽ ഒരു കാൺഗ്രസ് സ്ഥാനാർത്ഥിക്കു 70000 വോട്ടുകൾ ലഭിച്ചു. അയാളുടെ എതിരാളികളിൽ ഒരാൾക്കു ഒരു ഒററ വോട്ടുപോലും കിട്ടുകയുണ്ടായില്ല.

* * *

ഒരിടത്തു് ഒരു കാൺഗ്രസ്കാരിയും ഒരു ഹിന്ദുമഹാസഭക്കാരിയും തമ്മിലായിരുന്നു മത്സരം. മത്സരംവർദ്ധിച്ചു് ഒരു പോളിങ്ങ് സ്റേറഷനിൽവച്ചു ഇരുഭാഗത്തേയും സ്ത്രീ വോട്ടർമാർതമ്മിൽ കലശലായ ഒരു അടിപിടി നടന്നു.

* * *

പഞ്ചാബിൽ ഒരു പോളിങ്ങ് സ്റേറഷനിൽ വോട്ടുചെയ്യാൻ ചെന്ന ഒരാൾക്കു 102 വയസ്സു് പ്രായമുണ്ട്. 71 വയസ്സുള്ള പുത്രനും 52 വയസ്സുള്ള പൌത്രനും 31 വയസ്സുള്ള പ്രപൌത്രനും 12 വയസ്സുള്ള പ്രപൌത്രിയും ഒരുമിച്ചാണ് അയാൾ വോട്ടുചെയ്യാൻചെന്നതു്. പെൺകുട്ടിക്കുമാത്രമേ വോട്ടില്ലായിരുന്നുള്ളു.

* * *

എവിടെചെന്നു് ആർക്കു എങ്ങനെ വോട്ടുചെയ്യണമെന്നറിയാതെ വിഷമിച്ചുകൊണ്ടിരുന്ന ഒരുസ്ത്രീ വഴിയെ പൊയ്ക്കൊണ്ടിരുന്ന ഒരാളെ തടഞ്ഞുനിറുത്തി വിവരങ്ങൾ വിസ്തരിച്ചുചോദിച്ചു. അയാൾ തനിക്കു അറിയാവുന്നിടത്തോളം വിവരങ്ങൾ വിസ്തരിച്ചു ആ സ്ത്രീയെ മനസ്സിലാക്കിയശേഷം തൻെറ വഴിക്കുപോയി. കുറെ കഴിഞ്ഞപ്പോൾ ആ സ്ത്രീ പുറകെ ചെന്നു് "നിങ്ങളുടെ വോട്ടുപെട്ടി എവിടെയാണ്. എൻെറവോട്ട് നിങ്ങൾക്കുതന്നെ. നിങ്ങൾ എനിക്കുചെയ്ത ഉപകാരത്തിന് ഞാൻ നിങ്ങൾക്കുതന്നെ വോട്ടുചെയ്യും" എന്നു പറയുകയുണ്ടായി.

* * *

ബങ്കാൾ സംസ്ഥാനത്തെ വോട്ടർമാരുടെ ലിസ്ററ് അച്ചടിക്കുന്നതിന് 400 ടൺ കടലാസ് വേണ്ടിവന്നു.

* * *

വോട്ടവകാശമില്ലാതെ വോട്ടുചെയ്യുതിന് പലസ്ഥലങ്ങളിലായി ഇതേവരെ 100 പേരെ ലാക്കപ്പിലാക്കിയിട്ടുണ്ട്.

* * *

ഒരു പോളിങ്ങ് സ്റേറഷനിൽ കയറിചെന്ന 75 വയസ്സ് പ്രായമുള്ള ഒരാളോടു ആർക്കാണ് വോട്ടുചെയ്യുന്നതെന്നു ചോദിച്ചപ്പോൾ തൻെറ മകൻ സുഖക്കേടായികിടക്കയാണെന്നും അവന് വരാൻ നിവൃത്തിയില്ലായ്കകൊണ്ട് അവൻെറ വോട്ടുചെയ്യാനാണ് താൻ വന്നിരിക്കുന്നതെന്നും അയാൾ മറുപടി പറഞ്ഞു. അങ്ങനെ വോട്ടുചെയ്യാൻ പാടില്ലെന്നുപറഞ്ഞിട്ടു കിഴവൻ സമ്മതിക്കാതെ ഏറെനേരം തക്കിക്കുകയുമുണ്ടായി.

* * *

ഐക്യസംസ്ഥാനത്തിൻെറ വിസ്തീർണ്ണത 106248 ചതുരശ്രമൈലാണ്. അവിടെ 55 ലക്ഷം വോട്ടർമാരും 2405 പോളിങ്ങ് സ്റേറഷനും 1000 പോളിങ്ങ് ആഫീസർമാരും ഉണ്ടായിരുന്നു. അവിടത്തെ ഗവമ്മെണ്ടിന് ഈ തെരഞ്ഞെടുപ്പുസംബന്ധിച്ചു് ഉദ്ദേശം 10 ലക്ഷം രൂപ ചെലവുവരുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

* * *

ബീഹാർ സംസ്ഥാനത്തു് ആകെയുള്ള വോട്ടർമാർ 22½ ലക്ഷമാണ്. 600 പോളിങ്ങ്സ്റേറഷനമുണ്ട്.

* * *

ഉത്തരഇൻഡ്യയിൽ പലയിടത്തും അനേകായിരംപേർ പത്തും പതിനഞ്ചുമൈൽദൂരം നടന്നുചെന്നാണ് വോട്ടുചെയ്തതു്.

* * *

ഒരു സ്ഥാനാർത്ഥി പ്രചരണവേലയ്ക്കായി 160 മൈൽ നടക്കുകയും 60 വില്ലേജുകളിൽ പ്രസംഗിക്കയുംചെയ്തു.

* * *

മൂന്നു സീററുള്ള ഒരു നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥികളിൽ രണ്ടുപേർ ഭർത്താവും ഭാര്യയുമായിരുന്നു.

* * *

ഒരു നിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥികൾ അച്ഛനും മകനുമായിരുന്നു. മകൻതന്നെ വിജയിയാവുകയും ചെയ്തു. മറെറാരു നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാർത്ഥിയെ എതിർത്തതു് അയാളുടെ മകളുടെ ഭർത്താവായിരു


# കയിലോൺ ബാങ്ക്, ക്ലിപ്തം

(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തതു്)

| | | |
|---|---|---|
| അധികൃതവും വാഗ്ദത്തം ചെയ്തതും ആയ മൂലധനം | രൂപ | 25,00,000 |
| പിരിഞ്ഞ മൂലധനവും കരുതൽ ധനവും | ,, | 13,00,000 |
| പ്രവർത്തന മൂലധനം | ,, | 130,00,000 |

## എല്ലാവിധബാങ്കിങ്ങ് പ്രവൃത്തനങ്ങളും നടത്തിവരുന്നു

സേവിങ്ങ്സ്, കറൻറ്, സ്ഥിരം, ക്യാഷ്സർട്ടിഫിക്കേററ് ഈ ഇനങ്ങളിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

തക്കതായ ഈടിന്മേൽ കുറഞ്ഞ പലിശയ്ക്കു വായ്പ കൊടുക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് കൊല്ലം ഹെഡാഫീസിലൊ, താഴെ കാണുന്ന ബ്രാഞ്ചാഫീസുകളിലൊ അന്വേഷിക്കുക

| | | | |
|---|---|---|---|
| ആലപ്പുഴ | എറണാകുളം | മദ്രാസ് | തെങ്കാശി |
| ആലുവാ | ഈറോഡ് | മധുര | തിരുനൽവേലി JN. |
| ബാംഗ്ളൂർ(Cantt) | ഹൈദ്രബാദ് Dn. | മൌണ്ട്റോഡ് | തിരുനൽവേലി TN. |
| ബാംഗ്ളൂർ (City) | ജാഫ്നാ | മൈസൂർ | തൃശിനാപ്പള്ളി |
| ചിറയിൻകീഴ് | കാൻഡി | നാഗർകോവിൽ | തിരുവനന്തപുരം |
| കൊച്ചി | കാരക്കുടി | റോയപേട്ട | തൂത്തുക്കുടി |
| കോയമ്പത്തൂർ | കായംകുളം | സെക്കണ്ടറബാദ് | വെല്ലൂർ |
| കുന്നൂർ | കോട്ടയം | ചേർത്തല | രാജപാളയം |
| | കൽക്കട്ടാ | | |

ന്നു. ഇവിടെയും ജയിച്ചതു് മരുമകൻ തന്നെ.

* * *

വോട്ടർമാരിൽ ബഹുഭൂരിപക്ഷം വിദ്യാഭ്യാസമില്ലാത്തവരായതുകൊണ്ട് ഇത്തവണത്തെ തെരഞ്ഞെടുപ്പിന് ഓരോ സ്ഥാനാർത്ഥിയുടേയും ബാലററ്പെട്ടികൾക്കു ഓരോ നിറമാണ് കൊടുത്തിരിക്കുന്നതു്. ഇതുകൊണ്ടും വലിയ ഫലമുണ്ടായില്ലെന്നു പറയപ്പെടുന്നു. പരാജിതനായ ഒരു സ്ഥാനാർത്ഥി തെരഞ്ഞെടുപ്പു അസ്ഥിരപ്പെടുത്തുന്നതിനു കൊടുത്തിരിക്കുന്ന ഹർജ്ജിയിൽ പറഞ്ഞിരിക്കുന്ന കാരണം തന്റെ നിയോജകമണ്ഡലത്തിലെ ബഹുഭൂരിപക്ഷം വോട്ടർമാർക്കും നീലനിറവും പച്ചനിറവും തമ്മിൽ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നാണ്. ആ നിയോജകമണ്ഡലത്തിലെ വോട്ടുപെട്ടികളുടെ നിറം നീലയും പച്ചയുമായിരുന്നു.

* * *

വിശാഖപട്ടണത്തിനു സമീപം പാർവ്വതീപുരം ഗ്രാമത്തിൽ വോട്ടിങ്ങ് നടന്നുകൊണ്ടിരിക്കുമ്പോൾ പോളിങ്ങ് ബൂത്തു് ഒരു ചുഴലിക്കാററു അടിച്ചുപറത്തിക്കൊണ്ടു പൊയ്ക്കളഞ്ഞു.

* * *

ഒരു നിയോജകമണ്ഡലത്തിൽ രണ്ടു സ്ഥാനാർത്ഥികൾ തമ്മിലുള്ള മത്സരം വർദ്ധിച്ച് ഒരു സ്ഥാനാർത്ഥിയുടെ കക്ഷിക്കാർ എതിർ സ്ഥാനാർത്ഥിയുടെ ഭാര്യയെ വധിക്കുകയുണ്ടായി. ഈ അത്യാപത്തു് നേരിട്ടിട്ടും ആ സ്ഥാനാർത്ഥി പിൻമാറാതെനിന്ന് മത്സരിക്കുകയും ഒരു മഹാഭൂരിപക്ഷത്തോടെ തെരഞ്ഞെടുപ്പിൽ വിജയിയാകുകയും ചെയ്തു.

* * *

ഒരു കാൺഗ്രസ് സ്ഥാനാർത്ഥിയും ഒരു ജസ്ററിസ്പാർട്ടി സ്ഥാനാർത്ഥിയുംനിന്നു മത്സരിക്കവെ വോട്ടിങ്ങിന്റെ തലേരാത്രി ജസ്റ്റിസ്പാർട്ടിയിൽപെട്ടവർ കാൺഗ്രസ് സ്ഥാനാർത്ഥിയെ കഠിനമായ ദേഹോപദ്രവംചെയ്തു. അടുത്തദിവസം വോട്ടിങ്ങ് ആരംഭിച്ച് കുറെ കഴിഞ്ഞു് സുഖക്കേടു പിടിപെട്ടുകിടന്നിരുന്ന ജസ്റ്റിസ്പാർട്ടി സ്ഥാനാർത്ഥി മരിക്കുകയും അങ്ങനെ കാൺഗ്രസ്സ്ഥാനാർത്ഥി വിജയിയാകുകയും ഉണ്ടായി.

* * *



രാജശ്രീ എ. സി. എം. അന്ത്രപ്പേർ

ജനറൽ ആൻഡ്റു പെരയിര എന്ന പോർത്തുഗീസ് സർവ്വസൈന്യാധിപന്റെ വംശജരിൽ പ്രധാനിയും ചേർത്തലയിലെ ചരിത്ര പ്രസിദ്ധമായ അരംഗംപറമ്പ് കുടുംബത്തിലെ തലവനും വ്യവസായ പ്രവർത്തകൻ, കർഷകൻ, സമുദായ സേവകൻ, രാജ്യകാര്യ പ്രസക്തൻ, മികച്ച ധനികൻ സർവ്വോപരി ഒരു മഹാ ധർമ്മിഷ്ഠൻ എന്നീ വിവിധ നിലകളിൽ തിരുവിതാംകൂറിലെ വിവിധ സമുദായങ്ങൾക്കും ഒരുപോലെ പരിചിതനും സമ്മതനുമായിരിക്കുന്ന ഒരു ദേഹമാണ് മി. അന്ത്രപ്പേർ. അവശസമുദായങ്ങൾക്കു പ്രത്യേകിച്ചും ഇദ്ദേഹത്തിൽ നിന്ന് ലഭിച്ചുപോരുന്ന സഹായങ്ങൾ അവർണ്ണനീയങ്ങളാണ്. അടുത്ത നിയമസഭാതിരഞ്ഞെടുപ്പിന് മി: അന്ത്രപ്പേർ അമ്പലപ്പുഴ-ചേർത്തല നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാർത്ഥിയായി നില്ക്കുന്നു. മഹാരാജാവു തിരുമനസ്സിലെ പ്രതിമ സ്ഥാപിക്കുവാൻ ആരംഭിച്ചിട്ടുള്ള ഫണ്ടിലേക്കു ഇദ്ദേഹം ഈയിടെ 1112 രൂപ സംഭാവനചെയ്കയുണ്ടായെന്നുള്ളതും പ്രസ്താവ്യമാണ്.

---

തെരഞ്ഞെടുപ്പു പ്രസംഗങ്ങൾക്കിടയിൽ രാജദ്രോഹപരമായ പ്രസ്താവനകൾ പുറപ്പെടുവിച്ചതിന് ഇതേവരെ എട്ടുപത്തുപേരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്. അവരിൽ ഒരാൾ മഹാത്മാഗാന്ധിയുടെകൂടെ കഴിഞ്ഞ മാസത്തിൽ തിരുവിതാംകൂർ സന്ദർശിച്ച രാജകുമാരി അമൃതകാവുരാണ്.

* * *

പ്രൊവിൻഷ്യൽ ഗവമ്മെണ്ടുകളിൽ മന്ത്രിമാരായും എക്സിക്യൂട്ടിവ് കൗൺസിൽ മെമ്പർമാരായും നിയമസമിതികളുടെ പ്രസിഡണ്ടന്മാരായും ഇരുന്നുകൊണ്ടു ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ സംബന്ധിച്ചവരിൽ അധികംപേരും പരാജിതരാവുകയാണുണ്ടായതു്.

* * *

മുൻ തെരഞ്ഞെടുപ്പുകളെ അപേക്ഷിച്ചു ഇത്തവണ കാർ, ലോറി അപകടങ്ങളും തന്മൂലമുള്ള മരണങ്ങളും വളരെ കൂടുതലായിരുന്നു.

—:—

## ക്ഷേത്രപ്രവേശന വിവരങ്ങൾ

—:—

എല്ലാജാതിക്കാർക്കും ക്ഷേത്രപ്രവേശനം അനുവദിച്ചതിൽ സവർണ്ണ ഹിന്ദുക്കളും ഐകകണ്ഠ്യേന ആഹ്ലാദം പുറപ്പെടുവിക്കുന്നുണ്ടല്ലൊ. നിഷ്കളങ്കമായ ആഹ്ലാദം ഉള്ളവർ അവരുടെകൂട്ടത്തിൽ പലരുമുണ്ട്. സങ്കടപ്പെടുന്നവരുടെ സംഖ്യയ്ക്കും കുറവൊട്ടുമില്ല.

ഈയിടെ ചെങ്ങന്നൂർ ക്ഷേത്രത്തിൽ പോകാതിരുന്ന ഒരു നായർഭവനത്തിൽ അഞ്ചുവയസ്സ് പ്രായമുള്ള ഒരു അധഃകൃതപ്രേതം ചെന്നു തുള്ളി. അവർ ക്ഷേത്രത്തിൽ ചെല്ലാതിരുന്നതുകൊണ്ട് ചെങ്ങന്നൂർ ഭഗവതി വളരെ കോപിച്ചിരിക്കുന്നതിനാൽ, പോകാതിരുന്നതിനു പ്രായശ്ചിത്തവും മേലാൽ പതിവായി ക്ഷേത്രദർശനവും നടത്തിക്കൊള്ളണമെന്നു ആജ്ഞയും കൊടുത്തു വീട്ടുകാരെ സമ്മതിപ്പിച്ചു ശപഥവുംചെയ്യിച്ചശേഷം മാത്രമേ പ്രേതം ആ കുട്ടിയുടെ ദേഹത്തു നിന്നു വിട്ടുമാറിയുള്ളൂ എന്നൊരു കഥ "മലയാളി"യിൽ കാണുന്നുണ്ടു. പ്രേതമായാൽ അധഃകൃതർക്ക് ആരുടെ ദേഹത്തും ചെന്നുകയറാമല്ലൊ.

ആററിങ്ങൽ ഒരു ബ്രാഹ്മണൻ വൈക്കത്തഷ്ടമിക്കു ഇരുപത്തഞ്ചുകൊല്ലം പതിവായി പൊയ്ക്കൊണ്ടിരുന്നു. ഇക്കൊല്ലം ക്ഷേത്രപ്രവേശനം അനുവദിച്ചതുകൊണ്ടു പോകുന്നില്ല എന്നു തീരുമാനിച്ചു മഠത്തിലിരുന്നു തന്നെ വൈക്കത്തപ്പനെ ഭജിക്കാമെന്നു തീർച്ചയാക്കി അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു വൃദ്ധബ്രാഹ്മണന്റെ വേഷത്തിൽ വൈക്കത്തപ്പൻ പ്രത്യക്ഷപ്പെട്ടു. ഈ ബ്രാഹ്മണൻ ശിവസ്തോത്രപരമായി ഒരു പുസ്തകം പ്രസിദ്ധം ചെയ്തതു് ചിലവാകാതെ കെട്ടുകെട്ടായി മഠത്തിൽ സൂക്ഷിച്ചിരുന്നു. പുസ്തകങ്ങളുമായി അഷ്ടമിക്ക് വൈയ്ക്കത്തെത്തിക്കൊള്ളണമെന്നു ആജ്ഞാപിച്ചുകൊണ്ടു വൈയ്ക്കത്തപ്പൻ അപ്രത്യക്ഷനായി. ബ്രാഹ്മണൻ പുസ്തകക്കെട്ടുമായി അഷ്ടമിക്കു വൈയ്ക്കത്തെത്തി. സകല പുസ്തകങ്ങളും ചിലവായി. പണവും മടിശ്ശീലയിലാക്കി ബ്രാഹ്മണൻ മടങ്ങി എന്നാണ് മറെറാരു കഥ.

ബ്രിട്ടീഷ് ഇൻഡ്യയുടെ നാനാഭാഗത്തും ചില സനാതനികൾ ഇപ്പോഴും

സങ്കടപ്പെട്ടുകൊണ്ട് പല പത്രങ്ങളിലും ലേഖനം എഴുതുന്നുണ്ട്. ഒരു സനാതനി ഈ ആഴ്ച "മദ്രാസ് മെയിൽ" പത്രത്തിൽ എഴുതിയ ഒരു ലേഖനം വളരെ രസാവഹമാണ്. ശ്രീ പത്മനാഭസ്വാമിക്ഷേത്രം തീ പിടിച്ചപ്പോൾ തീ കെടുത്താൻ നാനാജാതിക്കാരും ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ചു. അന്നുതന്നെ ഭഗവാൻ ബിംബത്തിൽ നിന്നു പുറത്തുചാടി എവിടെയോ പോയിരിക്കയാണ് ഇപ്പോൾ പത്മനാഭസ്വാമിക്ഷേത്രത്തിൽ ഭഗവാനില്ല; ബിംബമേയുള്ളു. അതിനാൽ എല്ലാ ജാതിക്കാരെയും ഇപ്പോൾ പ്രവേശിപ്പിച്ചതുകൊണ്ടു യാതൊരു തരക്കേടുമില്ല. ബ്രിട്ടീഷ് ഇൻഡ്യയിലെ ഭഗവാന്മാർക്കും ഭഗവതിമാർക്കും ഈ ആപത്തുവരാതെ സനാതനികൾ ഭദ്രമായി സൂക്ഷിച്ചുകൊള്ളണമെന്നാണ് ഈ സനാതനി എഴുതിയിരിക്കുന്നതു്. മുന്തിരിങ്ങാപ്പഴത്തിനു ചാടിയ കുറുക്കന്റെ തത്വജ്ഞാനം ഈ സനാതനിയുടെ ദർശനത്തിൽ നിന്നു വളരെ അകന്നതല്ല. രാജകല്പന ആയതുകൊണ്ട് തിരുവിതാംകൂറിലെ സനാതനികൾ ക്ഷോഭിക്കാതെ അടങ്ങിയിരിക്കയാണെന്നും അവരെല്ലാവരും ക്ഷേത്രങ്ങളെ ഇപ്പോഴത്തെ ബഹളമൊക്കെ കഴിയുമ്പോൾ സാവകാശമായി ബോയിക്കോട്ടു ചെയ്തു കൊള്ളുമെന്നും ഒരു സനാതനി പറഞ്ഞുകേട്ടു. സനാതനികളുടെ മണികിലുക്കും മന്ത്രവും മുദ്രകൈയും ശാപ്പാട്ടുംകൂടാതെ ഈ ക്ഷേത്രങ്ങളൊക്കെ ഇങ്ങു കിട്ടിയെങ്കിൽ എന്തൊരു വലിയ അനുഗ്രഹമായിരുന്നേനെ എന്നാണു അസനാതനികൾ ഇപ്പോൾ പ്രാർത്ഥിക്കുന്നതു്.

### ഇംഗ്ലീഷ് പഠിക്കാൻ പോയതിന്

# കല്ലെറിഞ്ഞിരുന്നകാലം

തിരുവിതാംകൂറിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെക്കുറിച്ചു "ടൈംസ് ഓഫ് ഇൻഡ്യ"യിൽ ചേർത്തിരുന്ന ചില വിവരങ്ങൾ താഴെ ചേർക്കുന്നു:—

മൺറോ സായ്പിന്റെ കാലത്ത് ജനങ്ങളെ നല്ല പൌരന്മാരാക്കി തീർക്കുവാനും അവരിൽനിന്നു സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുവാനും എല്ലാവരുടെയും ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുവാനുമുള്ള ചുമതല ഗവമ്മെൻറിൽനിന്നും ഏറെറടുത്തിരിക്കുന്നതായി ഒരു വിളംബരം ഉണ്ടായി. സ്വാതിതിരുനാൾ തിരുമനസ്സിലെ കാലത്താണു ആദ്യമായി ഇംഗ്ലീഷ്സ്കൂൾ തിരുവനന്തപുരത്തു സ്ഥാപിച്ചതു്. 1834-ൽ തിരുമനസ്സുകൊണ്ടു നാഗർകോവിലിലെഴുന്നള്ളി താമസിക്കുന്നതിനിടയിൽ എൽ. എം. എസ്. മിഷനറിമാർ നടത്തിയിരുന്ന ഒരു ഇംഗ്ലീഷ്സ്കൂൾ സന്ദർശിച്ചു. അതുപോലെ ഒരു സ്കൂൾ തിരുവനന്തപുരത്തു സ്ഥാപിക്കണമെന്നു അവിടത്തെ സ്കൂൾ നടത്തിക്കൊണ്ടിരുന്ന റാബർട്ട്സ്നോടു ആവശ്യപ്പെട്ടു. ബൈബിൾകൂടി ക്ലാസിൽ പഠിപ്പിക്കാൻ അനുവദിക്കുമെങ്കിൽ നടത്താമെന്നു സായ്പു സമ്മതിച്ചു. തിരുമനസ്സുകൊണ്ടു അതിനനുവദിച്ചു. പള്ളിക്കൂടം സ്ഥാപിച്ചു. വിദ്യാർത്ഥികളെ കിട്ടുവാൻ വിഷമം നേരിട്ടു. ഇംഗ്ലീഷ്ഭാഷയോടു ജനങ്ങൾക്കെല്ലാം വെറുപ്പായിരുന്നു. ദിവാൻജിയായിരുന്ന ശങ്കരസുബ്ബയ്യർ ഈ സ്കൂളിലാണു പഠിച്ചിരുന്നതു്. നേർവഴിയെ അദ്ദേഹത്തിനു സ്കൂളിൽ പോകാൻ കഴിവുണ്ടായില്ല. ഇംഗ്ലീഷ് പഠിക്കാൻ പോകുന്നതിനു വഴിക്കു വെച്ചു യാഥാസ്ഥിതികർ അദ്ദേഹത്തെ കല്ലെറിയുമായിരുന്നു. അതിനാൽ നേർവഴി വിട്ടാണു അദ്ദേഹം സ്കൂളിലെത്തിയിരുന്നതു്. വിദ്യാർത്ഥികളെ ആകർഷിക്കുവാനായി 80 വിദ്യാർത്ഥിവേതനങ്ങൾ ഗവമ്മെൻറു ഏർപ്പെടുത്തി. അങ്ങനെയാണു വിദ്യാർത്ഥികളെ ആദ്യം ആകർഷിച്ചതു്. ഈ സ്കൂൾ നടത്തിവന്നിരുന്ന കെട്ടിടം ആണു ഇപ്പോൾ തിരുവനന്തപുരം ജില്ലാക്കോടതിയായി ഉപയോഗപ്പെടുത്തിവരുന്നതു്. ഇംഗ്ലീഷ്വിദ്യാഭ്യാസം ബംഗാളത്തിൽപോലും തുടങ്ങുംമുൻപേയാണ് തിരുവിതാംകൂറിൽ മിഷണറിമാർ ആരംഭിച്ചതു്.

പെൺകുട്ടികൾക്കുള്ള ഇംഗ്ലീഷ്സ്കൂളും ആദ്യമായി ആരംഭിച്ചതു മിഷനറിമാരായിരുന്നു. മദ്രാസിൽ ആദ്യമായി ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിതമാകുന്നതിനു നാലുകൊല്ലം മുൻപേയും, മദ്രാസ് യൂനിവേഴ്സിററിയുടെ സ്കൂൾ ആരംഭിക്കുന്നതിനു ഏഴുകൊല്ലംമുൻപേയുമാണ് തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയതു്. ബറോഡായിൽ 1870-ൽ ആദ്യമായി ഒരു ഹൈസ്കൂൾ സ്ഥാപിച്ചയാണ്ടിൽ തിരുവിതാംകൂർ കാളേജിലെ ഒരു വിദ്യാർത്ഥി ഇദംപ്രഥമമായി മദ്രാസ് സർവ്വകലാശാലയിലെ ബി. എ. പരീക്ഷ പാസായി. മൈസൂറിലും ആദ്യമായി ഇംഗ്ലീഷ്വിദ്യാഭ്യാസം ആരംഭിച്ചതു് മിഷനറിമാരുടെ ശ്രമത്തിൽ ആയിരുന്നു. മിഷനറിമാർ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയിട്ടു ഇപ്പോൾ 120 കൊല്ലം കഴിഞ്ഞിരിക്കുന്നു. അങ്ങനെ തുടങ്ങിയ സ്കൂളുകളിൽ എങ്ങനെയെല്ലാം ബുദ്ധിമുട്ടിയാണു പിന്നീടു ഈഴവർക്കും മററും പ്രവേശനം ലഭിച്ചതെന്നോർക്കുമ്പോൾ ശങ്കരസുബ്ബയ്യരെ കല്ലെറിഞ്ഞ യാഥാസ്ഥിതികരുടെയിടയിൽ പിന്നീടു ഉദിച്ചുവളർന്ന യാഥാസ്ഥിതികത്വത്തിന്റെ മുട്ടറപ്പു നമുക്കു മനസ്സിലാക്കാമല്ലോ.

—o—

ഭയങ്കരമായ വയററുവേദനമൂലം നിരാശയോടെ
ജീവിതം നയിക്കുന്നവർക്കു
ഉദരസുധ
ഒരനുഗ്രഹമാകുന്നു
ആരോഗ്യപൂർണ്ണവും വിശ്വാസസുഖവുമായി ജീവിതം നയിക്കേണ്ടവരായ മനുഷ്യരിൽ ഭൂരിഭാഗവും ——വയററുവേദന—— എന്ന മഹാവ്യാധിയുടെ കരാളഗ്രസ്തത്തിനടിമപ്പെട്ടു് കാലചക്രത്തിൽകിടന്നു നട്ടംതിരിയുന്നു. സത്സന്താനങ്ങളുടെമാതാക്കളായി ലോകത്തിന്റെ സുസ്ഥിതി പരിപാലിക്കേണ്ട
സ്ത്രീജനങ്ങൾ
ആർത്തവ കാലങ്ങളിൽ സഹിക്കവയ്യാത്ത വയററുവേദനയാൽ അലകഴിയുന്നു. ഗർഭാശയം, അരുണ്ടുവങ്ങളായ വിവിധ വിഷമങ്ങൾമൂലം സന്താനോല്പാദനസമർത്ഥമാകാതെ അവർ പാരിതാപത്തിനു വിധേയരായിതീരുന്നു :: ::
ഇവകളുടെ പരിപൂർണ്ണമായ പരിഹാരത്തിനുള്ള ഉത്തമൌഷധമത്രെ ഉദരസുധ.
16 ഔ: കുപ്പി ഒന്നിനു വില 2 രൂപാ.
(ആവശ്യക്കാർ വർദ്ധിച്ചിരിക്കുന്നതുകൊണ്ടു് വില കുറയ്ക്കാൻ സാധിച്ചിരിക്കുന്നു)
പി. ആർ. നീലകണ്ഠൻ വൈദ്യൻ
ആയുസ്സിദ്ധാന്തഫാർമസി, പുത്തൻചന്ത—തിരുവനന്തപുരം.

## ഭൂലോകസഞ്ചാരിയായ ഒരുമഹിളാരത്നം

നാലുകൊല്ലം മുമ്പേ വിവാഹബന്ധത്തിൽ ഏർപ്പെട്ട മിസിസ് ഫ്രാൻസിസ് ഫിഷർ ഈയിടെ ഡൽഹിയിൽനിന്നു റംഗൂൺവഴി ചൈനായിലേക്ക് പുറപ്പെട്ടിരിക്കുന്നു. ധീരയായ ഈ മഹിളാരത്നത്തിന്റെ അപദാനങ്ങൾ അറിഞ്ഞിരിക്കേണ്ടവതന്നെയാണ്. ശാസ്ത്രീയാന്വേഷണങ്ങൾക്കും ചരിത്രവിഷയമായ ഗവേഷണങ്ങൾക്കുമായി ഭൂഗോളത്തിന്റെ മിക്കഭാഗങ്ങളിലും ഇവർ സഞ്ചരിച്ചിട്ടുണ്ട്. മെസപൊട്ടേമിയാ, സിറിയാ, പാലസ്റ്റൈയിൻ, വടക്കേ ആഫ്രിക്കാ, ഈജിപ്റ്റ്, ചൈനാ, പേർഷ്യ, ഇൻഡ്യ, ജാവാ, ആഫ്ഗാനിസ്റ്റാൻ, അബിസീനിയാ, പെറു, ബൊളീവിയാ മുതലായ സ്ഥലങ്ങളിൽ ഇവർ സഞ്ചരിച്ച് ആർക്കിയോളജി സംബന്ധിച്ച പല അന്വേഷണങ്ങളും നടത്തിയിരിക്കുന്നു. ഇററലിയും അബിസീനിയായുമായി ഈയിടെ നടന്ന യുദ്ധത്തിന്റെ വിവരം എല്ലാവർക്കും ഓർമ്മയുണ്ടായിരിക്കുമല്ലൊ. 1935-ൽ ഇവർ അഡിസ് അബാബായിൽനിന്നു നൈറോബിയിലേക്ക് ഒരു മോട്ടോർലോറിയിൽ സഞ്ചരിച്ച്, ആ നാട്ടിലെ ജനങ്ങളേയും അവിടെയുള്ള കാഴ്ചകളേയും സംബന്ധിച്ച് പല ഫോട്ടോകളും എടുക്കുകയുണ്ടായി. 1936-ൽ യുദ്ധം തുടങ്ങിയപ്പോൾ അവർ വീണ്ടും വിമാനമാർഗ്ഗമായി അവിടെ എത്തി ഘോരമായ യുദ്ധം നടന്നിരുന്ന എറിത്രിയായിൽ കുറെദിവസം താമസിച്ചു. യുദ്ധത്തെക്കുറിച്ചു അവർ പറയുന്നതു് ഇററാലിയർ യുദ്ധത്തിൽ ജയിച്ചതു് വിഷവായു പ്രയോഗം കൊണ്ടാണെന്നാണ്. അബിസീനിയാ പ്രകൃതി രമണീയമായ ഒരു രാജ്യവും അവിടത്തെ ജനങ്ങൾ നല്ല യുദ്ധവീരന്മാരും ആണെന്നും നവീന യുദ്ധസാമഗ്രികൾ ഇല്ലാതിരുന്നതു് കൊണ്ടുമാത്രമാണ് അവർക്ക് ഇററാലിയരെ തോല്പിക്കാൻ കഴിയാതിരുന്നതെന്നും ഇവർ പറയുന്നു. പല സന്ദർഭങ്ങളിലും ഇവർക്ക് മരണകരമായ അപകടങ്ങളിൽ അകപ്പെടേണ്ടതായി വന്നിട്ടുണ്ട്. ബോർണിയോവിൽ അവർ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വേട്ടക്കാരൻ ഒരു കത്തി അവരുടെ നേരെ എറിഞ്ഞു അവരെ മുറിപ്പെടുത്തി. സിറിയായിലെ മരുഭൂമി കടക്കുമ്പോൾ കുറെ അറബികളായ കള്ളന്മാർ അവരെ ആക്രമിച്ചു. അവരുമായി നടന്ന ശണ്ഠയിൽ ജീവാപായംകൂടാതെ ഓടി രക്ഷപ്പെട്ടു എങ്കിലും കള്ളന്മാരുടെ ഒരു വെടിയുണ്ട അവരുടെ മൂക്കിൽ തൊട്ടുകൊണ്ടു പാഞ്ഞുപോയതിന്റെ പാടു ഇപ്പോഴും കാണാനുണ്ട്. ല്യൂട്ടോനദിയുടെ സമീപം വച്ചുണ്ടായ ചെന്നായ്ക്കളുടെ ആക്രമണത്തിൽനിന്നു അവർ എങ്ങനെ രക്ഷപ്പെട്ടു എന്നു അവർക്ക് തന്നെ ഇപ്പോൾ പറവാൻ കഴിയുന്നില്ല. വേട്ട, ഗോൾഫ്, നീന്തൽ മുതലായ വ്യായാമ വിനോദങ്ങളിൽ ഇവർ തല്പരയാണ്. ഉൾക്കടലിൽനിന്നു മത്സ്യംപിടിക്കുന്നതിനു ഇവർ വളരെ സാമർത്ഥ്യം പ്രകടിപ്പിച്ചിട്ടുണ്ട്. ജ്യോതിശ്ശാസ്ത്ര വിഷയത്തിലും പല പരീക്ഷണങ്ങളും അവർ നടത്തുകയും, നക്ഷത്രങ്ങളുടേയും മററും ഫോട്ടോകളും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 1925-ൽ കെയിറോയിൽനിന്നു ഗുഡ്ഹോപ്പിലേക്കും 1928-ൽ അൽബേനിയായിലും ബാൾക്കാൻസിലും 1929-ൽ ബെലൂചിസ്റ്റാനിലും ഈ മഹതി അടനം ചെയ്തിട്ടുണ്ട്. ഈ ഒടുവിലത്തെ യാത്രയിൽ ഇവർ ലാപ്‌ലൻഡിൽനിന്നു ഉത്തരധ്രുവവൃത്തം കലമാനെ കെട്ടിയ പുൾക്ക് എന്ന വാഹനത്തിൽ കടന്നു കുറച്ചുദിവസം ധ്രുവപ്രദേശങ്ങളിൽ താമസിച്ചിട്ടുണ്ട്. ലാപ്‌ലൻഡിലെ പ്രജകളുടേയും റഷ്യയിലെ കൃഷീവലന്മാരുടെയും ഇടയിലും നൃവംശശാസ്ത്രം സംബന്ധിച്ച അന്വേഷണങ്ങൾക്കായി കുറെദിവസം താമസിച്ചിരുന്നു. 1930-ൽ ബ്രസിലിൽനിന്നു പെറുവരെ പതിനൊന്നുമാസംകൊണ്ടു അവർ സഞ്ചരിച്ചെത്തി. ആമസോൺ നദിയുടേയും അതിന്റെ പോഷകനദികളുടേയും ഉല്പത്തിസ്ഥാനംവരെ വള്ളംവഴി അവർ സഞ്ചരിച്ചിട്ടുണ്ട്. ഇതുവരെ നൃവംശശാസ്ത്രജ്ഞന്മാരുടെ അറിവിൽപെട്ടിട്ടില്ലാത്ത പല ആദിമനിവാസികളുടേയും ഫോട്ടോകളും അവരെ സംബന്ധിച്ച് പല വിവരങ്ങളും അവർ ശേഖരിച്ചിട്ടുണ്ട്. പല പൌരസ്ത്യരാജ്യങ്ങളെയും വീണ്ടും സന്ദർശിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവർ ഭർത്താവിനോടൊരുമിച്ചു ഇപ്പോൾ ദേശാടനത്തിനു പുറപ്പെട്ടിരിക്കയാണ്. ആമസോൺനദിയിലും ആൻറീസ് പർവ്വതപംക്തികളിലും നടത്തിയ പര്യടനം സംബന്ധിച്ചു ഒരു പുസ്തകവും അവർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിവാഹബന്ധത്തിൽ ഏർപ്പെടും മുമ്പേ സ്വന്തം ചെലവിൽ ഒററയ്ക്കു ഭൂഖണ്ഡങ്ങളിലെല്ലാം ഇവരെപോലെ വിജ്ഞാനസമ്പത്തു് സമ്പാദിക്കുവാൻ സഞ്ചരിച്ചിട്ടുള്ള ഒരു ബ്രഹ്മചാരിണിയെ ലോകചരിത്രത്തിൽ കാണ്മാൻ കഴിയുന്നതല്ല.



ഏമൺ ദേ വലേറ

ഐറിഷ് ഫ്രീസ്റ്റേറ്റ് രാജ്യത്തിന്റെ ഭരണാധികാരി. ദേ വലേറായുടെ പിതാവു സ്പെയിൻകാരനും മാതാവു ഐർലൻഡ്കാരിയുമായിരുന്നു. ജനനം അമേരിക്കയിലാണ്. ഇപ്പോൾ 54 വയസ്സ് പ്രായമുണ്ട്. ബി. എ., ബി. എസ്സി. മുതലായ സർവ്വകലാശാലാബിരുദങ്ങൾ സമ്പാദിച്ചശേഷം രാജ്യകാര്യങ്ങളിൽ പ്രവേശിച്ചു. 1916-ലെ ഐറിഷ് വിപ്ലവത്തിന്റെ നേതൃനായകത്വം വഹിക്കുകയും ബ്രിട്ടീഷ് ഗവമെൻറ് പിടിച്ച് മരണശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. തടവുചാടി രക്ഷപെട്ടു വീണ്ടും വിപ്ലവങ്ങൾ ഉണ്ടാക്കുകയും ഒടുവിൽ ഐർലൻഡിൽ സ്വാതന്ത്ര്യം നല്കപ്പെട്ടപ്പോൾ പൂർണ്ണസ്വാതന്ത്ര്യവാദിയായി സ്വപക്ഷക്കാരോടു പിണങ്ങുകയും ഉണ്ടായി. പിന്നീടുള്ള സമാധാനപരമായ പരിശ്രമംകൊണ്ടു് വീണ്ടും നേതൃത്വം കൈക്കലാക്കി 1932 മാർച്ച് മുതൽ സ്വതന്ത്ര ഐർലൻഡിന്റെ മിക്കവാറും ഏകച്ഛത്രാധിപതിയായി ഭരണം നടത്തിവരികയും ചെയ്യുന്നു.

സി. കേശവൻ

**ബന്ധനത്തിൽ**

ഇന്നു് **457** ദിവസം

**കവിതാപംക്തി**

# ഒരു സാന്ത്വനം

(ആർ. സുഗതൻ)

i

ഗുണവതി, നാഥേ, മനോഹരാംഗീ,
പ്രണയമോരാതെ പരിണയിപ്പാൻ
പറയുന്ന നിന്നോടു രക്ഷിതാക്കൾ
കരയുന്ന നീയതു കേട്ടു പാവം!
ധനഹീനനെന്നെ മറന്നു നീയും
ജനനീതികാത്തു കഴിഞ്ഞുകൊൾക.
മനമൊന്നായ് നമ്മൾ നയിച്ചുപോന്ന
ദിനരാത്ര കാലസ്മരണകളാൽ
മനമെരിച്ചോമനേ, നീയിനിമേൽ
തനതംഗഭംഗി കെടുത്തരുതേ.
അഴകു വഴിയുമളകങ്ങളെ
മിഴിവഴി മൂടാതൊതുക്കിനീക്കി
കുടിലവാർകുന്തളം മന്ദ മന്ദം
മട്ടൊഴിയാളേ, നീ പിന്നിൽകെട്ടി
ഇടനെഞ്ഞിടിപ്പും വിയർപ്പുമായെ-
ന്നടയോളായന്നഹോ പൂവാടിയിൽ,
അവയവസാദം കലർന്നിരിക്കേ
ഇവനോരോ ചാടുവാക്കോതിയോതി
സരസംനിൻപൂങ്കപോലങ്ങൾതോറും
തുരുതുരെച്ചുംബിച്ചതിന്റെ ചിത്രം
ഇരവിൽ കിനാവിന്റെ ഭിത്തിയിന്മേൽ
വിരസംനീകണ്ടു വിരയരുതേ.

ii

വിലയേറും സ്വർണ്ണ വിഭൂഷകളും
നലമെഴും പട്ടുടയാടകളും
മട്ടൊഴിയാളേനിൻ പൂമേനിയിൽ
ഉടയവർ ചാർത്തിയൊരുക്കിനിർത്തി,
ഉപയമച്ചന്തയിലേയ്ക്കു നിന്നെ
ഉപനയിക്കുന്നോരു കാഴ്ചകാണ്മാൻ
മരവിച്ച നേത്രസിരകളുമായ്
വിരഹിഞാനെന്തിനു കാത്തുനില്പൂ.
മധുവിധുകാലം പുതുക്കുവാനായ്
വിധുരൻ, വരനിങ്ങണയും മുമ്പേ
കഥയററ ഞാൻപോട്ടെ വല്ലിടത്തും
മധുരാംഗീ, മംഗളം! മംഗളംതേ!

iii

പരിപൂർണ്ണ യൗവനം പ്രേമസൗഖ്യം
ത്വരയോടെ തേടിപ്പുറപ്പെട്ടവാൻ
കരുതിനില്ക്കുമ്പോളതിന്റെ വാതിൽ
വിരവോടു ബന്ധിപ്പൂ, വൃദ്ധനീതി.
ധനമാനസ്ഥാനങ്ങൾ മാത്രം നോക്കി
മനതാർ കുരുക്കും മംഗല്യകർമ്മം
അനുദിനമിങ്ങനെ ചെയ്തുകൊണ്ടു
ജനസമുദായങ്ങൾ നിന്നിടുമ്പോൾ
പ്രണയവിപഞ്ചിതൻ തന്ത്രികളിൽ
വിരഹവിലാപസ്വനങ്ങൾ കേൾക്കാം.
പുലരിയിൽ പൂർവ്വാദ്രി ശൃംഗത്തിലു-
മിരവിൽ പൂർണ്ണേന്ദുവിൻ രശ്മിയിലും
മഹിതേ, നിൻരൂപവും ഭാവവും ഞാൻ
മുഹുരപികണ്ടു സുഖിച്ചുകൊള്ളാം.
വ്യഭിചാരനീതിക്കു സാക്ഷിപത്രം
അഭിമാനപൂർവ്വം സമർപ്പിക്കുന്ന
പരിണയവേദിയിലേയ്ക്കു നീയും
പരിജനസേവിതേ, പോകദവ്യം.
വിരഹാർത്തിക്കുടാതെ പൌരുഷത്തെ
പരമമായ്ക്കാത്തുഞാൻപാർത്തുകൊള്ളാം
ധനികലോകത്തിൻ നിഘണ്ഡുവിങ്കൽ
മനമൊരുങ്ങും വേളി കിനാവുമാത്രം.
അതിനായ് മനോഹരീ, നീയിനിമേൽ
മതികെട്ടു മാഴ്കൊല്ലേയെന്റെപേരിൽ.

iv

സുലളിത സൌഖ്യം നുകർന്നുമേലിൽ
വിലയെഴുന്നോരു കുലീനയായി,
സുതരും വിഭവവും ചേർന്നിണങ്ങും
സദനത്തിൻ നീയേകനായികയായ്
മരുവുന്നനാളിൽഞാൻ വന്നുകൊള്ളാം
ഒരു'ഭിക്ഷാംദേഹി'യായ് നിൻസമക്ഷം.

—o—

# സാന്ധ്യതാരം

(എസ്. കെ. പൊറ്റെക്കാട്ട്)

മേഘമേ, മേഘമേ, പൊറുംമറയ്ക്കൊല്ലെ
നീയാമനോഹര താരകപ്പൂൺപിനെ
കോമളസ്വപ്നത്തിൻ കോളിളക്കത്തിൽഞാൻ
കോൾമയിർക്കൊള്ളട്ടെ കാർമുകിൽ ഖണ്ഡമേ.

എന്നന്തരംഗത്തെ ചിന്തകളെന്നപോ-
ലിന്നന്തരീക്ഷം നീയാകെ മറച്ചാലും
ഞാനെന്റെ സൌഹാർദ്ദപുഞ്ജത്തോടൊന്നിച്ചു
ജ്ഞാനം ഭുജിയ്ക്കാനിരിക്കുന്ന വേളയിൽ
ആനന്ദച്ഛാരുപകർന്നുതന്നീടിനോ-
രാനവനക്ഷത്രം മാത്രം മറയ്ക്കൊല്ലെ!
ഹാ, നിർമ്മലാശാനിബദ്ധമാം ഞങ്ങൾതൻ
ഭാവനാഭാവുകസ്വർഗ്ഗത്തിൻ സാക്ഷിയായ്
പാവനത്വത്തിൻ പരിധിയ്ക്കുമപ്പുറം
മേവുമാഭാസുര താരകഹീരകം
നൂറുനൂറായിരം പുണ്യസ്മരണകൾ
നീറുമെൻചിത്തത്തിൽ നിർമ്മിക്കുന്നോരത്ര്
നീരദഖണ്ഡമെ നീ യോടിയെത്തി നിൻ
നീലത്തിരശ്ശീല നീർത്തിപ്പിടിക്കൊല്ലെ.

ഏകാന്തത തന്നനശ്വര സംഗീത
ശോകാത്മകമയ നിത്യസങ്കേതത്തിൽ,
ചന്ദ്രിക ചേർന്നിട്ടിഴുകിപ്പിടിച്ചൊരീ
വെണ്ണുത്തുമണ്ണി, ലീസാഗരതീരത്തിൽ
ഞങ്ങളിരുവരും വന്നിരിക്കുന്നേരം
ഞങ്ങൾക്കൊരു ദേവസ്നേഹിതനായ്നിന്ന
ഉജ്ജ്വലതാരത്തെ പാഞ്ഞുചെന്നമ്പോടു
പഞ്ജന്യപോതമെ പൊത്തിപ്പിടിക്കൊല്ലെ!
സാഹിത്യപ്പൂത്തൻ പരിമളാസ്വാദത്തിൻ
മോഹത്താൽ നിത്യവുമസ്തമയത്തിങ്കൽ
ആഷ്ലവിട്ടു ഹാ! ഞങ്ങൾപടിഞ്ഞാറു
"പേഷ്യ"യിലേക്കുപറന്ന ചിറകുകൾ
ഞങ്ങളൊളിപ്പിച്ചു വെച്ചിട്ടുണ്ടിന്നുമാ
മംഗളതാരാമയൂഖപുടങ്ങളിൽ
നീലിമതൻ വൻകയത്തിൻകുളുർമയി-
ലൂളയിട്ടെത്തുമിപ്പാലൊളി രശ്മിയിൽ
ഞങ്ങൾതൻ കോടാനുകോടിക്കിനാവുകൾ
മുങ്ങിയലിഞ്ഞു കിടക്കുന്നുണ്ടിപ്പോഴും!
എന്നെവെടിഞ്ഞോരാ വന്ദ്യസുഹൃത്തിനെ-
യെന്നോർമ്മിപ്പിയ്ക്കുമിമ്മണിത്താരത്തിൻ
മൂകസൌഭാഗ്യസഹസ്രാംശഭാഗവും
മൂടാതെ പോവുക, പോവുക മേഘമേ!

---

മനക്കോടം കെ. കേശവൻവൈദ്യരുടെ

**മലേറിയാസിദ്ധൌഷധം**

ഈ ഗുളിക ഒരു കൊല്ലത്തിൽ കവിഞ്ഞു പഴകിയ മലമ്പനിക്കു രണ്ടു പ്രാവശ്യവും അല്ലാത്തതിനു ഒരു പ്രാവശ്യവും സേവിച്ചാൽ പൂർണ്ണസുഖംവരും. യാതൊരു സംശയവുമില്ല. കൊടുത്തു പരീക്ഷിച്ചു പല വൈദ്യന്മാരും നൂറുക്കു നൂറുശതമാനവും സുഖപ്പെടുമെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു.

ഒരു ഡസൻ ഗുളികയ്ക്കു വില രൂ. 1. ണ. 4.
വി. പി. ചെലവു പുറമെ
കെ. കേശവൻവൈദ്യൻ മനക്കോടം, ചേർത്തല, തുറവൂർ.

# സൗന്ദര്യാവബോധം

(പുത്തൻകാവ് മാത്തൻ തരകൻ)



ലിയോൺ ബ്ളും
ഫ്രാൻസിലെ പ്രധാനമന്ത്രി

64 കൊല്ലം മുൻപ് ഒരു യഹൂദന്റെ മകനായി ജനിച്ചു. ധനികനാണെങ്കിലും സമഷ്ടിവാദിയാണ്. 1919 മുതൽ ഫ്രഞ്ചുനിയമസഭയിലെ മെമ്പറാകുന്നു. 1936—ൽ ഇദ്ദേഹത്തിന്റെ നായകത്വത്തിൽ സമഷ്ടിവാദികളും അവരോടു അനുഭാവമുള്ള ഇതരകക്ഷികളും യോജിക്കുകയാൽ നിയമസഭയിൽ ഇദ്ദേഹത്തിന്റെ കക്ഷിക്കു ഭൂരിപക്ഷംലഭിക്കുകയും അങ്ങനെ അദ്ദേഹം പ്രധാനമന്ത്രിയാവുകയും ചെയ്തു.

രൂപത്തിന്റെ പരിപൂർണ്ണത കൊണ്ടും ആശയങ്ങളുടെ ഔൽകൃഷ്ട്യംകൊണ്ടും നമ്മിൽ രമ്യ വികാരങ്ങളെ ജനിപ്പിക്കുന്നതിനു പര്യാപ്തമായ അക്ഷരവ്യാപാരമാണല്ലോ സാഹിത്യം. നിരൂപണഭാഷയിൽ രമ്യവികാരങ്ങൾക്ക് സൗന്ദര്യാവബോധമെന്നാണ് പറയുന്നത്.

സൗന്ദര്യം എന്നാൽ എന്താണ്? "സൗന്ദര്യം സത്യവും സത്യം സൗന്ദര്യവുമാകുന്നു" എന്നത്രെ ഒരു പാശ്ചാത്യ കവി പാടിയിരിക്കുന്നത്. സൗന്ദര്യത്തിന്റെ സാമഗ്ഗികവും സാത്വികവുമായ ഭാവത്തെക്കുറിച്ച് ചിന്തിക്കാതെ അതിന്റെ ഇന്ദ്രിയജ്ഞേയവും ദൃശ്യവുമായ ഗുണങ്ങളെക്കുറിച്ച് പ്രതിപാദിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം. ഒന്നാമതായി അവ്യാപകമായ ഒരു സാധനത്തെയൊ പ്രവൃത്തിയേയൊ സുന്ദരമൊ, കൗതുകപ്രദമൊ, അത്യൽകൃഷ്ടമൊ ആക്കിത്തീർക്കുന്നതെന്താണെന്ന് ഗ്രഹിച്ചു കണ്ടുപിടിക്കുകയെന്നുള്ളതാണ് നമ്മുടെ പ്രധാന ചുമതല. മനശ്ശാസ്ത്രാന്വേഷണപരിധിയിലുൾപ്പെട്ട സൗന്ദര്യസ്വഭാവനിരൂപണം ഇവിടെ സ്വീകരിച്ചിട്ടില്ല. മനുഷ്യമുഖം, പാത്രം, ദൃഷ്ടിഗതപ്രദേശം, ഹിമവർഷം, ഗ്രഹസഞ്ചയം, സംഗീതധ്വനി, പദ്യം മുതലായി പരസ്പര ഭിന്നങ്ങളായ വിഷയങ്ങൾക്ക് നാം "സുന്ദരം" എന്ന വിശേഷണം ചേർക്കാറുണ്ട്. അങ്ങനെ നാം പറയുന്നത് അവയിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് നാം വിചിന്തനംചെയ്യുമ്പോൾ നമ്മുടെ ആത്മാവിൽ ഉദിക്കുന്ന ആനന്ദിക വികാരത്തിന്റെ പ്രേരണകൊണ്ടാണ്. അതിനാൽ സൗന്ദര്യത്തിന്റെ പ്രഥമവും പ്രധാനവുമായ ഗുണം അതിന്റെ ആനന്ദദായകത്വമാണെന്ന് മനസ്സിലാക്കുന്നതിൽ തെററില്ല. ആ കൃത്യം, ദർശനം, ശ്രവണം, ഘ്രാണനം, രോചനം, സ്പർശനം, ഇവയിൽ ഏതെങ്കിലും ഒരു മാർഗ്ഗത്തിൽക്കൂടി നിർവ്വഹിച്ചേ സാധിക്കൂ. സൗന്ദര്യത്തിന്റെ ഗുണദോഷനിരൂപണത്തിനുള്ള പ്രധാന ഇന്ദ്രിയങ്ങൾ നേത്രവും ശ്രോത്രവുമാണ്. ഒരു റോസാപുഷ്പത്തിന്റെയൊ, ചിത്രത്തിന്റെയൊ മനോഹരവർണ്ണം കണ്ണിനെ ആനന്ദിപ്പിക്കുന്നു. ഒരു ഗാനത്തിന്റെ മാധുര്യം കർണ്ണങ്ങളെ കുളിർപ്പിക്കുന്നു. സൗന്ദര്യത്തിന്റെ ഈ സുയുക്തികഗുണാഗുണനിരൂപണം മനുഷ്യനും മൃഗത്തിനും ഒരുപോലെ ഉണ്ടായിരിക്കാം. എന്നാൽ സൗന്ദര്യത്തെസംബന്ധിച്ചുള്ള ചിച്ഛക്തികമായ ഗുണദോഷനിരൂപണശക്തി മനുഷ്യനിൽമാത്രമെ പ്രതിഷ്ഠിതമായിട്ടുള്ളൂ.

ആഹ്ലാദംകൊണ്ടു നമ്മുടെ ഹൃദയത്തെ നിറയ്ക്കുന്നവസ്തു ഏതാണെന്ന് നാം അന്വേഷിക്കുന്നപക്ഷം സാധാരണയായി നാം വിഷമിക്കാനേ തരമുള്ളൂ. ഓരോ വ്യക്തിയുടെയും സൗന്ദര്യാവബോധത്തിന്റെ സമ്പ്രദായം ഓരോതരത്തിലായിരിക്കും. ചിലക്കു സുന്ദരങ്ങളായി തോന്നുന്ന വസ്തുക്കളും സ്വരൂപങ്ങളും മററു ചിലക്കു അസുന്ദരങ്ങളായി തോന്നും. ഓരോരുത്തരുടേയും സൗന്ദര്യാവബോധം ഓരോ ഉപാധികളെ ആശ്രയിച്ചായിരിക്കും. പൊതുവേ നോക്കുന്ന പക്ഷം രൂപങ്ങളുടെ വ്യവസ്ഥിതിയും സുലളിത വൈചിത്ര്യവുമാണ് സൗന്ദര്യത്തിന്റെ ഉൽപ്പത്തിസ്ഥാനങ്ങളെന്നറിയാം. എന്നാൽ അംഗവ്യവസ്ഥിതിയും രൂപവൈചിത്ര്യവും നമ്മുടെ ആനന്ദതന്തുവിനെ തട്ടിയുണർത്തുന്നതെന്തുകൊണ്ടാണെന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കുമ്പോൾ നമുക്കു മനസ്സിലാകുന്ന കാരണങ്ങൾ കേവലം അപൂർണ്ണവും അതൃപ്തികരവുമായിരിക്കുമെന്നു കാണാം.

വൈവിധ്യത്തിലുള്ള ഏകത്വത്തിന്റെ നിൽപും അസംദൃശ്യത്തിലുള്ള ഔപമ്യവുമാണ് സുന്ദരവും ആനന്ദകരവുമായ വസ്തുക്കളിൽ കാണുന്ന സാർവ്വത്രികലക്ഷണം. ഈ ഗുണഗ്രഹണം ഒരു മാനസിക പ്രവൃത്തിയാണ്. അവയവസംയോഗം, ക്രമം, ഉചിതത, സുശ്രാവ്യത മുതലായവയാണ് ഏകത്വത്തിന്റെ രൂപങ്ങൾ. ഒരു മുഖത്തിന്റെ ഉചിതമായ ആകൃതിവിശേഷം, ഒരു മൃഗത്തിന്റെ അവയവം, കെട്ടിടത്തിന്റെ സംഘടിതരൂപം, പുഷ്പത്തിന്റെ വിഭിന്ന ഭാഗങ്ങൾ, സംഗീതാന്തരീക്ഷത്തിൽക്കൂടി സഞ്ചരിക്കുന്ന ഐക്യാശയം, കവിത, നാടകം മുതലായവ ബഹുലത്വത്തിലുള്ള ഏകത്വത്തിന്റെ വിഭിന്നങ്ങളായ പ്രകടനങ്ങൾ മാത്രമാണ്. എല്ലാ വസ്തുക്കളും, എല്ലാ മനുഷ്യരും, ഓരോ തരത്തിലുള്ള ആകൃതിയോടും സ്വഭാവത്തോടുംകൂടി കാണപ്പെടുകയെന്നുള്ളത് വളരെ അസുഖപ്രദമാണ്. അഭിന്നത ധീശക്തിയെ ക്ഷീണിപ്പിക്കുന്നു. പ്രത്യുത സങ്കീർണ്ണ ബഹുലത്വവും നിയമവിരുദ്ധവുമായ പരിണാമവും നമ്മെ സ്വാധീനപ്പെടുത്തി, നമ്മുടെ ദൃഷ്ടിയിൽ പെടുന്ന അസ്പഷ്ട സാധനസമൂഹങ്ങളുടെ സംശ്ലിഷ്ട ഗ്രഹണത്തിൽ നിന്നും നമ്മെ പ്രതിരോധിക്കുന്നു. വിഭിന്നഭാഗങ്ങളെ ഏകീകരിക്കാറുള്ള ഏതൊ ഒരു കേന്ദ്രൈക്യം, വർത്തിച്ചു പോരുന്ന വൈവിധ്യസമൃദ്ധിയുടെ സാന്നിദ്ധ്യത്താൽ നമ്മുടെ വിഷയ ഗ്രഹണശക്തി പ്രബുദ്ധവും ഉദ്ദീപിതവുമാകുമ്പോൾ ഹൃദയത്തിൽ ആനന്ദത്തിന്റെയൊ കൗതുകത്തിന്റെയൊ ഒരു വികാരം ശക്തിയായി ഉദിക്കുന്നു.

ഒരു വസ്തുവിന്റെയൊ, ജന്തുവിന്റെയൊ വിഭാഗസംഘടന അതിന്റെ നിർദ്ദിഷ്ടോപയോഗത്തിനു ഏററവും

പര്യാപ്തമാണെന്നു കാണുമ്പോൾ പ്രേക്ഷകന്മാരുടെ ഹൃദയത്തിനു പ്രത്യേകതരത്തിലുള്ള സംതൃപ്തിയാണുണ്ടാവുന്നതു്. ഒരു വേട്ടപ്പട്ടിയുടെ ശരീരത്തിന്റെ ഘടന അതിന്റെ ശീഘ്രതയെ അനുസ്മരിപ്പിക്കുന്നു. ഒരു മന്ദിരത്തിന്റെ സ്തംഭങ്ങൾ ആ മന്ദിരത്തെ താങ്ങുന്നതിനു ശക്തിയുള്ളവയായിരിക്കണം. മന്ദിരം എത്രതന്നെ ആകർഷണീയമായിരുന്നാലും അതിന്റെ ഉദ്ദേശ്യസാദ്ധ്യത്തിനു അതു് അപര്യാപ്തമായിരിക്കുന്ന പക്ഷം അതു് ഒരിക്കലും സന്തോഷപ്രദമായ ഒരു കാഴ്ചയായി പരിഗണിക്കപ്പെടുന്നില്ല.

ഈ തത്വം തന്നെയാണു് സുന്ദരകലയിലും അന്തർഭവിച്ചിരിക്കുന്നതു്. പുരാണ കവിത, ചരിത്രം, പ്രസംഗം, മുതലായവയുടെ പ്രയോക്താക്കൾക്കു് എന്തെങ്കിലും പ്രത്യേകം ഉദ്ദേശ്യമുണ്ടായിരിക്കുന്നതാണു്. ഒരു കാവ്യത്തിലെ വർണ്ണന എത്രതന്നെ കേമമായിരുന്നാലും അതിലെ അലങ്കാരങ്ങൾ എത്രതന്നെ ബഹുലങ്ങളായിരുന്നാലും കാവ്യോദ്ദേശ്യം വിഫലമാകുന്നെങ്കിൽ ആ കാവ്യം അസുന്ദരം തന്നെയാണു്. ആശയങ്ങളുടെ ഉചിതമായ സമ്മേളനമാണു് കാവ്യത്തെ കമനീയമാക്കുന്നതു്. പൊൻകതിർ നിറഞ്ഞ വയൽപ്രദേശം സമൃദ്ധിയേയും സമാധാനത്തേയും പ്രദാനം ചെയ്യുന്നതിനാൽ അതു സുന്ദരമാണു്. ഇടിഞ്ഞു പൊടിഞ്ഞു കിടക്കുന്ന കോട്ടകളും കൊട്ടാരങ്ങളും വീരപ്രവൃത്തികളെ അനുസ്മരിപ്പിക്കുന്നതുകൊണ്ടു് അവയും സുന്ദരങ്ങളായി തോന്നുന്നു. ശൈശവം, യൗവ്വനം, വിദ്യാകാലം ഇവ സൗന്ദര്യാവബോധത്തെ ജനിപ്പിക്കുന്ന ജീവിതദശകളാണു്.

—:—



വി. എസ്. ശ്രീനിവാസശാസ്ത്രി

"ഇൻഡ്യയിലെ എല്ലാരാഷ്ട്രീയ കക്ഷിക്കാക്കും മതക്കാക്കും ജാതിക്കാക്കും ഗവമ്മെണ്ടിനും ഒരുപോലെ ബഹുമാനവും വിശ്വാസവും സ്നേഹവും ഉള്ള ഏകഭാരതീയനാണു് ഈ ബ്രാഹ്മണൻ" എന്നാണു് ഒരു മാന്യൻ മി. ശാസ്ത്രിയെ വർണ്ണിച്ചിട്ടുള്ളതു്. മഹാനായ ഗോഖലെ സ്ഥാപിച്ച ഭാരതഭൃത്യജനസംഘത്തിലെ ഒരംഗമാണു്. ഗോഖലെയുടെ പിൻഗാമിയായി ഏറെക്കാലം ആ സംഘത്തിന്റെ അദ്ധ്യക്ഷനായിരുന്നു. കുറെക്കാലം മദ്രാസ് നിയമസഭയിലും അനന്തരം സാമ്രാജ്യ നിയമസഭയിലും മെമ്പറായിരുന്നിട്ടുണ്ടു്. ഇന്ത്യൻ ഭരണ പരിഷ്കാരം സംബന്ധിച്ചു് 1928-ലും പിന്നീടു 1928നു ശേഷവും ഉണ്ടായ ആലോചനകളിൽ ഇന്ത്യൻ ജനതയുടെ ഒരു പ്രതിനിധിഎന്ന നിലയിലും സർവ്വസാമ്രാജ്യ കാര്യാലോചനാസഭ, സർവ്വരാജ്യസഖ്യം, വാഷിങ്ങ്ടൺ നാവിക സമ്മേളനം ഈ മഹാസഭകളിൽ ഗവമ്മെണ്ടിന്റെ പ്രതിനിധി എന്ന നിലയിലും പങ്കെടുക്കുകയുണ്ടായി. ഇന്നു് ജീവിച്ചിരിപ്പുള്ള ഇംഗ്ലീഷ് പ്രാസംഗികന്മാരിൽ അഗ്രഗണ്യനാണു് മി. ശാസ്ത്രി. അദ്ദേഹത്തിന്റെ കീർത്തിക്കു ഒരു കാരണവും അദ്ദേഹത്തിന്റെ അസാധാരണമായ വാഗ്മിത്വം തന്നെയാണു്. 1922-ൽ മി. ശാസ്ത്രിയെ ഇന്ത്യാഗവമ്മെൻറ് സാമ്രാജ്യം ആകെചുററി അവിടങ്ങളിലെ കുടിയേറിപ്പാർപ്പുകാരായ ഇന്ത്യാക്കാരുടെ ക്ഷേമത്തെപ്പററി അന്വേഷിക്കുവാൻ നിയോഗിച്ചു. അതുകഴിഞ്ഞു തിരിച്ചുവന്നപ്പോൾ തെക്കേ ആഫ്രിക്കായിൽ ഇന്ത്യയുടെ ഏജൻറ് ജനറലായി നിയമിക്കപ്പെട്ടു. അതിനുശേഷം ലണ്ടൻ വട്ടമേശസമ്മേളനങ്ങളിലും വിററ്ലി കമ്മീഷനിലും സംബന്ധിക്കുകയുണ്ടായി. ഈയിടെ വീണ്ടും അദ്ദേഹത്തെ ഫെഡറേയിററഡ് മലേ സംസ്ഥാനങ്ങളിൽ കുടിയേറിപ്പാർക്കുന്ന ഇന്ത്യൻ തൊഴിലാളികളുടെ ക്ഷേമത്തെപ്പററി അന്വേഷിക്കുവാൻ അങ്ങോട്ടു അയച്ചിരുന്നു. ഇപ്പോൾ അദ്ദേഹം അണ്ണാമല സർവ്വകലാശാല വൈസ് ചാൻസലരായി നിയമിക്കപ്പെട്ടിരിക്കയാണു്. ചുമതലയേറിയ ഇത്രയേറെ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള വേറൊരു ഭാരതീയൻ ഇന്നു് ജീവിച്ചിരിപ്പില്ലെന്നു പറയാം. 68 വയസ്സായ ഈ മഹാൻ ഇപ്പോഴും അരോഗദൃഢഗാത്രനായി തന്നെയിരിക്കുന്നു.


# ഓറിയൻറൽ

## ഗവണ്മെൻറ് സെക്യൂരിററി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)

1874-ൽ സ്ഥാപിച്ചതു്                ഹെഡാഫീസ് : ബോംബെ

1935-ലെ പ്രവർത്തനഫലം

| | | |
|---|---|---|
| പുതിയ പാളിസികൾ .... .... | ക. | 8,89,89,149 |
| വർഷത്തിലെ വരവു് .... .... | ക. | 3,49,16,412 |
| നിലവിലുള്ള പാളിസികൾ .... .... | ക. | 59,25,32,038 |
| ആകെകൊടുത്തുതീർത്ത അവകാശസംഖ്യ | ക. | 17,43,21,855 |
| നിക്ഷേപസംഖ്യ .... .... | ക. | 17,01,62,491 |

ഈകാണിച്ച കണക്കുകൾ ഇൻഡ്യയിലെ രക്ഷാഭോഗകമ്പനികളിൽ മുന്നണിയിൽ നിൽക്കുന്ന

ഓറിയൻറൽ

കമ്പനിയുടെ ഉറപ്പിനേയും പ്രചാരത്തേയും ധാരാളമായി വിളിച്ചുപറയുന്നു

ഒട്ടുംതന്നെ താമസിയാതെ പ്രചാരവും പുരോഗമനവും ഉള്ള ഈ

**ഇന്ത്യൻ ലൈഫ് ആഫീസിൽ ഒരു പാളിസി എടുക്കുക**

കൂടുതൽ വിവരങ്ങൾക്കു്

**എസ്. രാമസ്വാമി അയ്യർ,**

ബ്രാഞ്ച് സെക്രട്ടറി, ഓറിയൻറൽ ലൈഫ് ആഫീസ്,
67-68, മെയിൻറോഡ്, തിരുവനന്തപുരം

എന്ന വിലാസത്തിലോ താഴെ കാണിക്കുന്ന കമ്പനിയുടെ ഏതെങ്കിലും മററു ആഫീസുകളിലേക്കോ എഴുതി ചോദിക്കുക

| | | | | |
|---|---|---|---|---|
| ആഗ്രാ | കൽക്കത്ത | ജൽപൈഗുരി | മധുര | രായ്പൂർ |
| അജ്മീർ | കോഴിക്കോട്ട് | ജാഡ്പൂർ | മെർകാരാ | രാജ്ഷാഹി |
| അഹമ്മദാബാദ് | കോയമ്പത്തൂർ | ജബൽപൂർ | മൊമ്പാസാ | രാഞ്ചി |
| അലഹബാദ് | കൊളംബൊ | കറാച്ചി | മുൽടാൻ | രംഗൂൺ |
| അംബാല | ഡാക്കാ | കോലാലംപൂർ | മൈസൂർ | രാവൽപിണ്ടി |
| അമൃത്സാർ | ഡെൽഹി | ലാഹോർ | നാഗപൂർ | സിംഗപൂർ |
| ബാംഗളൂർ | ഗൌഹത്തി | ലക്നൌ | പാട്നാ | സുക്കൂർ |
| ബറില്ലി | ഗുണ്ടൂർ | മദിരാശി | പെഷ്വാർ | തൃശ്ശിനാപ്പള്ളി |
| ബെല്ലാരി | ജൽഗാൺ | മാണ്ഡലേ | പൂനാ | വിശാഖപട്ടണം |

## വിഷയവിവരം

1. ചിരിയും ചിന്തയും
2. വിശേഷവൃത്താന്തങ്ങൾ
3. തെരഞ്ഞെടുപ്പു വിശേഷങ്ങൾ
4. ക്ഷേത്രപ്രവേശന വിവരങ്ങൾ
5. കല്ലെറിഞ്ഞിരുന്ന കാലം
6. ഭൂലോകസഞ്ചാരിയായ മഹിളാരത്നം
7. ഒരു സാന്ത്വനം (പദ്യം)
8. സാന്ധ്യതാരം (പദ്യം)
9. സൗന്ദര്യാവബോധം
10. വി. എസ്. ശ്രീനിവാസശാസ്ത്രി
11. എസ്. എൻ. ഡി. പി. സ്ഥാനാർത്ഥികൾ
12. കനകജൂബിലി
13. കാട്ടാനയുടെ ശല്യം
14. പ്രണയകവിതകളും ആത്മഹത്യയും
15. ഭൂതകാലചിന്ത
16. ആ ദൗർഭാഗ്യം സംഭവിക്കാതിരിക്കട്ടെ!
17. ഗവമെന്റിന്റെ ശ്രദ്ധയ്ക്കു
18. നായന്മാരുടെ പൂർവ്വചരിത്രം
19. നായന്മാരോട്
20. പ്രഭാതനക്ഷത്രം
21. ഇതു് നിങ്ങൾക്കറിയാമോ?

THE KERALA KAUMUDI
VOL. 28 NO. 9

കേരളകൗമുദി

പുസ്തകം 28 നമ്പർ 9

1112 കുംഭം 17 ഞായർ

## എസ്. എൻ. ഡി. പി. യോഗം സ്ഥാനാർത്ഥികൾ

എസ്. എൻ. ഡി. പി. പാർലമെന്ററി ബോർഡിൽനിന്നു് 8 ഈഴവരെ അസംബ്ളിയിലേക്കും 2 ഈഴവരെ കൗൺസിലിലേക്കും റിസർവു ചെയ്തിട്ടുള്ള നിയോജകമണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളായി നിർദ്ദേശിച്ചിട്ടുണ്ടല്ലൊ. ഈ പത്തുപേരുടേയും വിജയത്തിനു പരിശ്രമിക്കാനുള്ള ചുമതല എസ്. എൻ. ഡി. പി. യോഗത്തിനുണ്ടെന്നു് ഈഴവസമുദായം പൊതുവെ അറിഞ്ഞു പ്രവർത്തിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എസ്. എൻ. ഡി. പി. യോഗം, ഈഴവസമുദായത്തിന്റെ ഉൽഗതിയെ ഉദ്ദേശിച്ചു് ശ്രീനാരായണഗുരുസ്വാമി, ഡാക്ടർ പല്പു, കുമാരനാശാൻ എന്നീ മൂന്നു മൂർത്തികൾ കൂടി 35 കൊല്ലംമുമ്പേ ഈഴവരുടെ ഇടയിൽ അന്നുണ്ടായിരുന്ന ദേവഗണങ്ങളുടെ സഹകരണത്തോടുകൂടി സ്ഥാപിച്ചിട്ടുള്ള ഒരു ശാശ്വതസ്ഥാപനമാകുന്നു. നദികൾ സമുദ്രത്തെ ലക്ഷ്യമാക്കി ഒഴുകിക്കൊണ്ടിരിക്കുന്നതുപോലെ സമുദായങ്ങളും ചില ലക്ഷ്യങ്ങൾവച്ചു ഒഴുകിക്കൊണ്ടിരിക്കുന്നു. നദികൾ എന്നും ഒഴുകിക്കൊണ്ടിരിക്കുന്നെങ്കിലുംവെള്ളംഎന്നും മാറിക്കൊണ്ടിരിക്കുന്നതുപോലെ വ്യക്തികൾ അന്നന്നു മാറിക്കൊണ്ടിരിക്കുമെങ്കിലും സമുദായം അനസ്യൂതമായ ഒരു ശാശ്വതപ്രവാഹമായി പുരോഗതിയെ ലക്ഷ്യമാക്കി പ്രയാണംചെയ്തുകൊണ്ടിരിക്കതന്നെ ചെയ്യുന്നു. എസ്. എൻ. ഡി. പി. യോഗത്തിന്റെയും പുരോഗതി ഈ നദീപ്രവാഹംപോലെ തന്നെയാണു്. ഈ യോഗനദിക്കു സ്ഥാനവും ലൈനും നിശ്ചയിച്ച മഹാചാര്യനും അതിന്റെ പ്രവാഹത്തെ അനുകൂലമാക്കി സൂക്ഷിച്ചുകൊണ്ടിരുന്ന ശിഷ്യനും പ്രപഞ്ചത്തിരയ്ക്കുള്ളിൽ മറഞ്ഞു. അതിന്റെ എഞ്ചിനീയറായിരുന്ന ആൾ അതിന്റെഅനുദിനം ശക്തിപ്രാപിച്ചുവന്ന പ്രവാഹത്തെ സൂക്ഷിച്ചുനോക്കിക്കൊണ്ടു ഇപ്പോഴും കൃതാർത്ഥതയോടുകൂടി ജീവസന്ധാരണം ചെയ്യുന്നുണ്ടു്. നദികളുടെ പ്രവാഹത്തെ എതിർക്കുന്ന ചില പാറകളും മന്നുകളും അവിടവിടെ ഉണ്ടായിരിക്കുന്നതുപോലെ എസ്. എൻ. ഡി. പി. യോഗത്തെ എതിർക്കുന്ന ചില ശക്തികളും അവിടവിടെ പ്രത്യക്ഷപ്പെടാറുണ്ടെങ്കിലും ആ എതിർപ്പുകളെയൊക്കെ ജയിച്ചുകൊണ്ടും വേണ്ടിവന്നാൽ കരകളെ ഇടിച്ചു തകർത്തുകൊണ്ടും പ്രവാഹം ഉദ്ദിഷ്ടദിക്കിനെ ലക്ഷ്യമാക്കിക്കൊണ്ടു മുന്നോട്ടു പായുകതന്നെ ചെയ്യുന്നുണ്ടല്ലൊ. ഈ യോഗത്തെ ഇടിച്ചു നികത്തിക്കളയാമെന്നു ആരുംതന്നെ സ്വപ്നംകണ്ടിട്ടാവശ്യമില്ല. ചില സമയത്തു അതിൽ കലക്കലുണ്ടാക്കാൻ ചിലർക്കുകഴിയും.പക്ഷെ, യോഗം പിന്നെയും കലങ്ങിത്തെളിഞ്ഞു പൂർവാധികം ശക്തിയോടും പ്രസന്നതയോടും കൂടി പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കതന്നെ ചെയ്യും. യോഗത്തിന്റെ അനേക കൈവഴികളിൽ ഒന്നുമാത്രമാണു് രാഷ്ട്രീയലക്ഷ്യത്തോടുകൂടി പൊട്ടിപ്പുറപ്പെട്ടിട്ടുള്ള പാർലമെന്ററി ബോർഡ്. ആ ബോർഡിൽ നിന്നു നോമിനേറ്റുചെയ്തിട്ടുള്ള സ്ഥാനാർത്ഥികളെ തോല്പിക്കാനുള്ള ശ്രമം എസ്. എൻ. ഡി. പി. യോഗത്തിനെ തോല്പിക്കുവാനുള്ള ശ്രമമാകുന്നു. ഈ ശ്രമം ചിലരിപ്പോൾ തുടങ്ങിയിരിക്കുന്നതായി കാണുന്നു. യോഗനദിക്കുള്ളിൽതന്നെ ചില നക്രങ്ങളും തിമിംഗലങ്ങളും കിടപ്പുണ്ടു്. ആ ജന്തുക്കൾ സ്ഥാനാർത്ഥികളുടെ കാലിൽപിടിച്ചു വിഴുങ്ങുവാൻ വാ പൊളിക്കുന്നുമുണ്ടു്. തൊഴികൊള്ളുന്നതുമാത്രം മിച്ചമെന്നു ആ ജന്തുക്കൾ അചിരേണ മനസ്സിലാക്കിക്കൊള്ളും. തീരപ്രദേശങ്ങളിലെ കുറുംകാടുകളിലുള്ള സൃഗാലന്മാരും ഈ നദിയിൽ ചൂണ്ടകെട്ടു വല്ല മത്സ്യവും കിടപ്പുണ്ടോ എന്നന്വേഷിച്ചു നടന്നു ചിലതിന്റെ വാലിൽചെന്നു പിടിച്ചു നോക്കുന്നുണ്ടു്. അങ്ങുമിങ്ങും ചില കുളംകലക്കി ഞണ്ടുകളെ അവയ്ക്കു കിട്ടാതെയും ഇരിക്കുന്നില്ല. ആരു് ഏതെല്ലാം പ്രകാരത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാക്കിയാലും ആ എല്ലാ ഉപദ്രവങ്ങളേയും ജയിച്ചു പാർലമെന്ററിബോർഡിൽ നിന്നു നിറുത്തിയിട്ടുള്ള സ്ഥാനാർത്ഥികളുടെ വിജയത്തിനു ശ്രമിക്കുവാൻ ഈഴവസമുദായം സന്നദ്ധമാകുന്ന പക്ഷം എസ്. എൻ. ഡി. പി. യോഗം ഇതുവരെ സമുദായത്തിനു സമാർജ്ജിച്ചിട്ടുള്ള ശക്തിയും ബഹുമതിയും അന്യൂനമായിരിക്കതന്നെ ചെയ്യും. ഈഴവസമുദായത്തിന്റെ സംഘടനാശക്തിയേയും ശിക്ഷണസാമർത്ഥ്യത്തേയും കുറിച്ചു ഒരു ത്രികാലവേദിയെപ്പോലെ സകലവും കാണാൻ കണ്ണുള്ള സചിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യർ മുക്തകണ്ഠം പ്രശംസിച്ചതു് എല്ലാവരും കേട്ടിരിക്കയാണല്ലൊ. സചിവോത്തമന്റെ ഈ പ്രശംസയ്ക്കു ഈഴവസമുദായത്തെ പാത്രമാക്കിത്തീർത്തതു് എസ്. എൻ. ഡി. പി. യോഗത്തിന്റെ സംഘടനയും ശിക്ഷണവുമാണെന്നു ഈഴവസമുദായം നല്ലപോലെ ഓർക്കണം. അടുത്ത തിരഞ്ഞെടുപ്പിലേക്കു യോഗത്തിൽനിന്നു നിറുത്തിയിരിക്കുന്ന സ്ഥാനാർത്ഥികൾക്കു പറ്റുന്ന പരാജയം സചിവോത്തമന്റെ പ്രശംസയെ നിരർത്ഥകമാക്കിത്തീർക്കയും പാളയത്തിൽ പടനടത്തുന്ന

ഒരു സമുദായക്കാരാണു ഈഴവരെന്നു് മററുള്ളവർ മനസ്സിലാക്കുകയുംചെയ്യും. യോഗത്തോടു മൽസരിക്കുവാൻ പുറപ്പെടുന്ന മുഢബുദ്ധികൾക്കു ഉള്ളിൽ ഒരു ദുർമ്മോഹം ഉണ്ടായിരിക്കുമെന്നുള്ളതു തീർച്ചയാണു്. എസ്. എൻ. ഡി. പി. യോഗത്തിന്റെ രാഷ്ട്രീയപ്രവർത്തനങ്ങളെ സ്വല്പകാലം മുമ്പേ നോക്കിയിരുന്നതുപോലെ ഇപ്പോഴും ഒരു അസുഖദൃഷ്ടിയോടുകൂടിയാണു് ഗവർമ്മെണ്ടുനോക്കിക്കൊണ്ടിരിക്കുന്നതെന്നു വിശ്വസിച്ചുകൊണ്ടു ഗവർമ്മെണ്ടിനെ സേവപിടിച്ചു് സ്വാർത്ഥം നേടിക്കളയാമെന്നതാണു് ആ ദുർമ്മോഹം. ഈ ദുർമ്മോഹത്തള്ളൽകൊണ്ടു് യോഗംസ്ഥാനാർത്ഥികളെ തോല്പിക്കുവാൻ ഒരുങ്ങുന്ന ഇസ്കാരിയോത്തുകൾ സമുദായത്തിലുണ്ടായേക്കാം. തങ്ങളുടെ സ്വന്തസമുദായത്തെ ഒററുകൊടുക്കുവാൻ മടിക്കാത്ത ഈ നരാധമന്മാരെ പിടിച്ചു് പരിശുദ്ധമായിരിക്കേണ്ട സർക്കാർസർവ്വീസിൽ വച്ചാൽ അവർ സർക്കാരിനെയും ഒററുകൊടുക്കുന്ന ഇസ്കാരിയോത്തുകളായിരിക്കേയുള്ളു എന്നു് മനസ്സിലാക്കുവാൻ കഴിയാത്ത ഒരു സ്ഥൂലബുദ്ധിയല്ല സചിവോത്തമൻ സർ സി. പി. യെന്നു അവർ അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും. എസ്. എൻ. ഡി. പി. പാർലമെൻററിബോർഡിൽ സ്ഥാനാർത്ഥിത്വത്തിനു അപേക്ഷിച്ചിരുന്നതു് 35 പേരാണെന്നു് ഞങ്ങൾ അറിയുന്നു. ഈ മുപ്പത്തഞ്ചുപേരിൽ 10 പേരെയല്ലാതെ തിരഞ്ഞെടുക്കുവാൻ ശ്രീനാരായണഗുരുസ്വാമിതന്നെ തിര്യെവന്നു തിരഞ്ഞെടുപ്പുനടത്തുന്നതായാലും നിർവ്വാഹമില്ലെന്നു തീർച്ചയാണു്. പാർലമെൻററിബോർഡു് ഇച്ഛാഭംഗം വരുത്തിയിരിക്കുന്നതു് 25 പേർക്കാണു്. തിരഞ്ഞെടുക്കപ്പെട്ടവർക്കും പരാജിതരാക്കപ്പെട്ടവർക്കും തമ്മിലുള്ള യോഗ്യതായോഗ്യതകളെ നിരൂപണം ചെയ്തിട്ടാവശ്യമില്ല. ബോർഡിന്റെ ഈ തിരഞ്ഞെടുപ്പിൽ പക്ഷപാതശങ്കയ്ക്കു അവകാശമില്ലെന്നു് ഞങ്ങൾക്കു ധൈര്യമായി പറയുവാൻ കഴിയും. സന്തോഷപൂർവ്വം പരാജയംവരിച്ചിരിക്കുന്നവർ ഭാവിയായ വിജയസോപാനത്തിലേയ്ക്കുള്ള വഴതാത്ത കല്പടകളിൽ ചവുട്ടിയിരിക്കുന്നവരാണു്. എസ് എൻ. ഡി. പി. യോഗത്തിന്റെ നിർദ്ദേശങ്ങളെ നടപ്പിൽ വരുത്തുവാൻ സമുദായത്തിന്റെ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥ സേവനം നടത്തിയിട്ടുള്ളവരാരെല്ലാമെന്നു ഗാഢമായി ചിന്തിച്ചാണു് പത്തുപേരെ ബോർഡിലെ ഭൂരിപക്ഷം തിരഞ്ഞെടുത്തിട്ടുള്ളതു്. ഭൂരിപക്ഷത്തിന്റെ തീരുമാനത്തിനു് വിധേയരാവുകയാണു് സുശിക്ഷണമുള്ള ന്യൂനപക്ഷത്തിന്റെ മുഖ്യമായ ലക്ഷണം. തിരഞ്ഞെടുക്കപ്പെട്ടവരെക്കാൾ സമുദായ സേവനം ചെയ്യുവാൻ പ്രാപ്തരായുള്ളവരും പരാജിതരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കാം. അവർക്കു വിജയത്തിനുള്ള അവസരം അവരെ കാത്തുനിൽക്കുന്നുണ്ടു്. വിജയം അവരെചെന്നു വരിക്കുകയല്ലാതെ അവർ വിജയത്തെ ചെന്നു വരിക്കുക സാധ്യമല്ല. ഇനി നാലുകൊല്ലം കഴിയുമ്പോൾ ഉണ്ടാകുവാനിരിക്കുന്ന പാർലമെൻററി ബോർഡ് ഐകകണ്ഠ്യേന അവരെ തിരഞ്ഞെടുക്കുവാൻ ഇടയാകത്തക്കവണ്ണം അവരുടെ പബ്ലിക്ക് ജീവിതം വേണ്ടവിധത്തിൽ നയിച്ചു കൊണ്ടാൽ മാത്രം മതിയാകുന്നതാണു്.

---

## കനകജൂബിലി

ശ്രീനാരായണഗുരുസ്വാമിയുടെ ആദിമസ്ഥാപനമായ അരുവിപ്പുറം ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മം നടന്നിട്ടു 50 സംവത്സരം ഈ ആണ്ടിൽ തികയുന്നുണ്ടു്. ഈ വിശേഷാവസരം ഒരു കനകജൂബിലിയായി ആഘോഷിക്കുവാൻ ചിലർ ഉത്സാഹിച്ചുവരുന്നതായി അറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു എസ്. എൻ. ഡി. പി. യോഗത്തിന്റെ ഉത്ഭവം അരുവിപ്പുറത്തുനിന്നാണല്ലൊ. യോഗത്തിന്റെ ശരിയായ പേരുതന്നെ "അരുവിപ്പുറം ശ്രീനാരായണധർമ്മ പരിപാലന യോഗം" എന്നാകുന്നു. അരുവിപ്പുറം ക്ഷേത്രകാര്യങ്ങൾ നടത്തുക എന്നുള്ളതു് എസ്. എൻ. ഡി. പി. യോഗ നിബന്ധനകളുടെ മെമ്മോറാണ്ഡത്തിൽ ഇപ്പോഴും നിലവിലിരിക്കുന്ന ഒരു വ്യവസ്ഥയാകുന്നു. ഈ വ്യവസ്ഥയനുസരിച്ചു് യോഗത്തിനു യഥോചിതം പ്രവർത്തിക്കുവാൻ യോഗത്തിന്റെ ആദ്യകാലത്തു് കുറെഒക്കെ കഴിഞ്ഞിരുന്നു എങ്കിലും, ശിവഗിരിയിലെ ശാരദാപ്രതിഷ്ഠാവസരത്തിൽ സ്വാമിയുടെ ഹെഡ് ക്വാർട്ടേഴ്സ് കുറെക്കൂടി പൊതുജനശ്രദ്ധയിൽപെടുന്ന ശിവഗിരിയിലേക്കു മാററിയതിൽപിന്നീടു പല കാരണങ്ങളാലും ക്ഷേത്രകാര്യങ്ങളിൽ ഊർജ്ജിതമായി പ്രവർത്തിക്കുവാൻ യോഗത്തിനു കഴിഞ്ഞിട്ടില്ല. സ്വാമിയുടെ സമാധികാലംവരെ സ്വാമിതന്നെ ആവക കാര്യങ്ങളെല്ലാം നിർവ്വഹിച്ചുകൊണ്ടിരുന്നു. സമാധിക്കു ശേഷം സന്യാസിമാരും യോഗവുമായി ഉണ്ടായ വ്യവഹാരംമൂലം സ്വാമിയുടെ ദേവസ്വം കാര്യങ്ങൾ ശരിയായി നടത്തിക്കൊണ്ടു പോകുവാൻ യോഗത്തിനോ കഴിഞ്ഞില്ല; സന്യാസിമാർക്കും കഴിഞ്ഞില്ല. ഈ വ്യവഹാരത്തിന്റെ പരിസമാപ്തി കണ്ടല്ലാതെ സ്വാമികാര്യം ശരിയായി നിറവേററുന്നതിനു ഈ രണ്ടു കക്ഷികൾക്കും കഴിവുണ്ടാകുന്നതുമല്ല. അതിനാൽ ഈ രണ്ടു കക്ഷികളും തമ്മിൽ യോജിച്ചു വഴക്കുകളെല്ലാം അവസാനിപ്പിച്ചു ഇതേവരെസ്വാമികാര്യം, കുടിശ്ശികയായി കിടന്നതിനുള്ള പരിഹാരംകൂടി വരുമാറു്, ഊർജ്ജിതമായി നടത്തണമെന്നു ഒരു രാജിയാലോചന ഇരുകക്ഷിയിലേയും പ്രമാണികളും മററു ചില സമുദായനേതാക്കന്മാരും തമ്മിൽ നടന്നുവരുന്നുണ്ടു്. ഇവരുടെ രാജിയാലോചന സഫലമായശേഷം ജൂബിലി ആഘോഷിക്കുന്നതു് സ്വാമിയുടെ ആത്മസംതൃപ്തിക്കു് നിദാനമായിത്തീരുന്നതാണു്. സ്വാമിയുടെ ആത്മചൈതന്യമാണു് ഈഴവസമുദായത്തെ സകലകാര്യങ്ങളിലും നിയന്ത്രിച്ചു നയിച്ചുകൊണ്ടിരിക്കുന്നതു്. ഒരു മംഗളാവസരമായി കരുതപ്പെടേണ്ട കനകോത്സവദിവസത്തിനുമുമ്പായി മംഗളസൂചകമായ ഈ രാജിഉണ്ടായിക്കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ശ്രീനാരായണധർമ്മം "ഒരുജാതി, ഒരു മതം, ഒരുദൈവം" എന്നാണല്ലൊ. ഇത്ര അത്യൽകൃഷ്ടമായ ഒരു ധർമ്മ പ്രചരണത്തിനുള്ള ചുമതലയാണു സ്വാമിയെ ഗുരുസ്വാമിയായി വരിച്ചിരിക്കുന്ന ഈഴവസമുദായത്തിന്റെ ചുമലിൽ ഇപ്പോൾ ഇരിക്കുന്നതു്. ഈ ചുമതല യഥോചിതം നിറവേററാൻ അത്യന്താ അനുകൂലമായ ഒരു അന്തരീക്ഷം ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ ക്ഷേത്രപ്രവേശനവിളംബരം സൃഷ്ടിച്ചുതന്നിട്ടുണ്ടു്. സ്വാമിധർമ്മപ്രചരണത്തിനു ഈഴവസമുദായവും എസ്. എൻ. ഡി. പി. യോഗവും സന്നദ്ധമായിരിക്കുന്നുവെന്നുള്ള വസ്തുതയെ പ്രഖ്യാപനം ചെയ്യുന്ന

# പ്രണയകവിതകളും ആത്മഹത്യയും

(കെ. പി. ശങ്കരമേനോൻ, ബി. എ., ബി. എൽ.)

പാലായിലെ അനുശോചനയോഗത്തിൽവച്ച് മഹാകവി ശ്രീമാൻ വള്ളത്തോൾ നാരായണമേനോൻ "ഇന്നത്തെ പ്രണയകവിതകൾ യുവാക്കന്മാരെ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നു" എന്ന് പറഞ്ഞതായിക്കാണുന്നു. ഇന്നത്തെ സാഹിത്യകാരന്മാരിൽവച്ച് പലതുകൊണ്ടും ഒരു മാന്യസ്ഥാനത്തെ അലങ്കരിച്ചു വരുന്ന വള്ളത്തോളിന്റെ ഈ അഭിപ്രായം എത്രത്തോളം ആദരണീയമാണെന്നു ചിന്തിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

ആധുനിക മന:ശാസ്ത്രപണ്ഡിതന്മാർ ആത്മഹത്യയ്ക്ക് പല കാരണങ്ങളും പറയുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്ന് വ്യക്തികളും പരിതസ്ഥിതികളുമായുള്ള പൊരുത്തമില്ലായ്മയാണ്. ഈ പൊരുത്തമില്ലായ്മയെ നശിപ്പിച്ച് സമുദായത്തെ പുന:സംഘടിപ്പിക്കുന്നതിനു പകരം ഇന്നത്തെ വെറും ആദർശപരമായ സാഹിത്യം അതിനെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നേയൊള്ളു. ഈ ദൂഷ്യത്തിന് സാഹിത്യപരമായ പരിഹാരം സാദൃശ്യാത്മകമായ കൃതികളുടെ പ്രചാരംകൊണ്ടു മാത്രമേ സിദ്ധിക്കയൊള്ളു. മനുഷ്യന്റെ ആശകളും, അവന്റെ യാഥാർത്ഥികമായ അവസ്ഥയും തമ്മിൽ ഉണ്ടാകാൻ ഇടയുള്ള വൈപരീത്യം ചിലപ്പോൾ ചിലരെ ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചേക്കാം. എന്നാൽ ഇവ തമ്മിലുള്ള സംഘട്ടനത്താൽ ഉണ്ടാകുന്ന 'വികാരതീക്ഷ്ണത'യാണ് ആത്മഹത്യയ്ക്ക് യുവാക്കന്മാരെ പ്രേരിപ്പിക്കുന്നതെന്ന് പറയുന്നത്, പരിതസ്ഥിതികളെ മറന്ന്, അവയിൽനിന്നു മാത്രം ജാതമായ ഒരു ചെറുസംഭവത്തെ ഒരു മഹൽസംഭവകാരണമായി പറയുന്നതുപോലെയാണ്.

മനുഷ്യവർഗ്ഗത്തിന്റെ സംസ്കാരം പല പരിതസ്ഥിതികളുടേയും ഫലമായിട്ടാണ് ജാതമാകുന്നത്. സാഹിത്യവും ഈ സംസ്കാരസൃഷ്ടിക്ക് വളരെ സഹായിക്കുന്നുണ്ട്; സഹായിച്ചിട്ടുമുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ആംഗ്ലേയസാഹിത്യം നമ്മുടെ സംസ്കാരത്തിന്റെ വിപുലമായ വളർച്ചയ്ക്ക് പല വിധത്തിലും സഹായിച്ചിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. മററു യൂറോപ്യസാഹിത്യങ്ങളെ അപേക്ഷിച്ച് ഇംഗ്ലീഷ് സാഹിത്യത്തിനുള്ള ഒരു പ്രത്യേകത അതിൽ സാർവ്വത്രികമായി പ്രത്യക്ഷപ്പെട്ടു കാണുന്ന ആദർശവാദിത്വമാകുന്നു എന്ന് പാശ്ചാത്യസാഹിത്യകൃതികളെ താരതമ്യപ്പെടുത്തി (പരിഭാഷകളിൽ കൂടി മാത്രമെ ഇത് സാധാരണക്കാർക്ക് സാദ്ധ്യമാവുകയൊള്ളു എന്ന വസ്തുത വിസ്മരിക്കുന്നില്ല) പഠനം നടത്തിയിട്ടുള്ള സകലർക്കും അറിയാവുന്നതാണ്. മററു പാശ്ചാത്യദേശങ്ങളിലെ സാഹിത്യങ്ങളിൽ കാണുന്നിടത്തോളം സാദൃശ്യാത്മകത്വം (റിയലിസം) നാം ഇംഗ്ലീഷുഭാഷയിൽ കാണുന്നില്ല. കുറേക്കാലമായി നമ്മുടെ സാഹിത്യം അതിന്റെ പുതിയ മാതൃകകളെ അധികവും സ്വീകരിച്ചുവരുന്നത് ഇംഗ്ലീഷുസാഹിത്യത്തിൽനിന്നുമാണല്ലൊ. തൽഫലമായി നമ്മുടെ ഇന്നത്തെ സാഹിത്യം സാദൃശ്യാത്മകത്വത്തെക്കാൾ ആദർശാത്മകത്വത്തിന് കൂടുതൽ പ്രാധാന്യം നൾകുന്നതിൽ ഒട്ടുംതന്നെ അത്ഭുതപ്പെടുവാനില്ല.

സാധാരണക്കാരായ നമ്മുടെ വായനക്കാർ ഈ ആദർശാത്മകത്വത്തെ അധികമായി ദർശിക്കുന്നത്, യൗവനകാലത്തു അവർ വായിക്കുന്നതിൽ ഔത്സുക്യം കാണിക്കുന്ന പ്രേമകഥകളിലും പ്രണയ കവിതകളിലുമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇത്തരം കൃതികളുമായുള്ള നിരന്തരസമ്പർക്കം അവരിൽ ഈ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം വെറും ആദർശപരമായ ഒരു വികാരത്തേയും തദനുസരണമായ ഒരു മനഃസ്ഥിതിയേയും ജാതമാക്കുന്നു.

ആദർശങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിലുള്ള അന്തരങ്ങളെപ്പററി ഈ യുവാക്കൾ ചിന്തിക്കുന്നില്ല. അവരുടെ ജീവിതത്തിൽ ഉണ്ടായേക്കാൻ ഇടയുള്ള സകല സംഭവങ്ങളും, അവർക്ക് പരിചയമുള്ള സാഹിത്യത്തിൽ കീർത്തിച്ചിട്ടുള്ള ആദർശപരമായ സംഭവങ്ങളോടു സാദൃശ്യമുള്ളതായിവരണമെന്ന് അവർ ആഗ്രഹിക്കുന്നു. തൽഫലമായി അനുരാഗവിഷയത്തിൽ ഒരു പരാജയം മനശ്ചാഞ്ചല്യംകൂടാതെ വരിക്കുന്നതിനോ, ആദർശസാദ്ധ്യത്തിൽ വിജയിയാകാതെവന്നാൽ ശാന്തതയോടുകൂടി ജീവിതംനയിക്കുന്നതിനോ ഇവർ പ്രായേണ അപ്രാപ്തരായിത്തീരുന്നു. ഇമ്മാ

---

തിനുള്ള പ്രാരംഭക്രിയ ആയിരിക്കണം കനകോത്സവമെന്നാണ് ഞങ്ങൾ അഭിലഷിക്കുന്നത്. കനകോത്സവം ഈ മാസം 28-ാം തീയതി ശിവരാത്രി ദിവസം നടത്തണമെന്നു ചിലർ ആലോചിച്ചിരിക്കുന്നതായി അറിയുന്നു. അതിനു ഇനി പതിനൊന്നു ദിവസങ്ങൾ മാത്രമേയുള്ളു. ശിവരാത്രിക്കുതന്നെ ഈ കനകോത്സവംകൂടി നടത്തുന്നപക്ഷം അങ്ങനെയൊന്നു നടത്തി എന്നൊരു പേരുവരുത്താമെന്നല്ലാതെ കനകോത്സവത്തിന്റെ മഹനീയതയ്ക്ക് അനുരൂപമായി നടത്തുവാൻ സാധിച്ചു എന്നു വരുന്നതല്ല. അതിനാൽ ശിവരാത്രിദിവസം കനകോത്സവത്തിനുള്ള പ്രാരംഭാലോചനകൾമാത്രം നടത്തികൊണ്ടു ഉത്സവത്തിന് മറെറാരുദിവസം നിശ്ചയിക്കുന്നതു നന്നായിരിക്കുമെന്നു ഞങ്ങൾ പ്രവർത്തകന്മാരെ അറിയിച്ചുകൊള്ളുന്നു.


---

## കാട്ടാനയുടെ ശല്യം

നെടുമങ്ങാട്ടുതാലൂക്കിൽ മണ്ണൂർക്കര, ആര്യനാട് ഈ പകുതികളിൽ കാട്ടാനകളുടെ ശല്യംകൊണ്ടു വിളവുകൾക്കും കുടികൾക്കും അതിരററ ഉപദ്രവവും ഒരാൾക്കു ജീവഹാനിയും സംഭവിച്ചിരിക്കുന്നതിനാൽ വേണ്ട രക്ഷചെയ്യുകിട്ടണമെന്നു അവിടെയുള്ള ഏതാനുംപേർ വക്കീൽമുഖേന ഒരു മെമ്മോറിയൽ ദിവാൻജിക്കു സമർപ്പിച്ചിട്ടുള്ളതിന്റെ പകർപ്പു ഇവിടെ കിട്ടിയിരിക്കുന്നു. മെമ്മോറിയലിൽ കാണുംപോലെയുള്ള ഉപദ്രവങ്ങൾ കുടികൾക്കു ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ അവിടെയുള്ള റവന്യു ഉദ്യോഗസ്ഥന്മാരും മററും ഉറങ്ങുകയായിരുന്നോ എന്നു ഞങ്ങൾ സംശയിക്കുന്നു. ഊർജ്ജസ്വലനായ ദിവാൻജിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉടനെ പതിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

—:—

തിരി അവസരങ്ങൾ ധൈര്യസമേതം തരണംചെയ്തും ജീവസന്ധാരണം ചെയ്യുന്നതിനുള്ള കെല്പ് ഇക്കൂട്ടൎക്ക് ഇല്ലാതെയായിത്തീരുന്നു. ഇവരുടെ നിത്യപാരായണത്തിന് വിധേയമായിത്തീൎന്ന് അവൎക്കു താദാത്മ്യംസിദ്ധിച്ചിട്ടുള്ള ആദൎശപരവും, വിചിത്രാത്മകവുമായ റൊമാൻറിക് സാഹിത്യം ആദൎശശൈഥില്യം അനുഭവിച്ച് യാഥാൎത്ഥ്യങ്ങളോട് മല്ലിട്ട് ജീവിക്കുന്നതിനുള്ള ഉശിരിനെ അവരിൽനിന്നും നിഷ്കാസനം ചെയ്യുന്നു. ഇപ്രകാരം മേലാൽ ജീവിച്ചിരുന്നിട്ട് പ്രയോജനമില്ലാ എന്ന ഒരു മനോഭാവം കൈവരുന്നതോടുകൂടി ആത്മഹത്യപോലെയുള്ള അത്യാഹിതങ്ങൾക്ക് അവർ പ്രേരിതരായിത്തീരുന്നു. നേരെമറിച്ച് ആദൎശപരമായ കൃതികൾ വായിക്കുന്നതിന് ഉപയോഗപ്പെടുത്തിയ സമയം യാഥാൎത്ഥ്യത്തെ ചിത്രീകരിക്കുന്ന കലാപരമായ റിയലിസ്റ്റിക്ക് കൃതികൾ പാരായണംചെയ്യുന്നതിന് വിനിയോഗിച്ചിരുന്നെങ്കിൽ, മനുഷ്യജീവിതത്തിലെ വിവിധവശങ്ങളേയും ദശാസന്ധികളേയും പ്രയാസംകൂടാതെ തരണം ചെയ്യുന്നതിന് ഉതകുന്ന പ്രായോഗിക ജീവിതത്തിൻെറ ഏകദേശജ്ഞാനമെങ്കിലും ഇവൎക്ക് കൈവരുമായിരുന്നു. അതുകൊണ്ടാണ് മാനസിക വൈകല്യങ്ങളിൽ നിന്നു ജാതമാകുന്ന ഇമ്മാതിരി അത്യാഹിതങ്ങളെ തടയുന്നതിനുള്ള ഏക മറുമരുന്ന് സാദൃശ്യാത്മകതാപരമായ കൃതികളിലേയ്ക്കു നമ്മുടെ യുവാക്കളുടെ ശ്രദ്ധയെ പതിപ്പിക്കുകയാണ്. ടോൾസ്റ്റോയി, ഫ്ളോബർ, മൊപ്പസാങ്ങ്, സിഗ്റീഡ് അൺസെററി, സിങ്ക്ളയർ ലൂയി, വാൾട്ട് വിററ്മാൻ, അപ്ടൺസിങ്ക്ളയർ മുതലായവരുടെ സുപ്രസിദ്ധങ്ങളായ റീയലിസ്റ്റിക്ക് കൃതികളിലേക്ക് നമ്മുടെ സാഹിത്യകാരന്മാരും വായനക്കാരും അവരുടെ ദൃഷ്ടിതിരിക്കട്ടെ. ഇക്കൂട്ടർ തന്മയത്വത്തോടുകൂടി ചിത്രീകരിച്ചിട്ടുള്ള സജീവങ്ങളായ യാഥാൎത്ഥ്യങ്ങളുമായി അവർ പരിചയം സമ്പാദിക്കട്ടെ. മുൻ പ്രസ്താവിച്ച സാഹിത്യകാരന്മാർ വിശ്വസാഹിത്യത്തിൽ പ്രസിദ്ധന്മാരായിത്തീൎന്നിട്ടുള്ളവരാണ്. അവരുടെ കൃതികൾ ഒന്നാതരം കലാസൃഷ്ടികൾ കൂടിയാണ്. സാഹിത്യത്തിൽ



വില്യം കൈസർ

ഒളിച്ചോടിയ ജൎമ്മൻ ചക്രവൎത്തി

1888 മുതൽ 1918വരെ 30 കൊല്ലം ജൎമ്മൻ ചക്രവൎത്തിയായിരുന്നു. മഹായുദ്ധം അവസാനിക്കാറായഘട്ടത്തിൽ ജൎമ്മനിയിൽനിന്ന് ഒളിച്ചോടി ഹോളണ്ടിൽപോയി അവിടെ സ്ഥിരതാമസമാകുകയുംചെയ്തു. ഇപ്പോൾ 78 വയസ്സുണ്ടെങ്കിലും മരം മുറിക്കലാണ് ഇദ്ദേഹത്തിൻെറ പ്രധാനവ്യായാമം.

---

കലയേയും സാദൃശ്യാത്മകതത്വത്തേയും വേണ്ടുംവണ്ണം യോജിപ്പിച്ച്, അവരുടെ കൃതികളെ ആസ്വാദ്യതരങ്ങളാക്കിത്തീൎക്കുന്നതിനുള്ള പാടവം അവൎക്ക് ഉണ്ടായിരുന്നു. അവരുടെ കൃതികളാണ് നമ്മുടെ ചെറുപ്പക്കാർ വായിക്കേണ്ടതു്. അല്ലാതെ നാം ദൈനംദിനം കണ്ടുവരുന്ന അശ്ലീലതകളേയും വൈരൂപ്യങ്ങളേയും അതേ പ്രകാരത്തിൽ, ജുഗുപ്സാവഹമായരീതിയിൽ വിവരിച്ച്, അവയാണ് യഥാൎത്ഥ റീയലിസ്റ്റിക്ക് സാഹിത്യമെന്ന് പ്രതികാരത്തോടുകൂടി സ്വയം അഭിമാനിച്ചുവരുന്ന ഗ്രന്ഥകാരന്മാരുടെ കൃതികൾ അല്ല അവർ വായിക്കേണ്ടതെന്നുകൂടി ഓൎമ്മിപ്പിക്കുന്നതിന് ഈ അവസരത്തെ ഉപയോഗപ്പെടുത്തുന്നു.

മഹാകവി വള്ളത്തോളിൻെറ മേൽ ഉദ്ധരിച്ച വാചകത്തെ പരാമൎശിച്ചുള്ള ഒരു ലേഖനം സാഹിത്യചിന്തയിലെ വൈചിത്ര്യങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നതിനായി ഇയ്യിടെ മലയാളമനോരമയുടെ ഒരു ലക്കത്തിൽ കാണുന്നതിനിടയായി. അതിൽ വള്ളത്തോൾ കവിയെ അവഹേളിച്ചിരിക്കുന്ന ഭാഗങ്ങൾക്കൊ, ക്ളാസിക്ക് കവികളുടെ കൃതികൾ മഞ്ഞുകട്ടിപോലെ തണുത്തുറഞ്ഞ് കട്ടിപിടിച്ചിരിക്കുന്നു എന്ന വാചകത്താൽ അവസാനിക്കുന്ന അസംഗതങ്ങളായ മററു് അഭിപ്രായപ്രകടനങ്ങൾക്കൊ ഇവിടെ മറുപടി പറയണമെന്ന് വിചാരിക്കുന്നില്ല.

ഇന്നത്തെ പ്രണയ കവിതകൾ മിക്കതും ആദൎശപരമായവയാണ്. ഇത്തരം ആദൎശപരമായ പ്രണയകവിതകളേപ്പററിയാണ് മഹാകവി പറഞ്ഞിട്ടുള്ളതെങ്കിൽ അതിൽ ആരും ഒട്ടുംതന്നെ പരിഭവിക്കേണ്ട ആവശ്യമുണ്ടെന്നും തോന്നുന്നില്ല.

---

## ബ്രിട്ടീഷ് ഇൻഡ്യയിലെ തെരഞ്ഞെടുപ്പുഫലം

ബ്രിട്ടീഷ് ഇൻഡ്യയിൽ വിവിധസംസ്ഥാനങ്ങളിലേയും തെരഞ്ഞെടുപ്പ് പൂൎത്തിയായിരിക്കുന്നു. ഐക്യസംസ്ഥാനത്തെ അസംബ്ളിയിൽ ആകെ 228 മെമ്പർമാരുണ്ട്. അവരുടെ വിവരം താഴെ ചേൎക്കുന്നു.

| | |
|---|---|
| കാൺഗ്രസ് കക്ഷിക്കാർ | 133 |
| മുസ്ലീം സ്വതന്ത്ര കക്ഷിക്കാർ | 29 |
| മുസ്ലീം ലീഗ് കക്ഷിക്കാർ | 27 |
| ദേശീയ കക്ഷിക്കാർ | 18 |
| ഹിന്ദു സ്വതന്ത്ര കക്ഷിക്കാർ | 9 |
| ജന്മിമാർ | 6 |
| യൂറോപ്യന്മാർ | 3 |
| ഇന്ത്യൻ ക്രിസ്ത്യാനികൾ | 2 |
| ആംഗ്ലോഇൻഡ്യാക്കാർ | 1 |
| ഹിന്ദുമഹാസഭക്കാർ | 0 |

—:—

## ടെലഫോൺമുഖേന തെരഞ്ഞെടുപ്പു പ്രസംഗം

ബ്രിട്ടീഷ് പാർലമെൻറ് മെമ്പറായ മേജർ ക്രർടോംസ് ടെലിഫോൺമുഖേന അദ്ദേഹത്തിൻെറ നിയോജകമണ്ഡലവാസികളോട് ലണ്ടനിൽ ഇരുന്നുകൊണ്ട് ഒരു പ്രസംഗം ചെയ്തിരിക്കുന്നു. ഈ ഏൎപ്പാട് വളരെ വിജയപ്രദമായി കണ്ടതിനാൽ ഭാവിയിൽ തെരഞ്ഞെടുപ്പുമത്സരങ്ങളിലും മററും ടെലഫോൺ ഒരു പ്രധാന ഉപകരണമായിത്തീരുമെന്നു വിചാരിക്കപ്പെടുന്നു.

# ഭൂതകാലചിന്ത

(കൈരളീദാസൻ)

കഴിഞ്ഞുപോയ സംഭവങ്ങളും വ്യഥാവിൽ കടന്നുപോയ ജീവിതവും വിനഷ്ടാവസരങ്ങളും ആലോചിച്ചു ഖേദിക്കുന്നതു ഭാവിയെക്കൂടി തദനുരൂപമായി നിർഭാഗ്യകരമാക്കിത്തീർക്കുന്നതിനേ പ്രയോജകീഭവിക്കൂ. കഴിഞ്ഞകാലങ്ങളിൽ ചെയ്തുകൂട്ടിയ അബദ്ധങ്ങളിൽ നിന്നു ലഭിച്ച ഗുണപാഠങ്ങൾ ഭാവിജീവിതത്തിനു മാർഗ്ഗദർശകങ്ങളായിരിക്കുമെങ്കിലും, വിജിഗീഷുക്കൾ ഉപസംഹരിച്ചു കഴിഞ്ഞ ആ ജീവിതാദ്ധ്യായങ്ങൾ തുറന്നുവായിക്കാതിരുന്നാൽ ആയിരം മടങ്ങു പ്രയോജനമാണ് അതുകൊണ്ടുണ്ടാകാനുള്ളത്. ഭൂതകാലനിർഭാഗ്യങ്ങൾ ഇന്നത്തേയും ഭാവിയിലേയും ജീവിതസരണിയെ 'ഭയചകിത'മാക്കിത്തീർക്കുന്ന നിർഭാഗ്യനിഴലുകൾ വീശുകയാണെങ്കിൽ അതുകൊണ്ടുള്ള ഉപകാരമെന്തായിരിക്കും. ഇന്നത്തെ ജീവിതപ്പോർക്കളത്തിൽ ഇന്നലത്തെ ദയനീയപരാജയസ്മരണകൾക്കു സ്ഥാനം നൽകി ആശാഭരിതമായിരിക്കേണ്ട സമരരംഗത്തെ ഇരുൾനിറഞ്ഞതാക്കിത്തീർക്കരുത്. ഇന്നത്തെ സുദിനവും ഭാവിയും പരിപാവനങ്ങളാണ്. ആശാകിരണങ്ങൾ വീശിയുദിച്ചുയർന്നുവരുന്ന നവസുദിനങ്ങളാണവ. ചരമമടഞ്ഞുപോയ ഭൂതകാലത്തിനു അവയെ സ്പർശിക്കുവാൻപോലും യാതൊരധികാരവുമില്ല; അതിനനുവദിക്കുകയുമരുത്.

ഭൂതകാലനിർഭാഗ്യങ്ങളെപ്പററിയുള്ള ദുരന്തചിന്തയാൽ ജീവിതത്തെ ശോകാകുലമാക്കിത്തീർക്കുന്നവർ വളരെയാണ്. ഇക്കാലത്തിൽ വിനിയോഗിക്കേണ്ട സമയം നവവും സുന്ദരവുമായ ഒരു ജീവിതസംരംഭത്തിനുവേണ്ടി അധികംപേരും വിനിയോഗിക്കുന്നില്ല. ഭൂതകാലദുശ്ചിന്തയിൽനിന്നു നാം വിമുക്തരാകണം. നശിച്ചുപോയ ആ ദിനങ്ങളിൽനിന്നു യാത്രപറഞ്ഞു വേർപെടണം. ചരമമടഞ്ഞുപോയ അക്കാലത്തെ എന്നന്നേക്കുമായി ഉപസംഹരിച്ചു ആശാഭരിതമായും ഉന്നതാദർശങ്ങളെ ലക്ഷീകരിച്ചും നവോന്മേഷത്തോടുകൂടിയും ഒരു പുതിയ അദ്ധ്യായത്തെ ആരംഭിക്കുകയും പരിപാലിക്കുകയും ചെയ്യണം. കഴിഞ്ഞകാലത്തിന്റെ വിചാരലേശംപോലും മനഃസരസ്സിനെ അസ്വസ്ഥമാക്കാൻ അനുവദിക്കരുത്.

ചുററുപാടുകളേയോ, തലയിലെഴുത്തിനേയോ, നിർഭാഗ്യങ്ങളെയോ എല്ലാം പററി ഖേദാകുലനായതുകൊണ്ടോ, ആവലാതിപ്പെട്ടതുകൊണ്ടോ യാതൊരു ഗുണവും സിദ്ധിക്കാനില്ല; ഉള്ളതു വർദ്ധിച്ചു ദയനീയമായിത്തീരാനേ പ്രസ്തുത മനോഭാവം ഉപകാരപ്പെടുകയുള്ളു. ഭാസുരഭാവിയുടെ പരമശത്രുവാണു ഭൂതകാലചിന്തകൾ. ഈ സ്വഭാവം പരാജയപ്രതീതിയും അശുഭാപ്തിവിശ്വാസവും വളർത്തി സാഹചര്യങ്ങളെ കൂടുതൽ ദുർബലമാക്കുകയുമായിരിക്കും ചെയ്യുക. അവയിൽക്കൂടി വിജയാനന്ദരശ്മികൾക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

ഇന്നത്തെ വിചാരങ്ങളാണു നാളത്തെ ഭാവിയെ രൂപീകരിക്കുന്നത്. നിരാശാനിമഗ്നതയിൽനിന്നു വളർന്നുവരുന്ന ഫലങ്ങളും അതുപോലെ ദൂഷ്യം നിറഞ്ഞതേ ആയിരിക്കൂ. പതിർവിതച്ചു പുഷ്ടമായ നെല്ലുകൾ കൊയ്യുവാൻ കഴിയുന്നതല്ലല്ലോ.

സാഹചര്യങ്ങൾ പ്രതികൂലമാണ്, മനുഷ്യരെല്ലാം ക്രൂരന്മാരും വഞ്ചകന്മാരുമാണ്, അസൂയാകുക്ഷികളാണ്, ലോകത്തിൽ നീതിയില്ല, വേലക്കു കൂലിയില്ല, കാലം മറിഞ്ഞു, തലയിലെഴുത്തു തെററി, എന്നെല്ലാം പഴിച്ചും ഖേദിച്ചും സ്വശക്തിയെ ക്ഷയിപ്പിക്കുന്നതു സങ്കുചിതവും നാശകരവുമായിരിക്കും. പ്രതിബന്ധങ്ങളെ കുലുങ്ങാതെ സധീരം അഭിമുഖീകരിക്കണം. കഷ്ടതകൾ സഹിച്ചും അവയെ തരണംചെയ്യുവാൻ നാം തയ്യാറായിരിക്കണം. അസമത്വങ്ങളും ഭിന്നരുചിയും നിറഞ്ഞ ലോകത്തിൽ പ്രതിബന്ധങ്ങളും ബുദ്ധിമുട്ടുകളും തരണംചെയ്യാതെ നിവൃത്തിയില്ല. ഉത്തരവാദിത്വബോധമില്ലാതെ ഒഴിഞ്ഞുമാറുന്നവനെ വരണമാല്യവുമായി വിജയലക്ഷ്മി അഭിമുഖീകരിക്കുകയില്ല.

പരിപൂർണ്ണപ്രാപ്തിയും ശക്തിയും മനുഷ്യൻ പ്രത്യക്ഷപ്പെടുത്തുന്നതു മനസ്സിന്റെ വിവിധ ഘടകങ്ങൾ സമാധാനമായും ശാന്തമായും പ്രവർത്തിക്കുമ്പോളാണ്. ഭൂതകാലപരാജയസ്മരണയിൽ നിന്നുണ്ടാകുന്ന ഭീതികലർന്ന ആശങ്കയും അസ്വസ്ഥതയുമാണു അതിനെ തകർക്കുന്ന ആഗ്നേയാസ്ത്രങ്ങൾ. ഭൂതകാലനിർഭാഗ്യങ്ങൾ ചിന്തിച്ചു, മനസ്സു കലങ്ങിയും സംശയംനിറഞ്ഞും കഴിഞ്ഞുകൂടുന്ന ഒരു പ്രതിഭാവിലാസിക്കുപോലും മനസ്സും ശരീരവും ഏകോപിച്ചു പ്രവർത്തിക്കുന്നതിന്റെ ഫലമായുള്ള സ്വാതന്ത്ര്യവും, സുമോഹനവുമായ ജീവിതസംഗീതം അനുസ്യൂതമായി പ്രവഹിപ്പിക്കുവാൻ കഴിയുന്നതല്ല.

അക്ഷമയും മനക്കലക്കവും വഴക്കുകളും മാനസികമായും ശാരീരികമായും മനുഷ്യനെ എന്തുമാത്രം ക്ഷയിപ്പിക്കുന്നുണ്ടെന്നു മനസ്സിലാക്കുന്നവർ ചുരുക്കമാണ്. വഴക്കടിച്ചുവരുന്നവന്റേയും ചിന്താകുലന്റേയും ക്ഷീണിച്ചു വിരൂപമായ വിഷാദഛായകലർന്ന മുഖം സൂക്ഷിച്ചാൽ മതി ഈ വാസ്തവം ബോദ്ധ്യമാകാൻ. മനുഷ്യയന്ത്രം അത്ഭുതാവഹമായ ഒന്നാണ്. അതിന്റെ പരിപാലനം സൂക്ഷിച്ചും ചിട്ടയോടുകൂടിയും ചെയ്താൽ മാത്രമേ പരിപൂർണ്ണഫലം കരലബ്ധമാകൂ. പലകാലംകൊണ്ടു സ്വരൂപിച്ചു വർദ്ധിപ്പിക്കുന്ന നിക്ഷേപസംഖ്യ ഒരാലോചനയുംകൂടാതെ ധൂർത്തടിക്കുന്നതിനോടൊപ്പം വളരെക്കാലംകൊണ്ടു സമാർജ്ജിക്കുന്ന മനഃശക്തിയും ജീവശക്തിയും കലഹങ്ങൾക്കും മോഹവിചാരങ്ങൾക്കും അസൂയാവഹ്നിക്കും വൈരനിര്യാതനത്തിനുമായി ചിലവഴിക്കരുത്. കൃത്യനിഷ്ഠാപരമായ കാര്യപരിപാടിയോടുകൂടിയതായിരിക്കണം ജീവിതചര്യകൾ. ഉൽകൃഷ്ടാദർശസമ്പന്നമായിരിക്കണം ദിനചര്യകൾ. മടിപിടിച്ചിരിക്കുമ്പോൾ കടന്നുകൂടുന്ന നിയന്ത്രണാധീനമല്ലാത്ത ഭൂതകാലചിന്തകൾക്കു മനസ്സിൽ സ്ഥലമനുവദിക്കരുത്. ഏതാദൃശമായ ജീവിതം ഭൂതകാലചിന്തയാലുണ്ടാകുന്ന ജീവിതപരാജയകാരണങ്ങളെ ഉന്മൂലനാശം ചെയ്തുകൊള്ളും.

സ്രഷ്ടാവിന്റെ ഉദ്ദേശനിർവ്വഹണാർത്ഥം പരമോന്നതലക്ഷ്യങ്ങളെ അഭിമുഖീകരിച്ചു മനുഷ്യയന്ത്രം അതിന്റെ മംഗളഗീതം പാടണമെങ്കിൽ മരിച്ചു മറഞ്ഞുപോയ ഭൂതകാലത്തെ സ്പർശിക്കാതെ വിശിഷ്ടാദർശപ്രണയിയായി, നവോന്മേഷഭരിതമായി സിരകളാകുന്ന തന്തുക്കൾ ഉജ്ജ്വലമായി കൃത്യനിഷ്ഠയോടുകൂടി സുതരാം പ്രചലിച്ചുകൊണ്ടിരിക്കണം.

—:—

# ആ ദൗർഭാഗ്യം സംഭവിക്കാതിരിക്കട്ടെ!

(കെ. കെ. രാഘവപ്പണിക്കർ)

ഈഴവസമുദായം, ക്രൈസ്തവ-മുസ്ലീം സമുദായങ്ങളുമായി സംഘടിച്ച് ഒരു രാഷ്ട്രീയപ്രക്ഷോഭണത്തിന് സന്നദ്ധമായതു്, നായർസമുദായത്തോടു പ്രത്യേകമായുള്ള വൈരംകൊണ്ടാണെന്ന് പലരും ദുർവ്യാഖ്യാനം ചെയ്യുന്നുണ്ട്.



യാഥാർത്ഥ്യങ്ങളെ നിഗ്രഹനം ചെയ്തുകൊണ്ടുള്ള ഈ ദുർവ്യാഖ്യാനത്തിന്റെ ഉള്ളുകള്ളികൾ കൊല്ലത്തുവച്ച് ഈയിടെ നടന്ന നായർസമുദായപ്രമാണികളുടെ ആലോചനായോഗത്തിലെ നടപടികൾ ലോകസമക്ഷം വ്യക്തമായി പ്രഖ്യാപനംചെയ്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. വെറും തീപ്പൊരി പാറുന്ന വെല്ലുവിളിയല്ലാതെ, യാതൊരു രഞ്ജകമനോഭാവവും അവിടെയെങ്ങും ദൃശ്യമായിരുന്നില്ല. ഏറെക്കാലമായി കൈയേററംചെയ്തു സ്വാധീനപ്പെടുത്തിയിട്ടുള്ള അന്യരുടെ അവകാശങ്ങളെ വിട്ടുകൊടുക്കണമെന്നുവരുമ്പോൾ ഇത്തരം 'വെകിളി'കൾ കാട്ടിപ്പോകുന്നതിൽ അത്ഭുതത്തിന് തീരെ ഇടയില്ല. അതിന്റെ അപരാധം അന്യരിൽ ആരോപിക്കാൻ ശ്രമിക്കുന്നതാണ് ആത്മവഞ്ചന. അല്പം വിട്ടുവീഴ്ചകൾ സഹിക്കേണ്ടിയിരുന്നാൽതന്നെയും നായർസമുദായവുമായി സർവ്വാത്മനാ സഹകരിക്കുന്നതിൽ ഈഴവസമുദായം ഇതുപര്യന്തം അസന്നദ്ധതകാണിച്ചിട്ടില്ലെന്നുള്ളതു് പ്രസിദ്ധമാണ്. എന്നാൽ നായർസമുദായം അങ്ങനെയുള്ള സഹകരണത്തിന് സമുചിതമായ സന്മനോഭാവം പ്രദർശിപ്പിച്ചിട്ടുള്ള സന്ദർഭങ്ങൾ തുലോം വിരളമായിരുന്നുവെന്നുള്ളതാണ് പരമാർത്ഥം. ഇതു് അവരുടെ സഹകരണവൈമുഖ്യം കൊണ്ടായിരുന്നുവെന്നു പറയുന്നതു് ശരിയല്ലെങ്കിൽ, തികഞ്ഞ സ്വാർത്ഥപ്രസക്തികൊണ്ടായിരുന്നുവെന്ന് നിരാക്ഷേപമായി അഭിപ്രായപ്പെടാവുന്നതാകുന്നു.

ഈ സ്ഥിതിയിൽ ഈഴവസമുദായം അമ്പരന്നിരിക്കവേയാണ് തുല്യദുഃഖിതരായി കാണപ്പെട്ട ക്രൈസ്തവ-മുസ്ലീം സമുദായങ്ങളുമായി സംഘടിച്ച് തങ്ങളുടെ അവകാശസമ്പാദനത്തിനായി പ്രക്ഷോഭണം നടത്താൻ ഈഴവസമുദായം സന്നദ്ധമായതു്. ഇതിൽ വിവേകികളായ നായർസഹോദരന്മാർക്കു യാതൊരുവിധമായ അസഹിഷ്ണുതക്കും കാരണമില്ലാത്തതാണെന്നാണ് എന്റെ ദൃഢമായ വിശ്വാസം. അവർ സംഘടിച്ചു പ്രവർത്തിച്ചു; നഷ്ടപ്പെട്ടിരുന്ന അവകാശങ്ങൾ ഒട്ടുമുക്കാലും നേടി; ആ നേട്ടങ്ങൾ പ്രായോഗികമാക്കാനുള്ള സന്ദർഭവും സമാഗതമായിരിക്കുന്നു. ഈ അവസരത്തിലാണ് സമുദായത്തിലെ ഓരോ വ്യക്തിയും തങ്ങളുടെ അഭിമാനത്തെയും പൌരുഷത്തെയും സംരക്ഷിക്കാൻ പൂർവ്വാധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നതു്.

സംഘടനയുടെ ശക്തി നാം മനസ്സിലാക്കിക്കഴിഞ്ഞു. ഒരു മഹത്തായ സംഘടനയുടെ കേന്ദ്രീകൃതാസ്ഥാനമാണ് എസ്. എൻ. ഡി. പി. യോഗം. വിശ്വോത്തരമഹാനായിരുന്ന സ്വാമിതൃപ്പാദങ്ങളുടെ തിരുനാമത്തെക്കൂടി ഘടിപ്പിച്ചു പവിത്രീകരിച്ചിട്ടുള്ള ആ മഹാകേന്ദ്രത്തിന്റെ കൊടിക്കൂറയുടെ തണലു പററിക്കൊണ്ടാണ് ഈഴവസമുദായം അവരുടെ നാനാമുഖങ്ങളായ അഭിവൃദ്ധികൾക്കുമായി സമരംനടത്തി വിജയം വരിച്ചിട്ടുള്ളതു്. അങ്ങനെയുള്ള നമ്മുടെ ജീവൽകേന്ദ്രമായ യോഗത്തിന്റെ നിർദ്ദേശങ്ങളെ അപലപിക്കാൻ മുതിരുന്നതു് മുഴുത്ത സമുദായദ്രോഹമെന്നു മാത്രമല്ല, തികഞ്ഞ ഗുരുദ്രോഹംകൂടിയായിരിക്കുമെന്ന് എല്ലാവരും ഓർക്കേണ്ടതാണ്. നമ്മുടെ നിരന്തരമായ പ്രക്ഷോഭണത്തെ പ്രധാനമാക്കിക്കൂടി നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിൽനിന്നു് കല്പിച്ചുണ്ടായ ക്ഷേത്രപ്രവേശന വിളംബരം മതാത്മകമായ നമ്മുടെ അവശതകളെ ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്. ശേഷിച്ചുനില്ക്കുന്നതു് രാഷ്ട്രീയാവശതകളാണ്. അതിലേക്ക് ഏതാനും സീററുകൾ നിയമസഭകളിലേക്ക് പ്രത്യേകമായി ഗവമ്മെൻറിൽനിന്നും നമുക്ക് സംവരണംചെയ്തു തന്നിട്ടുണ്ട്. ഈ അ


## എന്റെ മഹാഭാഗ്യം

### ആർ ശിവതാണവൻ തമ്പി

ഞാൻ ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ പഠിച്ചിട്ടേയില്ല. എന്നാൽ ഇംഗ്ലീഷ് കറസ്പണ്ഡൻസ് സ്കൂളിൽ നിന്നു എ. ബി. സി. മുതൽ പഠിച്ച് 108 വൃശ്ചികമാസത്തിൽ തിരുവനന്തപുരത്തുവച്ചു നടന്ന കേംബ്രിഡ്ജ് സീനിയർ പരീക്ഷയിൽഏററവും പ്രശസ്തമായ രീതിയിൽ ജയിച്ച് തിരുവനന്തപുരത്ത് ആർട്ട്സ്കാളേജിൽ ചേരുന്നതിനു സാധിച്ചിരിക്കുന്നു. ഇതിലേക്കുവേണ്ട പഠിപ്പുലഭിച്ചതു് ഇംഗ്ലീഷ് കറസ്പാണ്ഡൻസ് സ്കൂളിൽ നിന്നുമാണ്. ഈ സ്കൂളിലെ ആദ്യവർഷത്തെ പഠിപ്പിലേക്കു ഫീസ് രൂപാ 15-ം മൂന്നുതവണകളിലായി അടച്ചുതീർക്കാം മുൻകൂർരൂപാ 10. ആക്കും സ്വഗൃഹങ്ങളിൽ താമസിച്ച് സ്വന്തംജോലിക്ക് വിഘ്നംകൂടാതെ പഠിക്കാം.

ആ സ്കൂളിലെ ആദ്യവർഷത്തെ പഠിപ്പിൽനിന്നും ഞാനാശിച്ചിരുന്നതിൽ തുലോം കൂടുതൽപഠിപ്പ് എനിക്കു ലഭിച്ചിരിക്കുന്നതിനാൽ വർഷാവസാന പരീക്ഷയ്ക്കുള്ള ഫീസ് രൂപാ അഞ്ചും എന്റെ പാരിതോഷികമായ രൂപാ പത്തും സ്വീകരിച്ചു എന്നെ അനുഗ്രഹിപ്പാനപേക്ഷ." 1–9–34. സി. പി. മുഹമ്മദു, സിലോൺ

കേംബ്രിഡ്ജ് സീനിയറിന് പഠിപ്പിക്കുന്നതിൽ അവിടുന്നു ആവശ്യപ്പെടുന്ന തുക തന്നുകൊള്ളാം. ഇതു സഹിതം അയക്കുന്ന കമ്പിമണിയാർഡർ സ്വീകരിച്ച് പാഠങ്ങൾ അയച്ചുതുടങ്ങുമല്ലോ. സി. പി. മുഹമ്മദ്, സിലോൺ

അപേക്ഷിക്കേണ്ടും മേൽവിലാസം,

ആർ. അച്ചുതൻതമ്പി ബി. ഏ.,
ഇംഗ്ലീഷ് കറസ്പാണ്ടൻസ്സ്കൂൾ,
കല്ലാലക്കടവു (അഞ്ചൽ) തിരുവനന്തപുരം (പോസ്റ്റ്)

വകാശസമ്പാദനത്തിന് വേണ്ടി നാം സഹിക്കേണ്ടിവന്ന ത്യാഗങ്ങളും ശ്രമങ്ങളും എത്രമേൽ അനിവാര്യങ്ങളായിരുന്നുവെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടതായിട്ടില്ലല്ലൊ. അത്ര ശ്രമപ്പെട്ടു നാം സമ്പാദിച്ചിട്ടുള്ള പ്രസ്തുത അവകാശങ്ങളെ കാര്യക്ഷമമായി പ്രയോഗത്തിൽ വരുത്തുന്നതിലാണ് അതിൻെറ വിജയം യഥാർത്ഥമായി സ്ഥിതിചെയ്യുന്നതു്. അതിലേക്ക് എസ്. എൻ. ഡി. പി. പാർലമെൻററിബോർഡു കൂടി കാര്യമായി ആലോചന നടത്തി നിയമസഭകളിലേക്കുള്ള സ്ഥാനാർത്ഥികളെ തെരഞ്ഞെടുത്തിരിക്കയാണല്ലൊ. ഈ സ്ഥാനാർത്ഥികൾക്കു എതിരായി മററാരും .രംഗപ്രവേശം ചെയ്യുന്നതിനിടയാകാതെ നിർദ്ദിഷ്ട സ്ഥാനാർത്ഥികളെ തന്നെ എതിരില്ലാതെ നിയമസഭയിലേക്കയയ്ക്കുകയാണ് ഇനിമേൽ സമുദായത്തിൻെറ കർത്തവ്യം. ബോർഡു ഇലക്ഷനിൽനിന്ന് തോററുപോയവരിൽ ചിലരെ ചില അന്യസമുദായവ്യക്തികളും, നമ്മുടെ സമുദായത്തിലെതന്നെ ചില കബുദ്ധികളും സമീപിച്ച് തങ്ങളുടെ വിഷബീജം കുത്തിവച്ച് എതിർപ്രചരണത്തിന് വട്ടംകൂട്ടാൻ ഗൂഢമായി പരിശ്രമിച്ചുവരുന്നതായി പറയപ്പെടുന്നു. ഈ പറച്ചിൽ വാസ്തവമാണെങ്കിൽ, അങ്ങനെ പറയുന്നവരെപ്പോലെ കൊട്ടും പാതകികളും, ആ പറച്ചിൽ കേൾക്കുന്നവരെപ്പോലെ പടു വിഡ്ഢികളും വേറെ ഇല്ലെന്നു ഇപ്പോഴല്ലെങ്കിൽ അടുത്ത ഭാവിയിൽതന്നെ അവർക്കും മനസ്സിലാകുന്നതുതന്നെ. അഥവാ ഈ കുതന്ത്രത്തിൽപെട്ടു മത്സരിച്ചു വിജയം നേടിയാൽതന്നെ അതൊരു പരാജയമായിട്ടല്ലാതെ പരിണമിക്കാൻ ഇടയില്ലെന്നു പരാപേക്ഷകൂടാതെ അല്പം ആലോചിച്ചാൽ ആർക്കും ബോദ്ധ്യപ്പെടുന്നതാകുന്നു. സമുദായത്തിനുള്ളിൽതന്നെ ഒന്നോ രണ്ടോ കൊച്ചു കൊച്ചു "കറുത്ത ആടു"കളും, "കോടാലിക്കൈ"കളും ഉണ്ടായിത്തീരുന്ന ആ ദൌർഭാഗ്യം സമുദായത്തിന് സഹിക്കേണ്ടി വരികയെന്നുള്ളതു് സമുദായഭക്തന്മാർക്കു തീരെ സഹ്യമായിട്ടുള്ളതല്ല. വിശിഷ്യ, ഈ അവകാശസമ്പാദനത്തിനായി സധീരം പോരാടി ഇപ്പോൾ പൂജപ്പുരയിൽ "വിരമിച്ചൊരു യുദ്ധനൌക" പോലെ വിശ്രമം കൊള്ളുന്ന ആ ത്യാഗിവര്യൻ പുറത്തിറങ്ങുമ്പോൾ, ആ അവകാശങ്ങളുടെ അനുഭോക്താക്കളുടെ ഇടയിൽ കാണുന്ന "കടിപിടി"ക്കു എന്തു സമാധാനമാണു പറയാനുള്ളതെന്നു ഓരോരുത്തരും ആലോചിക്കേണ്ടതാണ്. അന്ന് ഈ കുണ്ടുജപന്മാരും കലാപകാരികളും ആരും കണ്ടെന്നു വരുന്നതല്ല. കുലം കുത്തുന്ന കുടുംബദ്രോഹികളുടെ അത്തരം കുചേഷ്ടിതങ്ങൾ ഒരു കാലത്തും സംഭവിക്കാതെ പോകട്ടെ!

—:—

## ഗവർമ്മെൻറിൻെറ ശ്രദ്ധയ്ക്കു

—:—

ആലപ്പുഴ— അരൂർ റോഡിൽ പതിനെട്ടാംമൈലിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണ് പട്ടണക്കാട്ടു പൊന്നാംവെളിച്ചന്ത. പ്രസ്തുത ചന്തയുടെ അഭിവൃദ്ധിക്ക് ഏററവും ആവശ്യമായിട്ടുള്ളതു് ഒരു തോടാണ്. അനേക വർഷങ്ങളായി ഹർജികൾ, ഡെപ്യൂട്ടേഷൻ, പ്രജാസഭ, നിയമസഭ മുതലായ പ്രതിനിധി സ്ഥാപനങ്ങളിൽ നിവേദനങ്ങൾ ഇവ മുഖേന സങ്കടം പറഞ്ഞതിൻെറ ഫലമായിട്ടാണ് മുട്ടംകായലിൽനിന്നു പൊന്നാംവെളിച്ചന്ത വഴി പൊഴിച്ചാലിലേയ്ക്കു ഒരു തോടുവെട്ടുന്നതിനുള്ള സ്ഥലം നോക്കുകയും തോടു അനുവദിക്കുകയും ചെയ്തിട്ടുള്ളതു്. എന്നാൽ തോടു വെട്ടുന്നതിനു കാലതാമസംവരുന്നതു് പണത്തിൻെറ കുറവാണെന്നാണു പലരും വിശ്വസിച്ചിരുന്നതു്. ഈ വിശ്വാസത്തിനു ഭംഗംവരത്തക്ക ചില ലക്ഷണങ്ങൾ കാണുന്നുണ്ട്. ഇതിനടുത്ത പതിനാറാംമൈലിൽ ഒരു തോടുവെട്ടുന്നതിനു ഞങ്ങളുടെ എം. എൽ. എ. മുതൽപേരുടെ പരിശ്രമത്തിൽ ഈയിടെ ഒരു യോഗംകൂടിയതായും തോടുവെട്ടു ആരംഭിച്ചിട്ടുള്ളതായുമറിയുന്നു. ഇപ്രകാരം ഒരു തോടുവെട്ടുന്നതിനു ഗവമ്മെൻറിൽനിന്നു വല്ല ആനുകൂല്യവും ലഭിക്കുവാൻ ഇടയാവുകയോ തോടു പൂർത്തിയാവുകയോ ചെയ്യുന്നപക്ഷം മുപ്പതിൽപരം വർഷമായി ദൈനന്ദിനം അഭിവൃദ്ധിപ്രാപിച്ചിരുന്ന പൊന്നാംവെളിച്ചന്തയും കച്ചവടങ്ങളും നശിക്കുന്നതും തോടുവരുമെന്നുള്ള പ്രതീക്ഷയോടുകൂടി അനേകായിരംരൂപ ചിലവുചെയ്തു പണിയിച്ചിട്ടുള്ള പീടിക കെട്ടിടങ്ങളും മററും നിരുപയോഗമായിത്തീരുന്നതും ഭീമമായ സംഖ്യ നാട്ടുകാർക്കും കച്ചവടക്കാർക്കും നഷ്ടപ്പെടുന്നതുമാണ്. ചേർത്തല ടൗണിനും കുത്തിയതോടു കമ്പോളത്തിനും മദ്ധ്യേ സ്ഥിതിചെയ്യുന്ന പൊന്നാംവെളിചന്തയാണ് തുറവൂർ, പള്ളിപ്പുറം, കടക്കരപ്പള്ളി എന്നുവേണ്ട പടിഞ്ഞാറു കടൽത്തീരവാസികൾപോലും തങ്ങളുടെ ക്രയവിക്രയസാധനങ്ങളായ മത്സ്യം, കയർ, കൊപ്ര മുതലായവ വില്ക്കുകയും നിത്യാവശ്യങ്ങൾക്കുള്ള സാമാനങ്ങൾ വാങ്ങുകയും ചെയ്യുന്നതിനു ഉപയോഗപ്പെടുത്തിവരുന്നതു്. പൊന്നാംവെളി തോട് ദിവാൻ മി: വാട്ട്സ്, മുമ്പു ചീഫ്എഞ്ചിനീയരായിരുന്ന മി: നടേശയ്യർ, ഇപ്പോഴത്തെ ചീഫ്എഞ്ചിനീയർ തുടങ്ങി പല ഉദ്യോഗസ്ഥന്മാരും സ്ഥലത്തുവന്നു കാണുകയും തോട് ഈ സ്ഥലത്തു ഏററവും അത്യാവശ്യമാണെന്നു അഭിപ്രായപ്പെടുകയും ചെയ്തിട്ടുള്ളതുമാണ്. മുക്കാൽമൈൽ മാത്രം വെട്ടിയാൽ ഈ തോടു ഗതാഗതത്തിനു സൌകര്യപ്പെടുന്നതാകുന്നു. അഭിവൃദ്ധിപ്പെട്ടുവരുന്ന പൊന്നാംവെളിചന്തയുടെ ഭാസുരമായ ഭാവിയെ പതിനാറാംമൈൽ തോടുമൂലം നശിപ്പിക്കാതിരിക്കുവാൻ ഇന്നാട്ടുകാരുടെ അഭയസ്ഥാനമായപൊന്നാംവെളിചന്തത്തോട് ഉടനടി വെട്ടിച്ചുതന്നു ഞങ്ങളെ അനുഗ്രഹിക്കുവാൻ ഗവമ്മെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു.

കെ. കെ. എൻ. പി.



വി. കെ. വേലായുധൻ ബി. എ. ബി. എൽ. ആക്ടിങ്ങ് ജനറൽ സെക്രട്ടറി, എസ്. എൻ. ഡി. പി. യോഗം. വൈസ്-പ്രസിഡണ്ട്, സംയുക്തരാഷ്ട്രീയകാൺഗ്രസ്. വക്കീൽ, ആലപ്പുഴ. ഇദ്ദേഹമാണ് അടുത്തുവരുന്ന നിയമസഭാതെരഞ്ഞെടുപ്പിൽ ശ്രീമൂലം അസംബ്ളിയിലേക്കു അമ്പലപ്പുഴ–ചേർത്തല നിയോജക മണ്ഡലത്തിൽ എസ്. എൻ. ഡി. പി. യോഗം പാർലിമെൻററി ബോർഡിനാലും സംയുക്ത രാഷ്ട്രീയ കാൺഗ്രസ് പാർലിമെൻററി ബോർഡിനാലും അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥാനാർത്ഥി.

# നായന്മാരുടെ പൂർവ്വചരിത്രം

(പന്തളം കെ. പി. രാമൻപിള്ള, ബി. എ.)

മനുഷ്യൻ കുരങ്ങിൽനിന്നുമാണുത്ഭവിച്ചതെന്നു ഡാർവിൻ പറഞ്ഞപ്പോൾ അതു സമ്മതിക്കാൻ പലർക്കും വിഷമം തോന്നി. നമ്മുടെ മൂത്തച്ഛന്മാർക്കു വാലുണ്ടായിരുന്നു എന്നു തെളിഞ്ഞുപോയാൽ അതിൽപരം മാനക്കേടു മറെറന്താണുള്ളത്! പൂർവ്വചരിത്രം പറയുമ്പോഴും ഇതേ മനോഭാവമാണ് സാധാരണ കാണുന്നത്. നായർസമുദായ ചരിത്രകാരനും വ്യത്യസ്തനല്ല. നായരുടെ ഭൂതകാലചരിത്രം ഭാവനാപത്രികയിൽ സുവർണ്ണലിപികളിൽ എഴുതി തേനൊലിക്കുന്ന നാക്കുകൊണ്ടു ദിഗന്തം മുഴങ്ങുമാറു കരയോഗസമ്മേളനങ്ങളിൽ അനുദിനം പ്രസംഗിക്കുന്ന സമുദായഗോപാലന്മാരെ സകലർക്കും പരിചയമുണ്ടല്ലോ. അവർ പുകഴ്ത്തുന്ന സുവർണ്ണസുന്ദരമായ ഭൂതകാലത്തെപ്പററി നിഷ്പക്ഷമായി തെല്ലൊന്നു ചിന്തിച്ചുനോക്കാം. ഒരുപക്ഷേ ഒരു രണ്ടാംപഞ്ചകല്യാണിയുടെ അവതാരംകൂടി ഉണ്ടാകാനിടയുണ്ടെങ്കിൽ ആ മഹാസംഭവം കണ്ടു രസിക്കുകയും ചെയ്യാമല്ലോ.

ഒരു സമുദായത്തിന്റെ ചരിത്രം മൂന്നു കോണുകളിൽകൂടി നോക്കാവുന്നതാണ്. രാഷ്ട്രീയം, സാമുദായികം, സംസ്കാരപരം. നായർചരിത്രവും ഈ വിഭാഗപ്രകാരം പരിശോധിക്കാം.

രാഷ്ട്രീയം—ആയുധാഭ്യാസ ചതുരരും ആയോധനധീരന്മാരും ബലശാലികളുമായിരുന്നു നായരുടെ പൂർവ്വികർ എന്നുള്ളതു തീർച്ചതന്നെ. പക്ഷേ കാട്ടാനയുടെ തലയിലെഴുത്തിനെക്കാൾ കഷ്ടമായിരുന്നു ഈ ധീരന്മാരുടെ ശിരോലിഖിതം! നാട്ടിൽനിന്നും ചെല്ലുന്ന ഒരു തന്ത്രശാലിയുടെ വലയിൽ ഏതു ബലിഷ്ഠനായ കാട്ടാനയും വീഴും. അതിൽപിന്നെ അവന്റെ ബലവും തടിയും ആ പാപ്പാന്റെ താളത്തിനു തുള്ളാൻമാത്രം! പക്ഷേ കാട്ടാനയുടെ കാര്യത്തിൽ ഒരു സമാധാനമുണ്ട്. മനുഷ്യർ അങ്ങോട്ടുചെന്നു കുടുക്കിലാക്കുന്നതല്ലാതെ യാതൊരു കാട്ടാനയും ഇങ്ങോട്ടുവന്നു സ്വമനസ്സാലെ മനുഷ്യന്റെ ദാസ്യം സ്വീകരിക്കാറില്ല. എന്നാൽ നായരുടെ ധീരരായ പൂർവ്വികർ ദാസ്യം അന്വേഷിച്ചു പരദേശങ്ങളിൽപോയി, അവിടെയുള്ളവർക്കുവേണ്ടി സ്വന്തം ബലവും ശൂരതയും അടിയറവച്ച് അടിമയാവുകയാണ് ചെയ്തുവന്നത്. അല്ലെങ്കിൽ പിന്നെ ഈ പെരുമാക്കന്മാരുടെ വാഴ്ചയുടെ അർത്ഥമെന്താണ്? ഇത്രമാത്രം ലോകോത്തരവീരന്മാരായ നായന്മാർ സംഘംകൂടി മറുനാട്ടിൽ ചെന്ന് അവരുമായി യാതൊരു ബന്ധവുമില്ലാത്ത ഒരാളിനെ തിരഞ്ഞെടുത്ത് എഴുന്നെള്ളിച്ച്, വരുത്തി രാജാവാക്കി അഭിഷേകംചെയ്യുകയും ആ രാജാവിനുവേണ്ടി ജീവൻ കളയാൻ സന്നദ്ധരാവുകയും ചെയ്യുകയായിരുന്നില്ലേ അന്നത്തെ പതിവ്. മറുനാട്ടിലെ രാജാക്കന്മാർ യുദ്ധത്തിൽ ജയിച്ചടക്കിയതിനുശേഷമാണെങ്കിൽ ഈ അടിമത്വത്തിനു സമാധാനമുണ്ടായിരുന്നു. എന്നാൽ അങ്ങനെയല്ല നമ്മുടെ പൂർവ്വരാഷ്ട്രീയചരിത്രം. "ഞങ്ങൾക്ക് സ്വയംഭരിക്കാൻ ശേഷിയില്ല. അതിനാൽ അവിടത്തേയ്ക്കു ദയവുണ്ടായി ഞങ്ങളുടെ രാജസ്ഥാനം സ്വീകരിക്കണം. ഞങ്ങളെ ഭരിക്കണം. ഞങ്ങൾ അങ്ങയുടെ അടിമകളായി ഇരുന്നുകൊള്ളാം" എന്നിങ്ങനെ പരദേശിപ്രഭുക്കന്മാരുടെ കാലുപിടിച്ച് അപേക്ഷിച്ചവർ ലോകചരിത്രത്തിൽ മറെറങ്ങും കാണുകയില്ല. ദാസ്യത്തിനുവേണ്ടി കുത്തുപാളയുമായി യാചിച്ചവരാണ് നമ്മുടെ പ്രപിതാമഹന്മാർ. അതാണ് നമ്മുടെ രാഷ്ട്രീയ ചരിത്രം.

സാമുദായികം—സാമുദായിക ചരിത്രാന്വേഷണത്തിൽ മറെറല്ലാത്തിനേക്കാളും ഗാർഹികബന്ധത്തെയാണു നോക്കേണ്ടത്. ഗാർഹികബന്ധം വിവാഹരീതിയെയാണല്ലോ ആശ്രയിച്ചിരിക്കുന്നത്. നായരുടെ പുരാതന വിവാഹക്രമം എന്തായിരുന്നു. ശൂദ്രൻ എന്നുള്ള ജാതിനാമം സ്വയം സ്വീകരിക്കുകമാത്രമല്ല, അതിനനുസരിച്ച് അവനുള്ളതു സകലതും കന്യാജനങ്ങളെപ്പോലും ബ്രാഹ്മണൻവേണ്ടി കാഴ്ചവയ്ക്കുകയാണു നായർ പൂർവ്വികർ ചെയ്തിരുന്നത്. കഴിവതും നമ്പൂരിക്കുമാത്രമേ പെണ്ണുകൊടുക്കാവൂ. നമ്പൂരി നരച്ചു ജരച്ച് ധാതു ക്ഷയിച്ചവനായാലും തരക്കേടില്ല. എന്തെന്നാൽ ശൂദ്രസ്ത്രീകൾ നമ്പൂരിയുടെ സ്വത്താണല്ലോ! എന്നാൽ ഈ ആചാരം നിമിത്തം ഒരു തകരാറുപററി. ക്രമേണ നമ്പൂരികളുടെ ജനസംഖ്യ കുറഞ്ഞു; നായരുടെ സംഖ്യ പെരുകി. ഒരു നമ്പൂരിക്കു പത്തും നൂറും നായർ ഭാര്യവീതമായാലും പിന്നെയും നായർ സ്ത്രീകൾ അധികംവന്നു. അപ്പോഴാണ് ഒരു പുതിയ വിദ്യ തോന്നിയത്. നമ്പൂരിതന്നെ വിവാഹംകഴിക്കണം. എന്നാൽ അനന്തരമുള്ള ഭാര്യാഭർത്തൃബന്ധം നമ്പൂരിക്കുവേണ്ടി നമ്പൂരിയുടെ നാമധേയത്തിൽ നമ്പൂരിയുടെ ആൾപേരായി ഒരു നായർ തന്നെ നടത്തിക്കൊള്ളട്ടെ എന്നായി. ഇങ്ങനെയാണ് താലികെട്ടുകല്യാണമുണ്ടായത്. വിവാഹകർമ്മം അതായത് താലികെട്ട് നമ്പൂരിതന്നെ നടത്തുക. ബാക്കിയുള്ളതിന് നമ്പൂരിക്കു സമയമില്ലാത്തതിനാൽ അതെല്ലാം നായർതന്നെ യഥാവിധി ചെയ്തുകൊള്ളുക! ഈ ചടങ്ങിന്റെ അർത്ഥം മറെറാന്നുമല്ല; നായർക്ക് സ്വകുലജാതന്മാരെ നിന്ദയും പരകുലജാതന്മാരെ ബഹുമാനവുമാണ്. ഏതിനും, ഏതിലും, എവിടെയും മറെറാരുവന്റെ ദാസ്യം അനുഭവിക്കാതെ നിവൃത്തിയില്ലെന്നുള്ളതാണ് ജന്മവാസന.

സംസ്കാരപരം—ഭൗതികവും പാരത്രികവുമായ ആദർശങ്ങളെ വിശകലനം ചെയ്തുവേണം ഈ ഭാഗം അവസാനിപ്പിക്കേണ്ടത്. പക്ഷേ പരിമിതമായ ഈ ലേഖനത്തിൽ അതിനു സ്ഥലമില്ല. ഒരു സാമാന്യമായ ഉദാഹരണം മാത്രം പരിശോധിക്കാം. ഇന്നും നായന്മാർ പറയാറുണ്ടല്ലോ "നായരുടെ പൌരുഷം ജഗൽപ്രസിദ്ധമാണെന്നു". വേലുത്തമ്പി ദളവായുടെ കഥയാണ് ഇതിനു തെളിവായി പറയാറുള്ളതും. വേലുത്തമ്പിയുടെ കഥയിലെ പരമാർത്ഥം എന്താണെന്ന് നോക്കാം. അദ്ദേഹം ഒരു രാജ്യതന്ത്രജ്ഞനായിരുന്നില്ല എന്നുള്ളത് ആ കാലത്തെ ചരിത്രം പഠിച്ചാൽ അറിയാം. തിരുവിതാംകൂറിലെ സേനാബലംപോലും കൈവശം കൊണ്ടുവരുവാൻ തക്ക തന്ത്രമില്ലാതിരുന്ന ഒരു ദളവയായിരുന്നു അദ്ദേഹം. പിന്നെ അദ്ദേഹത്തിന്റെ യുദ്ധവൈദഗ്ദ്ധ്യമാണ് മറെറാരു സംഗതി. തന്റെ കയ്യിൽ നിന്നും രാജ്യഭാരം ചോർന്നുപോകുന്നതുകണ്ട് മനംപതറിയ അ

സാഹസികൻ ദൃഢസംഘടിതമായ ഒരു വൻപടയോടെതിരിടാനായി നാഞ്ചനാട്ടു പാടത്തു കലപ്പയും മൺവെട്ടിയുമായി ജോലി ചെയ്തുകൊണ്ടുനിന്ന കുറേപേരെയാണ് ശേഖരിക്കുന്നതു്. ഈ സംരംഭത്തിലുള്ള യുദ്ധവൈദഗ്ദ്ധ്യം എന്താണാവോ? നിരപരാധികളായ കുറേ നാട്ടുകാരേക്കൂടി സ്വന്തം സാഹസത്തിൽ അദ്ദേഹം കൊല്ലിച്ചു എന്നല്ലാതെ മററൊന്നുമില്ല. ഈ പടയിളക്കത്തിന്റെ അവസാനം ശത്രുവിനെ നേരിട്ടു നോക്കാൻ പോലും ധൈര്യമില്ലാതെ ആ ധീരയോദ്ധാവ് അമ്പലത്തിൽ കയറി അടച്ചിരുന്ന് തന്നത്താൻ കഴുത്തറുത്തു. ആത്മഹത്യയിൽ ധീരതയോ ശൂരതയോ ഉള്ളതായി ഇന്നുവരെ ലോകം സമ്മതിച്ചിട്ടില്ല. ഗത്യന്തരമില്ലാതായാൽ പിന്നെ എന്തു ചെയ്യുമെന്നു ചോദിച്ചേക്കാം. ലോകത്തിലെ മററു പല യുദ്ധവീരന്മാരും എന്തുചെയ്തു എന്നു നോക്കാം. മുഗൾ സേനയോടു തോററ രാജപുത്രവീരന്മാരെല്ലാം വീട്ടിൽ കയറി കതകടച്ച് തന്നത്താൻ കഴുത്തു വെട്ടുകയാണോ ചെയ്തതു്? കൂട്ടാളികൾ സകലരും മരിച്ചതിനുശേഷം ടിപ്പുസുൽത്താൻ പടക്കളത്തിൽ നിന്നും ഒളിച്ചോടി കൊട്ടാരത്തിൽ കയറി ആത്മഹത്യ ചെയ്കയാണോ ചെയ്തതു്? അല്ല അവരെല്ലാം അവസാനം വരെ ശത്രുവിനെ എതിർത്തു ശത്രു ഖഡ്ഗം നിമിത്തം മരിച്ച് പോർക്കളത്തിൽ നിന്നും നേരെ വീരസ്വർഗ്ഗത്തിൽ ലയിച്ചു! അവരുടെ ചരിത്രവും നായരുടെ ഇന്നത്തെ ആരാധനാപുരുഷനായ വേലുത്തമ്പിയുടെ ചരിത്രവും തമ്മിൽ എന്തൊരന്തരം! അഥവാ സ്വാതന്ത്ര്യ സ്നേഹികളായ രാജപുത്രന്മാരുടേയും മുസൽമാന്മാരുടെയും, ദാസ്യൈകനിരതന്മാരായ നായരുടെയും ചരിത്രം തമ്മിലുള്ള വ്യത്യാസം തന്നെയാണ് നമ്മുടെയും അവരുടെയും ആരാധനാപുരുഷന്മാരുടെ ചരിത്രങ്ങൾ തമ്മിലുള്ള വ്യത്യാസവും.

അതിനാൽ നമുക്ക് ഈ ഭൂതകാല പരമാർത്ഥം മറച്ചുവയ്ക്കാതെ സമ്മതിക്കാം. നായക്കു സുവർണ്ണസുന്ദരമായ ഒരു ചരിത്രം വേണമെങ്കിൽ പൌരുഷശാലിയായ ഒരു മാതൃകാ പുരുഷനെ വേണമെങ്കിൽ ഭാവിയിലേക്കല്ലാതെ ലജ്ജാകരമായ ഭൂതകാലത്തിൽ കാണുകയില്ല. ഇതാണ് പരമാർത്ഥം.

നവശക്തി

# നായന്മാരോട്

## ത്യാഗികളും ത്യാഗവുമുള്ള സമുദായങ്ങളെ ഉൽക്കർഷം പ്രാപിക്കുകയുള്ളു

(ദിവാൻ സർ സി. പി. രാമസ്വാമിഅയ്യർ)

വിദ്യാഭ്യാസം വ്യക്തികളുടേയും സമുദായങ്ങളുടേയും ഉൽക്കർഷത്തിനുള്ള സുവർണ്ണ സോപാനമാണ്. വിദ്യാഭ്യാസ പ്രസ്ഥാനങ്ങളിൽ പൊതുവെ മുന്നിട്ടു



നിൽക്കുന്നതു ക്രിസ്ത്യാനികളാണല്ലൊ. ഈ വഴിക്കുള്ള ക്രിസ്തൻമിഷ്യനറിമാരുടെ ശ്രമങ്ങൾ ഇത്ര വിജയപ്രദങ്ങളാവാൻ കാരണമെന്തായിരിക്കാം എന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? അതിലൊരു വലിയ രഹസ്യം അന്തർഭവിച്ചു സ്ഥിതിചെയ്യുന്നുണ്ടു്. അതു് അവരുടെ അന്യാദൃശമായ ആത്മപരിത്യാഗബുദ്ധി—പരിപൂർണ്ണമായ നിസ്വാർത്ഥസേവനതാൽപര്യം—ഒന്നു മാത്രമല്ലാതെ മററൊന്നുമല്ല. തൃശിനാപ്പള്ളി സെൻറുജോസഫ്സ് കാളജിൽ കണക്കുശാസ്ത്രം പഠിപ്പിച്ചിരുന്ന ഫാദർ ഓണേരെ എന്ന മഹാ പണ്ഡിതനായ വൈദികശ്രേഷ്ഠനെപ്പററി നിങ്ങൾ കേട്ടിരിക്കുമല്ലൊ. അദ്ദേഹം ഈയിടെയാണു ദിവംഗതനായതു്. അദ്ദേഹം ലോകത്തിൽ ജീവിച്ചിരുന്ന പ്രഥമഗണനീയന്മാരായ കണക്കുശാസ്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു. ഒരു ശാസ്ത്രത്തിൽ ഒരു മനുഷ്യന് എത്രമാത്രം അറിവ് സമ്പാദിക്കാമൊ അത്രയും സമ്പാദിക്കുന്നതിൻ സഫലകരമായി നിരന്തരപരിശ്രമം ചെയ്തുകൊണ്ടിരുന്ന ഒരു മഹാൻഭാവനായിരുന്നു അദ്ദേഹം. ഈ മഹാൻ കേവലം 75 രൂപാമാത്രം ശമ്പളം പററിക്കൊണ്ട് 35 വർഷക്കാലം ആ കാളേജിൽ ജോലി നോക്കിവന്നു. നോക്കണം! ക്രിസ്ത്യൻമിഷ്യനറിമാരുടെ ത്യാഗത്തിന്റെ പരമോത്തമമായ ഒരു മാതൃകയാണിതു്. ഇത്തരം ത്യാഗികളും ത്യാഗവും ഉള്ള സമുദായങ്ങളേ ഉൽക്കർഷംപ്രാപിക്കുകയുള്ളു. ത്യാഗപൂർവ്വമായ സേവനം ഒന്നു മാത്രമാണ് ഉൽക്കർഷസാമ്രാജ്യത്തിലേക്കു നിങ്ങളെ ആനയിക്കുന്ന മഹനീയമാർഗ്ഗം. എന്റെ സമുദായത്തിന്റെയും നിങ്ങളുടെ സമുദായത്തിന്റെയും കുററങ്ങളും കുറവുകളും ബലഹീനതകളും മിക്കവാറും ഒന്നുതന്നെയാണ്. നമുക്കു ത്യാഗനിരതരായ നേതാക്കന്മാരില്ല. ചരിത്രപരമായി നായന്മാർ ആയോധനപടുക്കളായ ഒരു സമുദായമാണല്ലൊ. ഞങ്ങൾ—ബ്രാഹ്മണർ ശ്രുതിസ്മൃതികളാദിയായ വൈദികവ്യാപാരങ്ങളിൽ ഏറ്റവും കാലം കഴിച്ചിരുന്നു. എന്നാൽ ഇന്നു കാലം മാറിപ്പോയി. നമുക്കു ചുററുപാടുമുള്ള ലോകം ഗണ്യമായ വിധത്തിൽ അന്തരപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ അഭിപ്രായങ്ങളും വിലമതിപ്പുകളും ഗതിയും പാടെ മാറി വീണുകഴിഞ്ഞിരിക്കുന്നു. കാലത്തിനനുസരിച്ചു ജീവിക്കുവാനാണ് നാം പഠിക്കേണ്ടതു്. ഹിന്ദുമതം പുരാതനകാലംമുതൽക്കെ പരസഹിഷ്ണുതയ്ക്കു കേളികേട്ടതാണ്. യുഗാന്തരങ്ങളിലെ സംസ്കാര സമ്പത്തു അതിൽ അടിഞ്ഞുകിടക്കുന്നു. ഒരു ബാങ്കിൽ പലർ നിക്ഷേപിക്കുന്ന പണം പൊതുക്കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതുപോലെ ഹിന്ദുമതത്തിൽ നാനാമാർഗ്ഗേണ വന്നടിഞ്ഞുകിടക്കുന്ന അനർഘസംസ്കാര സമ്പത്തുകളെ പൊതുനന്മയ്ക്കായി വിനിയോഗിക്കേണ്ടതാണ്. അവരവരുടെ സമുദായം, വർഗ്ഗം എന്നിങ്ങനെയുള്ള സങ്കുചിതബുദ്ധി നാം പരിത്യജിക്കണം. ആദ്യമായി നിങ്ങൾ ഏകോപിച്ചു നിങ്ങളുടെ സമുദായത്തെ ഉറപ്പിക്കണം. എന്നിട്ട് മററു സമുദായങ്ങളുമായി യോജിക്കണം. അങ്ങനെ സമുദായവർഗ്ഗ രാജ്യസീമകളെ അതിലംഘിച്ചുള്ള ഒരു വിശാലദർശനം നിങ്ങൾക്ക്—നമുക്കെല്ലാവർക്കും ഉണ്ടാവണം. അതത്രെ അഭികാമ്യമായ ആദർശം.

[1112 കുംഭം 10-ാംനു- ചങ്ങനാശ്ശേരിയിൽ വച്ചു നായർ സർവീസ് സൊസയിററിക്കാർ സമർപ്പിച്ച മംഗളപത്രത്തിന് നല്കിയ മറുപടിയിൽ നിന്ന് ഒരു ഭാഗം].

## ചെറുകഥ

# പ്രഭാത നക്ഷത്രം

(കെ. ദാമോദരൻ, ബി. എ.)

പൂർണ്ണഗർഭിണിയായ എന്റെ ഭാര്യ; എന്റെ ഇളയ കുഞ്ഞിന്റെ മാറാത്ത രോഗം; ഡാക്ടരുടെ ഉപദേശത്തിനു വിരുദ്ധമായി പിന്നെയും ആ മുഷിഞ്ഞ, അനാരോഗ്യകരമായ, ചെറിയ വീട്ടിൽ തന്നെ താമസിക്കാൻ എന്നെ നിർബന്ധിച്ച എന്റെ അല്പശമ്പളം; എന്റെ മേലുദ്യോഗസ്ഥനു എന്നോട് അകാരണമായി തോന്നിയിരുന്ന വിദ്വേഷം; ദിവസം പത്തുമണിക്കൂർ അവിശ്രമമായി ജോലിചെയ്താലും ഒടുങ്ങാത്ത വിധം എന്റെ മേശപ്പുറത്തു കുന്നുകുന്നായിക്കൂടുന്ന ഫൈലുകൾ! ഈശ്വരാ, എന്നാണ്, എങ്ങനെയാണ് ഞാൻ ഈ ജീവിതഭാരങ്ങൾ ഇറക്കി വയ്ക്കുക? നിര പിടിച്ചു നട്ടിരുന്ന ചൂളമരങ്ങൾക്കിടയിൽ നീണ്ടു കിടന്നതും അപ്പോൾ വിജനവുമായിരുന്ന ആ രാജപാതയിൽക്കൂടി ഈ വിധം ചിന്തകളാൽ കലുഷചിത്തനായി ഞാൻ കടൽപ്പുറത്തേക്കു പോകുകയായിരുന്നു. വസന്താരംഭത്തിലെ പ്രസന്നമായ ആ സായാഹ്നത്തിൽ, നോക്കെത്താത്ത ദൂരം വരെ എന്റെ മുമ്പിൽ പരന്നുകിടന്ന നിർമ്മലമായ വെള്ള മണലിൽ മന്ദമാരുതൻ തിരമാലകൾ നിർമ്മിച്ചും നിർമ്മാർജ്ജനം ചെയ്തും വിനോദിക്കുന്നതും, കമഴ്ത്തിപ്പിടിച്ച തങ്കക്കുടംപോലെ സൂര്യബിംബം സമുദ്രത്തിൽ താണുപോകുന്നതും നിർവികാരനായി ഞാൻ കാണുന്നുണ്ടായിരുന്നു. ഒന്നരവ്യാഴവട്ടത്തിനു മുമ്പ് ഞാൻ ജീവിതക്ലേശങ്ങൾ ഒന്നുമറിയാത്ത ഒരു കാളേജ് വിദ്യാർത്ഥിയായിരുന്നപ്പോൾ, എത്രയെത്ര സായാഹ്നങ്ങളാണ് ആ മണൽ പ്രദേശത്ത് എന്റെ സ്നേഹിതന്മാരുമായി ആഹ്ലാദപൂർവം കഴിച്ചുകൂട്ടിയിരുന്നത്! എന്നാൽ ഭൂതകാലയവനികയിൽ അത്യാനന്ദപ്രദങ്ങളായ ആ സംഭവങ്ങളുടെ അവ്യക്തമായ ചില നിഴലുകൾ മാത്രമേ അപ്പോൾ പതിഞ്ഞിരുന്നുള്ളു. അഹോ! എന്തെല്ലാം പരിവർത്തനങ്ങൾ ഇതിനിടയിൽ എന്റെ ജീവിതത്തിൽ സംഭവിച്ചിരുന്നു! അച്ഛന്റെ അകാല ദേഹവിയോഗംമൂലം എന്റെ കാളേജ് വിദ്യാഭ്യാസവും അതോടുകൂടി എന്റെ ബാല്യകാലസ്വപ്നങ്ങളും പെട്ടെന്ന് അവസാനിച്ചതും, മധുരവും മോഹനവുമായിരുന്ന എന്റെ ജീവിതം, എനിക്കു നിയന്ത്രിക്കാൻ നിർവാഹമില്ലാതിരുന്ന പല ഹേതുക്കളാൽ, ജീവാവസാനംവരെ മോചനം സിദ്ധിക്കാത്ത ഒരു കരിങ്കൽ തുറുങ്കായി പരിണമിച്ചതും, എന്റെ വിവാഹവും, അതിനെ തുടർന്നുണ്ടായ ജീവിതക്ലേശങ്ങളും എല്ലാം ഞാൻ ഒന്നൊന്നായി അനുസ്മരിച്ചു.

അസ്വസ്ഥചിത്തനായി അങ്ങനെ നടന്ന ഞാൻ എന്റെ പുറകിൽ ഒരു കാറിന്റെ ഖരശബ്ദവും ഹാണും പെട്ടെന്ന് കേട്ടു തിരിഞ്ഞുനോക്കി. മിന്നൽപോലെ പാഞ്ഞുപോയതും മേൽമൂടി തുറന്നുവച്ചിരുന്നതും ആയ ആ കാറിൽ ഇരുന്നിരുന്ന അതിസൌന്ദര്യവതിയായ ഒരു സ്ത്രീ ഒന്നു രണ്ടുതവണ എന്നെ തിരിഞ്ഞുനോക്കുംപോലെ എനിക്കു തോന്നി. ഞാനുമായി യാതൊരു ബന്ധവും ഇല്ലാതിരുന്ന ആ നോട്ടത്തിനു യാതൊരർത്ഥവും കല്പിക്കാതെയും, എന്നാൽ ആ സ്ത്രീ ആരെന്നറിയാനുള്ള കൗതുകത്താൽ പ്രേരിതനായും ഞാൻ ഒന്നുകൂടി വേഗത്തിൽനടന്നു കടൽപ്പുറത്തെത്തി.

* * *

അതാ ഞാൻ ഇരുന്ന സ്ഥലത്തിന് അല്പം അകലെയായി, ആളുകളുടെ ശല്യംകുറഞ്ഞ ഒരു ഭാഗത്ത് ആ സ്ത്രീ ഇരുന്നിരുന്നു. എവിടെവച്ചോ എങ്ങനെയോ ആ മുഖവും ആ നയനങ്ങളും എനിക്കു വളരെ പരിചിതങ്ങളായി തീർന്നിരുന്നവയാണെന്ന് എനിക്കു തോന്നി. പക്ഷെ ഞാൻ എന്റെ ഓർമ്മശക്തിയെ എത്ര നിർദ്ദയമായി മഥിച്ചിട്ടും അവരാരാണെന്ന് ഊഹിക്കാൻ എനിക്കു കഴിവുണ്ടായില്ല. പ്രത്യക്ഷത്തിൽ അവരുടെ മക്കളെന്ന് തോന്നുന്ന രണ്ടു ഓമനബാലികകൾ കടൽമണൽ കുഴിച്ചും കക്കാകൾ പെറുക്കിയും, അവിടെയെല്ലാം ഓടിച്ചാടി ആർത്തട്ടഹസിച്ചിരുന്നു. അതിലൊന്നും ശ്രദ്ധ പതിയാതെ, ചിന്താഗ്രസ്തയായി ആ സ്ത്രീ സമുദ്രത്തിൽ നോക്കിക്കൊണ്ടിരിക്കയായിരുന്നു. അവരുടെ വിലകൂടിയ പട്ടുവസ്ത്രങ്ങളും വിഭൂഷകളും മററും ഭാഗ്യം പിറന്ന ഒരു കുലസ്ത്രീയാണവരെന്നു തോന്നലാണ് എന്നിൽ ഉളവാക്കിയത്. ഇങ്ങനെയൊരാൾ കൗതുകപൂർവം തന്നെ നോക്കിക്കൊണ്ടിരിക്കുന്നത് അവർ അറിഞ്ഞിരിക്കാനിടയില്ലെങ്കിലും, ഒന്നോ രണ്ടോ തവണ അവരുടെ നയനങ്ങൾ ഞാനിരുന്ന സ്ഥലത്തിനു സമീപം ചുററിക്കറങ്ങിയിരുന്നു. ഞാൻ എന്റെയും അവരുടെയും സ്ഥിതിവ്യത്യാസങ്ങൾ താരതമ്യംചെയ്തുനോക്കി. എനിക്കപരിചിതയായ ആ സ്ത്രീ അകാരണമായി എന്റെ ഹൃദയവേദനയെ പതിന്മടങ്ങു വർദ്ധിപ്പിച്ചു.

സൂര്യൻ അസ്തമിച്ചു നേരം കുറെ ആയി. ആകാശത്തിൽ ദൃശ്യമായിരുന്ന ശബളകാന്തിയും നിശ്ശേഷം അവസാനിച്ചു. അങ്ങിങ്ങായി വജ്രകണങ്ങൾപോലെ നക്ഷത്രങ്ങളും മിന്നങ്ങിത്തുടങ്ങി. കടലിന്റെ മർമ്മരവും, ഇളംതെന്നലും, എന്റെ ഹൃദയത്തെ വല്ലാതെ ദ്രവി



കെ. വി. വറുഗീസ്, ബി. എ.
സെക്രട്ടറി, കയിലോൺ ബാങ്ക്

അടുത്തുവരുന്ന നിമയസഭാതെരഞ്ഞെടുപ്പിൽ ശ്രീമൂലം അസംബ്ളിയിലേക്കു വാണിജ്യവ്യവസായ (തെക്ക്) നിയോജകമണ്ഡലത്തിൽ കേരള ക്രൈസ്തവസമിതിപാർലിമെന്ററിബോർഡും സംയുക്ത രാഷ്ട്രീയ കാൺഗ്രസ്പാർലിമെന്ററി ബോർഡും അംഗീകരിച്ചിരിക്കുന്ന സ്ഥാനാർത്ഥി.

ച്ചു്, ഞാൻ അറിയാതെ എൻെറ കണ്ണുകൾ നിറച്ചു. ഞാൻ സാവധാനത്തിൽ അവിടെനിന്നെഴുന്നേററു വീട്ടിലേക്കു തിരിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ ആ സ്ത്രീയും എണീററു പോകാൻ ഭാവിക്കുന്നതു ഞാൻ കണ്ടു.

കടൽപ്പുറംവിട്ടു് ഞാൻ രാജപാതയിലേക്കിറങ്ങുമ്പോൾ, അതിമധുരമായ ഒരു ശബ്ദം എൻെറ പുറകിൽ കേട്ടു ഞാൻ അമ്പരന്നുപോയി. ആരൊ എൻെറ പേരു വ്യക്തമായി വിളിച്ചതുപോലെ എനിക്കുതോന്നി. ഞാൻ തിരിഞ്ഞു നാലുപാടും നോക്കി; ആ സ്ത്രീയേയും കുഞ്ഞുങ്ങളേയുമല്ലാതെ മററാരെയും ഞാൻ കണ്ടില്ല. കടൽക്കാററു് എന്നെ കബളിപ്പിച്ചതായിരിക്കാം എന്നു കരുതി ഞാൻ പോകാൻ ഭാവിച്ചപ്പോൾ, “ഞാൻതന്നെയാണു വിളിച്ചതു്” എന്നു് എന്നെ ആശ്ചര്യപരതന്ത്രനാക്കുമാറു് പറഞ്ഞുകൊണ്ടു് ആ സ്ത്രീ മുന്നോട്ടുവന്നു!

“അല്ലാ, ഇതു ഭായിയല്ലെ?” എന്നു് എന്നെ തന്നെ വിശ്വാസമില്ലാതെ ഞാൻ പറഞ്ഞുപോയി. ആ നിമിഷത്തിൽ എന്തെല്ലാം സംഭവപരമ്പരകളാണു് എൻെറ ഹൃദയത്തിൽ വന്നു തിങ്ങിഞെരുങ്ങിനിന്നതു്! ഒന്നര വ്യാഴവട്ടം പുറകോട്ടു് എൻെറ ചിന്താചക്രം കറങ്ങിത്തിരിഞ്ഞു്, ഞങ്ങളുടെ കാളേജിനു സമീപം ഞാൻ താമസിച്ചിരുന്ന മനോഹരമായ ഒരു ചെറിയ വീട്ടിൽ ചെന്നുനിന്നു. അന്നു ആ വീടും അതിൻെറ പരിസരവും ആഹ്ലാദവും സൗഭാഗ്യവുംകൊണ്ടു നിറച്ച സുകുമാരിയായ ഒരു ബാലികയായിരുന്നു ഭായി. അതിഗാഢമായ നിർമ്മലപ്രേമത്തിനിടയിൽക്കൂടി ആ പ്രഭാതനക്ഷത്രം എൻെറ ജീവിതനഭസ്സിൽ ഉദിച്ചു്, സമ്മോഹനമായ ഇളംകതിരുകൾ എങ്ങും പൊഴിച്ചിരുന്നു. അന്നൊന്നും എനിക്കു എന്നെയൊ ഭായിക്കു ഭായിയേയൊ സ്വയം മനസ്സിലായിരുന്നില്ല. എൻെറകാളേജ് ജീവിതം അകാലത്തിൽ അവസാനിക്കുന്നതിന്നുചിലദിവസങ്ങൾക്കുമുമ്പു് ഒരു ദിവസം അക്ഷരവ്യക്തിയൊ അർത്ഥാപപത്തിയൊ ഇല്ലാത്ത ഭാഷയിൽ, എൻെറ ഹൃദയംചിന്തിനിന്നപ്രേമസുധയെപ്പററി ഞാൻ എന്തൊക്കെയൊഭായിയോടു പറഞ്ഞിരുന്നു. അന്നു് ‘മുഗ്ദ്ധത്വം’ നിശ്ശേഷം അവസാനിച്ചിട്ടില്ലായിരുന്ന ഭായി നേരിട്ടൊരു മറുപടിയും പറഞ്ഞില്ലെങ്കിലും, ഈ ലോകത്തു് എന്നെക്കൂടാതെ വേറൊരാൾക്കു അവളുടെ ഹൃദയത്തിന്നാധിപത്യം അതുവരെ സമ്പാദിക്കാൻ കഴിഞ്ഞിരുന്നില്ലെന്നു ഞാൻ നല്ലപോലെ മനസ്സിലാക്കി.

അപ്പോഴേക്കും നിയതിയുടെ നിഷ്ഠുരണമായ പ്രഹരണമേററു് എൻെറ ജീവിതം ശൂന്യമാവുകയും, ഞാൻ എൻെറ ഹൃദയദേവതയെ എന്നേക്കുമായി വേർപിരിയേണ്ടിവരികയും ചെയ്തു. പിന്നെ ഞാൻ ഭായിയെ കണ്ടിട്ടേ ഇല്ല. എജ്ബാർ കഴിഞ്ഞു്, പിന്നെയും മൂന്നുകൊല്ലം തരണംചെയ്തു്, ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ എൻെറ അതിസാഹസംകൊണ്ടു് ഒരു ഉമ്യസ്ഥാപ്പണിയും സമ്പാദിച്ചു്, ഞാൻ വീണ്ടും തിരിച്ചു ചെന്നപ്പോൾ ഭായിയാകട്ടെ, അവളുടെ അന്നത്തെ വീടാകട്ടെ അവിടെയെങ്ങും കാണാനില്ലായിരുന്നു. ഒന്നിനുവേണ്ടിയും കാത്തുനില്ക്കാത്ത കാലചക്രം പത്തുകൊല്ലത്തിനുള്ളിൽ എങ്ങോട്ടെല്ലാം ഭ്രമണംചെയ്തു് എന്തെല്ലാം മാററങ്ങൾ എൻെറയും ഭായിയുടേയും ജീവിതത്തിലും, ആ നഗരത്തിലും സംഭവിപ്പിച്ചു കഴിഞ്ഞിരുന്നു! എൻെറ ഉദ്യോഗലബ്ധിതന്നെ എൻെറ ‘വിവാഹശുല്ക്കമായിരുന്നു! എങ്കിലും എൻെറ ജീവിതാരിഷ്ടതകൾക്കിടയിൽ ഒരു മധുരസ്മരണയായി ഭായി എന്നും ശേഷിച്ചിരുന്നു. ഭായി ഇൻറർമീഡിയററ് ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അവളെ എഫ്. എം. എസ്സിൽ വലിയ ഉദ്യോഗത്തിലിരുന്ന ആരൊ ഒരാൾ വിവാഹംകഴിച്ചു കൊണ്ടുപോയി എന്നതിനപ്പുറം ഒരു വിവരവും എനിക്കു അവളെക്കുറിച്ചു ഗ്രഹിക്കാൻ കഴിഞ്ഞില്ല.

എൻെറ ഹൃദയത്തിൽക്കൂടി ഈ ചിന്തകളെല്ലാം നിമിഷനേരത്തിൽ കടന്നുപോകുമ്പോൾ, ഭായി എന്നെ ആപാദചൂഡം നോക്കിനിൽക്കുകയായിരുന്നു! വിസ്മയഭരിതമായ പല നിമിഷങ്ങൾ പിന്നെയും ഞങ്ങൾ പരസ്പരം മൂകരായി നോക്കിക്കൊണ്ടു കഴിച്ചുകൂട്ടി. “വരണം, വീട്ടിലേക്കു പോകാം; ഇവർ രണ്ടും എൻെറ പുത്രികളാണു്” എന്നു് പറഞ്ഞു്, അവളുടെ സാരിത്തുമ്പിൽ പിടിച്ചുകൊണ്ടു് പുറകോട്ടു മാറിനിന്ന ആ കുമാരികളെ എൻെറ സമീപത്തേക്കു നീക്കിനിറുത്തി. അടക്കി


# തിരുവിതാംകൂർ നാഷണൽ ബാങ്ക്, ക്ലിപ്തം

**ഹെഡ് ആഫീസ്: ആലപ്പുഴ**

(1912-ൽ തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്യപ്പെട്ടതു്)

| | | | |
|---|---|---|---|
| പിരിഞ്ഞ മൂലധനവും കരുതൽ ധനവും | 31–12–1936 | രൂപാ | 14,11,000 |
| നിക്ഷേപങ്ങൾ | .... .... .... | ,, | 1,17,00,000 |
| ആകെ റിസോഴ്സസ് | .... .... .... | ,, | 2,12,00,000 |

ലണ്ടനിലെ ഏജൻറന്മാർ—ദി വെസ്റ്റ് മിൻസ്റ്റർ ബാങ്ക്, ലിമിററഡ്

ശാഖകൾ

| | | | |
|---|---|---|---|
| ആലപ്പുഴ | എറണാകുളം | മംഗലാപുരം | ശ്രീരംഗം |
| ആലുവാ | കാരായ്ക്കുടി | മെർകാറാ | തലശേരി |
| ബാംഗ്ളൂർ | കോട്ടയം | മൂന്നാർ | തിരുവല്ല |
| ബോംബെ | കുംഭകോണം | നാഗരുകോവിൽ | തിരുപ്പൂർ |
| കോഴിക്കോട് | മദ്രാസ്:— | ഉട്ടക്കമണ്ഡ് | തിരുനൽവേലി |
| ചങ്ങനാശേരി | | പാലക്കാട് | തൃശിനാപ്പള്ളി |
| കൊച്ചി | 1. ബ്രാഡ്‌വേ | പറവൂർ | തൃശ്ശൂർ |
| കോയമ്പത്തൂർ | 2. മൗണ്ട്റോഡ് | പെരുമ്പാവൂർ | തൃപ്പൂണിത്തുറ |
| കുന്നൂർ | 3. മൈലാപ്പൂർ | പൊള്ളാച്ചി | തിരുവനന്തപുരം |
| കൊളമ്പ് | 4. വെപ്പറി | പുതുക്കോട്ട | തൂത്തുക്കുടി |
| ദേവികുളം | മധുര | കൊല്ലം | ഉഡുമൽപെട്ടി |
| ഡിൻഡിഗൽ | മാർത്താണ്ഡം | സേലം | വിരുദുനഗർ |

ഉത്തരേന്ത്യയിലെങ്ങും ഏജൻസികൾ, ബാങ്കിങ് സംബന്ധിച്ച എല്ലാ പ്രവൃത്തനങ്ങളും നടത്തപ്പെടും

കെ. സി. ഈപ്പൻ, ബി. എ.
മാനേജിങ് ഡയറക്ടർ

നിവൃത്താൻ നിവ്വാഹമില്ലാത്ത ഒരു വികാരവീചിയിൽപെട്ട്, ഞാൻ അവരെ രണ്ടുപേരെയും ഒന്നിച്ചു വാരിയെടുത്തു് തുരുതുരെ ചുംബിച്ചു. എന്റെ കണ്ണുകൾ അപ്പോൾ നല്ലപോലെ നനഞ്ഞിരുന്നു.

* * *

കാർ അതിവേഗത്തിൽ പാഞ്ഞുപോയി, അതി മനോഹരമായ ഒരു ബാംഗ്ലാവിനുമുമ്പിൽ ചെന്നുനിന്നു. എല്ലാം എനിക്കൊരു സ്വപ്നംപോലെ തോന്നി. ഒന്നാംതരം ഒരു യൂറോപ്യൻ ബംഗ്ലാവെന്ന് തോന്നത്തക്കവണ്ണം അത്ര ഭംഗിയായി ആ ബംഗ്ലാവും അതിന്റെ പരിസരങ്ങളും സൂക്ഷിച്ചിരുന്നു. അതിന്റെയെല്ലാം ഏക നാഥയായി ഭായിയും അവശേഷിച്ചിരുന്നു.

എന്റെ ജീവിതനാടകം ഞാൻ വിചാരിച്ചതുപോലെ ശോകാത്മകമായ ഒന്നല്ലെന്ന് ഭായിയുടെ ആത്മകഥകേട്ട ശേഷം എനിക്കു പൂർണ്ണമായും ബോദ്ധ്യംവന്നു. വളരെക്കാലം അവൾ എനിക്കായി കാത്തിരുന്നു; പക്ഷേ എന്നെ സംബന്ധിച്ച യാതൊരു വിവരവും അവൾക്കു ലഭിച്ചില്ല. 18-ാമത്തെ വയസ്സിൽ അവളുടെ വിവാഹം കഴിഞ്ഞു. അവളുടെ എതഭീഷ്ടങ്ങളും സാധിച്ചുകൊടുക്കാൻ എപ്പോഴും സന്നദ്ധനും അതിയോഗ്യനുമായ ഒരു കുബേരകുമാരനായിരുന്നു അവളുടെ ഭർത്താവ്. എഫ്. എം. എസ്.ൽ ഒരു വ്യാഴവട്ടക്കാലം സകല പരമാനന്ദങ്ങളും അനുഭവിച്ചു. അതിനിടയിൽ രണ്ടു ഓമന സന്താനങ്ങൾ അവൾക്കു ജാതരായി. ഈ ലോകത്തിൽകാമ്യമായും എന്നാൽ അവൾക്കു അപ്രാപ്യമായും യാതൊന്നും ശേഷിച്ചിരുന്നില്ല. എങ്കിലും, അവയൊന്നും, ഭായിയുടെ ഹൃദയത്തിന്റെ ആഴത്തിൽ മൂകമായിക്കിടന്ന ജീവിതവിപഞ്ചിയിൽ യാതൊരു മധുരാലാപവും പുറപ്പെടുവിച്ചില്ല. ജീവിതം ഒരു മൃഗതൃഷ്ണയായി മാത്രം തോന്നത്തക്കവണ്ണം, മർമ്മസ്പൃക്കും സൂക്ഷ്മവുമായ ചില ബാല്യകാലസ്മരണകൾ അങ്ങനെയിരിക്കുമ്പോൾ അവളെ പീഡിപ്പിക്കാതിരുന്നിട്ടില്ല. അവയെല്ലാം അവൾക്കന്നും ഇന്നും ഏററവും പ്രിയപ്പെട്ട ഒരു "കാളേജുവിദ്യാർത്ഥി"യുടെ സ്നേഹാകുലമായ കണ്ണുകളുമായി ബന്ധിക്കപ്പെട്ടിരുന്നവയത്രെ. ലോകത്തു് ആ 'വിദ്യാർത്ഥി'പോലും ആ വിവരംഅറിഞ്ഞിട്ടില്ല. രണ്ടുകൊല്ലംമുമ്പെ ഭായിയുടെ "പ്രിയതമൻ" അപ്രാപ്തകാലത്തിൽ ദേഹവിയോഗംചെയ്തു. അതോടുകൂടി അവളുടെ സകല സൗഭാഗ്യങ്ങളും തുലഞ്ഞു. മനഃസ്വാസ്ഥ്യത്തിനുവേണ്ടി അവൾ പല രാജ്യങ്ങളിലും സഞ്ചരിച്ച് ഒരാഴ്ച മുമ്പെ സ്വജനങ്ങൾ ആരുമില്ലാത്ത സ്വദേശത്തു്, ആ മനോഹര സൌധത്തിൽ സ്ഥിരതാമസത്തിന് മടങ്ങിയെത്തി!

എന്റെ ജീവിതത്തിലെ ആ പ്രഭാതനക്ഷത്രം ഞാനറിയാതെ എത്രയെത്ര നിശാകാലങ്ങളിൽ മൂകമായി, അതിന്റെ തുംകതിരുകൾ നാലുപാടും നീട്ടി, നിസ്സാരനായ എന്നെ എവിടെയെല്ലാം അന്വേഷിച്ചില്ല?

—:—



കെ. കേശവൻ ബി. എ., ബി. എൽ.

ബോർഡ്മെമ്പർ എസ്. എൻ. ഡി. പി. യോഗം. കമ്മിററിമെമ്പർ, സംയുക്തരാഷ്ട്രീയ കാൺഗ്രസ്. ഇദ്ദേഹമാണ് അടുത്തുവരുന്ന നിയമസഭാതെരഞ്ഞെടുപ്പിൽ ശ്രീമൂലംഅസംബ്ളിയിലേക്കു കരുനാഗപ്പള്ളി-കാർത്തികപ്പള്ളി നിയോജകമണ്ഡലത്തിൽ എസ്. എൻ. ഡി. പി. പാർലിമെൻററി ബോർഡിനാലും സംയുക്തരാഷ്ട്രീയകാൺഗ്രസ് പാർലിമെൻററി ബോർഡിനാലും അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥാനാർത്ഥി.

## ചിത്രപ്രശ്നം

നമ്പർ ൨

സമ്മാനവിവരം

അടുത്ത ലക്കത്തിൽ


# എസ്. റി. റെഡ്യാർ & സൺസ്

## വി. വി. പ്രസ് ആൻഡ് ബുക്കുഡിപ്പോ

## ഹെഡാഫീസ് : കൊല്ലം

ബുക്കുഡിപ്പോകൾ

ബ്രാഞ്ചുകൾ—ആലപ്പുഴ, ചങ്ങനാശേരി, കോട്ടയം, കൊട്ടാരക്കര, ചെങ്ങന്നൂർ

വായിക്കാൻ തുടങ്ങിയാൽ താഴത്തുവയ്ക്കാത്ത നോവലുകൾ

| | | ക. | ണ. | പ. | | | ക. | ണ. | പ. |
|---|---|---|---|---|---|---|---|---|---|
| 1. | ജയകേസരി | 1 | 0 | 0 | 3. | ഭാസ്കരവിലാസം | 1 | 0 | 0 |
| 2. | അനന്തമോഹനദാസ് അഥവാ ജയകേസരിയുടെ വിക്രമങ്ങൾ | 1 | 4 | 0 | 4. | വിക്രമസിംഹൻ | 0 | 8 | 0 |
| | | | | | 5. | ലീലാസുകുമാർ | 0 | 4 | 0 |
| | | | | | 6. | രാധാഗോപാൽ | 0 | 4 | 0 |

ഇവ ഓരോന്നിലേയും ചമൽകൃതമായ ഇതിവൃത്തവും അത്ഭുതാനന്ദജനകമായ ഘടനാവൈചിത്ര്യവും, അസ്വാദ്യങ്ങളായവർണ്ണനകളും, സരസലളിതമായ ഭാഷാരീതിയും നിങ്ങളെ ഹഠാദാകർഷിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. കഥാമർമ്മത്തെ മറച്ചു വെച്ചുകൊണ്ട് രസവിഛേത്തിക്കൂടാതെ വായനക്കാരുടെ ഹൃദയത്തെ അവസാനംവരെ കവർന്നുകൊണ്ടു പോകുന്ന കഥാബന്ധങ്ങളും, ആരെയും അത്ഭുതപരവശരാക്കുന്ന പരിണാമഗുപ്തിയും നാനാരസസംപൂർണ്ണങ്ങളും സരസകോമളങ്ങളുമായ വർണ്ണനകളും, ആക്കം ആനന്ദത്തെ ജനിപ്പിക്കുന്ന രചനാസൌകുമാര്യവും തികഞ്ഞ ഈ വിശിഷ്ടകൃതികൾ സഹൃദയന്മാരായ നിങ്ങളുടെ സവിശേഷമായ ആദരത്തെയും അഭിനന്ദനത്തെയും അർഹിക്കുന്നവയാണ്.

കൂടാതെ മലയാളത്തിലുള്ള മററു എല്ലാ മലയാളപുസ്തകങ്ങളും വില്പനയ്ക്കുണ്ട്. ക്യാററലാഗ് ആവശ്യമുള്ളവർ മുക്കാൽ ചക്രം സ്റ്റാമ്പ് അയച്ചുതന്നാൽ ക്യാററലാഗ് അയച്ചു കൊടുക്കപ്പെടും

എസ്. റി. റെഡ്യാർ & സൺസ്, വി. വി. പ്രസ്, കൊല്ലം.

## ഇതു നിങ്ങൾക്കറിയാമോ?

—:—

ഇൻഡ്യയിൽ മരണനിരക്ക് ഏററവും വർദ്ധിച്ചിരിക്കുന്നതു് സെൻട്രൽ പ്രാവിൻസസിലും ഏററവും കുറഞ്ഞിരിക്കുന്നതു് അസ്സാമിലുമാണ്. സെൻട്രൽ പ്രാവിൻസസിൽ 33.05 ശതമാനവും അസ്സാമിൽ 23.08 ശതമാനവുമാണ് മരണനിരക്ക്.

* * *

ഹൈന്ദവരാജ്യമെന്ന് പറയുന്ന ഇൻഡ്യയിൽ 10,000ത്തിന് 6824 പേർ വീതമേ ഹിന്ദുമതാവലംബികളായുള്ളു.

* * *

വിധവകൾ ഏററവും കൂടുതൽ ബംഗാളിലാണ്. അവിടെ 1000 സ്ത്രീകളിൽ 226 പേർ വീതം വിധവകളാണ്.

* * *

ബർമ്മായിലാണ് ഭ്രാന്തന്മാരുടെ സംഖ്യ മുന്നിട്ടുനില്ക്കുന്നതു്. അവിടെ 1000ത്തിനു 88 ഭ്രാന്തന്മാർവീതമുണ്ട്.

* * *

കുരുടന്മാർ ഏററവും കൂടുതൽ ഉത്തരഇന്ത്യയിൽ അജ്മീർ-മെർവാറയിലാണ്. അവിടെ ലക്ഷത്തിനു 383 പേർ വീതം കുരുടന്മാരാണ്.

* * *

ഇൻഡ്യയിലെ ഏററവും പഴക്കംചെന്ന മുനിസിപ്പാലിററി അഹമ്മദബാദിലേതാണ്. 1834-ൽആണ് അതിന്റെ ആരംഭം.

* * *

ഇൻഡ്യയിലെ ഗ്രാമവാസികളിൽ 90 ശതമാനവും കർഷകവൃത്തികൊണ്ടു ഉപജീവിക്കുന്നവരാണ്.

* * *

ഇൻഡ്യാക്കാരിൽ 90 ശതമാനവും ഗ്രാമവാസികളാകുന്നു.

* * *

ലോകത്തിലെ ആകെ നിരക്ഷരന്മാരിൽ മൂന്നിലൊരുപങ്കു ഇൻഡ്യയിൽ നിവസിക്കുന്നു.

* * *

കല്ക്കട്ടാ കോർപ്പറേഷന്റെ (മുനിസിപ്പാലിററി) അടുത്തയാണ്ടത്തെ വരവ് 247 ലക്ഷം രൂപയും ചെലവ് 267 ലക്ഷം രൂപയുമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. കല്ക്കട്ടാനഗരത്തിലെ ജനസംഖ്യ 15 ലക്ഷമാണ്.

* * *

സ്വീഡൻ രാജ്യക്കാരനായ നെയിൽ പോസൻ എന്ന വൃദ്ധൻ 1907-ൽ മരിക്കുമ്പോൾ അയാൾക്കു 160 വയസ്സ് പ്രായമുണ്ടായിരുന്നു. തത്സമയം ജീവിച്ചിരുന്ന അയാളുടെ രണ്ടു പുത്രന്മാരിൽ മൂത്തവന് 103—ം ഇളയവന് 9—ം വയസ്സ് പ്രായമാണുണ്ടായിരുന്നതു്.

* * *

വളരെ പ്രായംചെല്ലുന്നതുവരെ ജീവിച്ചിരുന്ന ഗോർജിയസ് എന്ന ഗ്രീക്ക് തത്വജ്ഞാനി ജനിച്ചതു് ഒരു ശവപ്പെട്ടിയിലായിരുന്നു. ഗർഭണിയായിരുന്ന അദ്ദേഹത്തിന്റെ മാതാവ് ജ്വരംപിടിപെട്ട് മരിക്കുകയും അടക്കംചെയ്യുന്നതിനായി ശരീരം പെട്ടിയിലാക്കുകയുംചെയ്തതിനുശേഷമാണ് പ്രസവം നടന്നതു്.

* * *

ഹോളൻഡ് രാജ്യത്തിന്റെ തലസ്ഥാനമായ ഹെയിഗ് നഗരത്തിലെ ഒരു പുരാതനകെട്ടിടത്തിൽ ഒരു ലിഖിതം സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നതു് ഹോളൻഡിലെ പ്രധാന പ്രഭുവായ കൗണ്ട് ഫ്ളോറൻറിന്റെ പുത്രി മാർഗററ് 1276-മാണ്ടു ഈസ്ററർ ദിനത്തിന്റെ തലേവെള്ളിയാഴ്ച രാവിലെ ഒൻപതുമണിക്കു ആൺകുട്ടികളും പെൺകുട്ടികളുമായി 365 കുഞ്ഞുങ്ങളെ പ്രസവിച്ചു എന്നും തള്ളയും കുഞ്ഞുങ്ങളും ഏതാനും ദിവസങ്ങൾക്കകം മരിക്കുകയാൽ എല്ലാവരേയും ഒരു ശവക്കല്ലറയിൽ തന്നെ അടക്കിയെന്നുമാണ്.

—:—


## സ്വരാജ്യഫാർമസി

(രജിസ്റ്റർ ചെയ്യപ്പെട്ടതു്)

ഹെഡ് ആഫീസ് : ആലുവാ (തിരുവിതാംകൂർ)

“ദക്ഷിണേന്ത്യയിലെമാതൃകാവൈദ്യസ്ഥാപനം”

ഇന്ത്യയിലും ഇതരരാജ്യങ്ങളിലും ഒരുപോലെ പ്രശസ്തിയും പ്രചാരവും സിദ്ധിച്ചിട്ടുള്ള ഞങ്ങളുടെ **ആയുർവേദ ഔഷധങ്ങൾ** വരുത്തി ഉപയോഗിപ്പിൻ

രോഗവിവരം വിശദമായി അറിയിക്കുന്നതായാൽ ശാസ്ത്രീയമായി ചികിത്സ നിശ്ചയിച്ച് ഔഷധങ്ങൾ വി. പി. മൂലം അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരത്തിന് മലയാളം, തമിഴ്, ഇംഗ്ലീഷ് ക്യാററലാഗുകൾക്കെഴുതുക

ബ്രാഞ്ചുകൾ

ചാലക്കുടി എറണാകുളം

## മാധവവിലാസം ടൈപ്പ്ഫൗണ്ട്റി

കഴിഞ്ഞ അനേകവർഷങ്ങളായി പ്രശസ്തമായ രീതിയിൽ നടത്തിവരുന്ന ഒരു സ്ഥാപനമാണ് പ്രസ്തുത ടൈപ്പ്ഫൌണ്ട്റി. കേരളത്തിലെ പല ഫൌണ്ട്റിക്കാരും ശാസ്ത്രീയമല്ലാത്ത രീതിയിൽ വാർത്തുവിടുന്ന അക്ഷരങ്ങളും ഞങ്ങളുടെ പക്കൽനിന്നു വാങ്ങുന്ന അക്ഷരങ്ങളും മററു മുദ്രാലയഉപകരണങ്ങളുംതമ്മിൽ പരിശോധിച്ചു നോക്കുന്നപക്ഷം അവ തമ്മിലുള്ള വൈശിഷ്ട്യം ഞങ്ങൾ പറഞ്ഞറിയിക്കാതെ മനസ്സിലാക്കാൻ കഴിയുന്നതാണ്. വിശിഷ്യാ ഈ ഫൌണ്ട്റിയുടെ ഉടമസ്ഥന്മാർ തന്നെ ജോലിക്കാരാകയാൽ വാർപ്പുരൂപീകരണത്തിൽ പ്രത്യേകം ശ്രദ്ധിക്കുമെന്നുള്ളതാണ് ഏററവും പ്രധാനം. ടൈപ്പ്ഫൌണ്ട്റി ഉടമസ്ഥന്മാർ ശമ്പളക്കാരെക്കൊണ്ടു ചെയ്യിക്കുന്നതാകയാൽ അവ വേണ്ടുംവണ്ണം ഉപയോഗയോഗ്യമായി വരിക അപൂർവമാണ്. കൂടാതെ ഞങ്ങളുടെ സ്പെഷ്യൽ വള്ളിവട്ടങ്ങൾ മററു ടൈപ്പ്ഫൌണ്ട്റിക്കാരെക്കൊണ്ടു ചെയ്യുവാൻ സാധിക്കാത്തതും പെട്ടെന്നു ഒടിയാതെ അക്ഷരങ്ങളെപ്പോലെ തന്നെ പഴക്കം നില്ക്കുന്നതും സാധാരണ ലെഡ്ഡ്ഇടൽ സമ്പ്രദായം കൂടാതെ കഴിക്കാവുന്നതും ആകുന്നു. ആകയാൽ മുദ്രാലയക്കാർ ഞങ്ങളുടെ ടൈപ്പുകളും മററു മുദ്രാലയ ഉപകരണങ്ങളും വാങ്ങി പരിശോധിച്ചു നോക്കുവിൻ. കൂടുതൽ വിവരങ്ങൾ കത്തു മുഖേനയോനേരിട്ടോ അറിയാവുന്നതാണ്.

മാനേജർ,

മാധവവിലാസം ടൈപ്പ്ഫൗണ്ട്റി, രാമേശ്വരംറോഡ്, കൊല്ലം

Reg. T. 11. & M. 2102 License No 76. dated 31-1-101

# കേരളകൗമുദി

ഞായറാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്

പത്രാധിപർ : സി. വി. കുഞ്ഞുരാമൻ

| പുസ്തകം 28 | തിരുവനന്തപുരം, 1112 കുംഭം 17 ഞായർ | ലക്കം 9 |
|---|---|---|

"കരവും കരുവുംകൊണ്ടേ കലകൾ നിലനിന്നിട്ടു"

By Appointment To H. H. THE MAHARAJA Of Travancore

## ശ്രീമൂലം ഫൈൻ ആട്ട്സ് ആൻഡ് ഐവറി വർക്സ്

തിരുവനന്തപുരം

കലർപ്പില്ലാത്ത ശുദ്ധസ്വദേശി ഗുണത്തിലും തരത്തിലും മെച്ചം

ഇൻഡ്യക്കു പൊതുവേയും തിരുവിതാംകൂറിനു പ്രത്യേകിച്ചും അഭിമാനിക്കാം. ഉത്തരവാദസഹിതം ഫൌണ്ടൻപേന, പെൻസിൽ, റിലീഫ്നിബ്ബ് ഇവ വരവിൽനിന്നും മെച്ചമായി ഇവിടെ തയ്യാറാക്കിവരുന്നു.

കൊമ്പ്, ചിരട്ട, ദന്തം മുതലായസാധനങ്ങളിൽ മനോഹരമായ എല്ലാതരം ബട്ടൺസും മൊത്തമായും ചില്ലറയായും ഏററവും കുറഞ്ഞവിലയ്ക്കു കിട്ടണമെങ്കിൽ ഞങ്ങളോടു ആവശ്യപ്പെടുക.

ദന്തം, വെള്ളി, സ്വർണ്ണം ഇവകളിൽ മനോഹരവും വിചിത്രതമവുമായ അനേകതരം ഉപയോഗസാമാനനിർമ്മിതിക്കു ഞങ്ങളുടെ സ്ഥാപനം കീർത്തികേട്ടതു്. അനശ്വരവും ദന്തനിർമ്മിതവും ആയ ഛായ, (ശ്രീരാമകൃഷ്ണ പരമഹംസർ, ശ്രീനാരായണഗുരുസ്വാമികൾ തുടങ്ങിയുള്ള മഹാത്മാക്കളുടെ) ലാക്കററ, പെൻഡൻറ മുതലായവകൾക്കു ഞങ്ങളോടാവശ്യപ്പെടുക. ഫൌണ്ടൻ പേനയുടെ എല്ലാതരം അററകുററവും മിതമായ ചാർജ്ജിൽ ചെയ്തുകൊടുക്കപ്പെടും.

മാനേജിംഗ് പ്രൊപ്രൈറ്റർ: എൻ. വേലുആചാരി

൧൧൧൨ കുംഭം

ആദ്യത്തെ രണ്ടാഴ്ചകളിലെ

സമ്മാനാർഹമായ നമ്പർ

## 8162

### കൊത്തുബ്ളാക്കുകൾ

എല്ലാത്തരം മുദ്രകളും, കളർ ബ്ളാക്കുകളും ലയിൻ ബ്ളാക്കുകളും വാൾനോട്ടീസ് ടൈപ്പുകളും മിതമായ ചാർജ്ജിൽ കൊമ്പിലും ലോഹങ്ങളിലും തടിയിലും ആഡർ അനുസരിച്ച് ക്ളിപ്ത സമയത്തു് ചെയ്തുകൊടുപ്പാൻ തയാർ. മറുപടിക്കു സ്ററാമ്പു സഹിതം ആവശ്യപ്പെടുക.

എസ്. എൻ. ഡി. പി. ബ്രാഞ്ചു് മുദ്രകൾക്കും എൻ. എസ്. എസ്. കരയോഗ മുദ്രകൾക്കും പ്രത്യേക സൗജന്യം.

ടി. ജി. വാസു, എൻഗ്രേവർ

കത്തിയതോട്

## സ്വർണ്ണാഭരണങ്ങൾ വില്പാൻതയ്യാർ

തനി പവനിൽ ചെയ്യിച്ചിട്ടുള്ള കാശുരൂപങ്ങൾ, മാലകൾ, വളകൾ, മോതിരങ്ങൾ, കമ്മലുകൾ, കല്ലുകമ്മലുകൾ, മുതലായവയും ഇമിറേറഷ്യൻ ചുവപ്പുകല്ലുകൾ, വെള്ളക്കല്ലുകൾ, റബ്ബർ വെള്ളക്കല്ലുകൾ മുതലായവയും വെള്ളി അരഞ്ഞാണം, വെള്ളിപ്പാത്രങ്ങൾ, പൂജാ പാത്രങ്ങൾ മുതലായവയും വില്പാൻ തയ്യാർ.

ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ക്യാററ്ലോഗിന് ആവശ്യപ്പെടുക.

ആഭരണങ്ങൾക്കാവശ്യമുള്ളവരുടെ ഇഷ്ടാനുസരണം ഏതു ഉരുപ്പടികളും ഭംഗിയായും മിതമായ ചാർജിലും ചെയ്തു കൊടുക്കുന്നതാണ്.

ചക്കുപുരയ്ക്കൽ ഇട്ടിയവിര അബ്രഹാം & സൺസ്

ആഭരണവ്യാപാരം,

ചങ്ങനാശേരി, തിരുവിതാംകൂർ

## ദന്ത വൈദ്യൻ

ഡാക്ടർ ടി. എം. ഉമ്മൻ,

എൽ. ഡി. എസ്സി.

ബാങ്ക്റോഡ്, കൊല്ലം. (ഡിസ്ട്രിക്ട് ആശുപത്രിക്കു പടിഞ്ഞാറെ റോഡ്)

വേദനയില്ലാതെ പല്ലുകൾ എടുക്കുക, പല്ലുകൾ വെയ്ക്കുക, പല്ലുകൾ അടയ്ക്കുക, പല്ലുകൾ കെട്ടുക, പല്ലുകളിൽ സ്വർണ്ണമേലചെയ്യുക മുതലായി ദന്തസംബന്ധമായി ആധുനികസമ്പ്രദായമനുസരിച്ചുള്ള എല്ലാത്തരംവേലകളും ചികിത്സകളും ഏററവും കുറഞ്ഞ നിരക്കിൽ എത്രയും തൃപ്തികരമായി ചെയ്തുകൊടുക്കുന്നതാണ്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും മിഷൻകാർക്കും സൌജന്യനിരക്ക്.

*Printed & Published by K. Krishnan Vydian at the Indira Printing Works, Pettah, Trivandrum*